I am confident that I will get the whole-hearted co-operation of all the students and all the staff, both teaching and non-teaching. Without the full and hearty co-operation and the whole-hearted support of the staff and students no principal can be successful. I would like to see the staff as a well-knit unit. Let me make use of this opportunity to request the full and hearty co-operation of all students and staff in discharging my duties as the Principal of this esteemed institution.

I do not intend to give any promises at this time. But I can assure you that there will be no favouratism and no prejuidices of any kind towards anyone or any organization, group or party. I expect the staff and students to be beyond groupism and party politics. I want the students not to be involved in party politics. Your purpose here is to study and you must concentrate on studies while you are students. But you must learn what is going on in this country and elsewhere. Students must learn politics and train themselves for leadership. The College Union can play an important role in this respect.

Students cutting classes is the biggest problem now. Let me request the students to attend all the classes. No student must be seen wandering about in the courtyards when classes are going on. If any class is free the students must spend the free time reading in the library. I am certain that the staff will persuade the students not to cut classes.

Before I conclude let me extend my best wishes to all the students who are leaving the College this year. I wish the best in your examinations and in your future life. Let me also offer my best wishes to the students of the junior classes, who have to take university examinations.

Let me conclude with this quotation from President Carter's inaugural address. "You have given me a great responsibility to stay close to you, to be worthy of you, and to exemplify what you are. Let us create together a new spirit of unity and trust. Your strength can compensate for my weakness, and your wisdom can help to minimise my mistakes. Let us learn together and laugh together and work together and pray together, confident that in the end we will triumph together in the right".

Thank you once again.

BEST COMPLIMENTS FROM

***BENNY PAUL***

***CHACKO HOSTEL***

for expert tailorings

**VENUS GARMENTS**

RAIL ROAD, ALWAYE

THE ASOK TEXTILES LIMITED

ASOKPURAM ALWAYE - 1 KERALA STATE

MANUFACTURERS OF SUPERIOR QUALITY

COTTON YARN COMBED AND CARDED

AND STAPLE FIBRE YARN

(IN HANKS AND CONES)

Counts : 20s to 100s

# UNION CHRISTIAN COLLEGE, ALWAYE—2

## AUDITED STATEMENT OF ACCOUNTS OF CHAKKAN'S FAMILY RELIEF FUND PASSED BY THE C. F. R. F. COMMITTEE AT ITS MEETING HELD ON 25—2—1977

| RECEIPTS | | PAYMENTS | |
|---|---|---|---|
| Contribution from Teaching Staff | 1,702-00 | Printing appeal, one Rupee Tickets, Receipts etc. | 94-00 |
| Contribution from Non-Teaching Staff | 383-00 | Correspondence | 69-75 |
| Contribution from former students and wellwishers | 2,841-70 | Cheque – Commission for | 2-20 |
| Sale of one Rupee Tickets by Non-Teaching Staff | 191-00 | Amount transferred to the Bursar, Union Christian College, to be spent for the relief of R. Chakkan's Family | 5,915-28 |
| Sale of one Rupee Tickets by students | 405-00 | | |
| Amount raised by Chemistry – Department Staff | 200-00 | | |
| Contribution from the College | 250-00 | | |
| Bank interest | 108-53 | | |
| TOTAL | 6,081-23 | TOTAL | 6,081-23 |

## AUDITORS' REPORT

We have audited the accounts of Chakkan's Family Relief Fund and found it correct.
We have obtained all the information and explanation necessary for the purpose of our audit.

ALWAYE-2,
2-2-1977

CHAIRMAN, C. F. R. F. COMMITTEE (Sd.) C. J. THOMAS (Sd.)

TREASURER, ,, ,, (Sd.) K. E. JOHN (Sd.)

IN THE SERVICE OF AGRICULTURE

UREA
AMMONIUM SULPHATE
SUPERPHOSPHATE
AMMONIUM PHOSPHATE (FACTAMFOS)
NPK COMPLEXES

IN THE SERVICE OF INDUSTRY

SULPHUR DIOXIDE
SULPHURIC ACID
ANHYDROUS AMMONIA
AMMONIUM CHLORIDE
SYNTHETIC CRYOLITE

THE FERTILISERS AND CHEMICALS, TRAVANCORE LIMITED
Udyogamandal - Kerala

Best Compliments from

M/S. M. K. KRISHNAN NAIR

GENERAL MERCHANTS & COMMISSION AGENTS

ALWAYE - 683101 ◆ Phone - 57

# ONCE UPON A TIME.............................

Once upon a time, I was an optimistic fool. Because only the most foolish of optimists could have had even the slightest of belief that the Government of India could be persuaded to accept a good idea. It is just not possible, however good the idea is; as I was to learn. All fools are not optimists. But necessarily all optimists are fools.

The story starts when I realised what exactly was wrong with our educational system. Typically in the style of all those great men and women, I was suddenly inspired. And it happened as I was going through the English Text Book of my eldest son. Incidentaly, he is doing his II Year in Class Three.

I was convinced that the root-cause of all the anachronisms of our '10 plus 2 plus 3 system' was ill conceived text books. Take for example my son's English text-book. All that was in there made no sense at all. Tales of Elephants playing with oranges ! Even a college-student will understand how nonsensical and illogical it is.

This was certainly the wrong way to do the right thing. What must instead be done should have been to explain (with illustrations) those immortal tales which have stood the test of time. (Eg : Jack & Jill, Rapunzel, Cinderla, etc. Those of you who have missed the original works may read 'Rapunzel And Other Tales Retold', authored by me and published on behalf of me by my esteemed wife). These stories must be explained in their proper context and historical perspective in a language which school-kids can comprehend.

And despite all the heavy pressures on my time, I persuaded myself to help reorganise and overhaul the educational system. I wrote several stories, all adapted from immortal works of the past and fit enough to be in any text book. Satisfied of a work well done, I forwarded them all

to the Chairman, Text Books Committee, Department of Education, Government of India, New Delhi, India.

But alas, the story does not end here. Almost a year later came a letter in an 'On India Government Service' cover. I presumed that it was a cheque. But it turned out to be a letter from the Chairman. "I am happy to inform you sir, that your stories cannot be considered for use in the text books. The committee has come to this unanimous decision as it is of the opinion that there is no valid reason as to why the existing syllabi should be subject to a change. Please be convinced that this does not in any way reflect on the merit of your work which we greatly acknowledge, appreciate and applaud".

Bastards. No wonder education in India is what it is. As courtesy requires, I wrote back: "Thank you dear sir, for your kind letter. I am afraid that though I fully agree with the last part of your letter; the first part, I violently disagree with". And ofcourse in due course (3 months) came the reply. "Received with thanks, your thanks for our letter".

I knew that the Department of Education had let me down. But I was not discouraged as I knew that I was on the right track. So I wrote to the then President of India - Shri. Fakhruddin Ali Ahmed, pleading for a Judicial Probe as to why my proposal was turned down. Though he does not personnally know me (which might be of surprise to you readers), Shri Ahmed wrote back within a week that he himself was helpless as the matter was entirely in the hands of the Text Book Committee.

This is the story hither to untold. But now I am convinced that in the interest of the large public interest, that the entire matter must atleast now be placed before the news media and the general public. I record my anguish and disappointment in the way our Educational Reformers work.

Sd/-

(Zachariah, Sunil Koshy)

Enclosed: Specimen copies of the stories I had submitted.

## 1. RIP VAN WINKLE

(Recommended for Non - detailed study)

Rip Van Winkle was a College - Lecturer. As all College - Lecturers are, our man was also dashing, daring, courageous, handsome, smart and bubbling with enthusiasm.

He taught a social science subject. (There is a school of thought that it was Economics. However, this like the theories of Economics is fundamentally deductive and uncorraboarated by historical evidence. Let us not quarrel about this simple problem. Enough to learn that it was a social science subject.)

Rip had to handle three classes each day, five days a week. But this was easy. Each morning he would come armed with a note book inherited from a predecessor in his career. And the rest was easy as he had a natural aptitude for lecturing.

Thus it went on happily for the first 11 years. But things got funny as the 12th year was born. The world around him seemed to have entirely changed when Rip woke on that fateful new - year - day. Changed beyond recogonition. Yes. You guessed it right. The syllabus changed! And Rip Van Winkle was confused. Just plainly confused. To the first student he saw, our man is reported to have asked: "What year is this?"

Questions — Objective type

(1) How many classes a day did Rip have to engage ?

(A) One (B) Five (C) Eleven
(D) None of these

Correct Answer – D

(2) What was Rip Van Winkle by profession ?

(A) Bus conductor (B) Policeman
(C) College Lecturer (D) Magician

Correct Answer – C

## 2. HUMPTY DUMPTY

(Recommended for Detailed Study)

Humpty Dumpty was Richard M. Nixon's G. G. (Great Grandfather). He was born and brought up in an age when electronic bugging devices which brought the downfall of Nixon were not even invented. Yet, Historians are of the opinion Nixon's bugging talents are derived from him.

Humpty's house had a wall on its front. The wall was ordinary looking and as high as all walls usually are. Our dear man's hobby was to climb up this wall. He enjoyed his hours on the wall. It gave him a 'high up' feeling. And also a feeling of being neither here nor there, like our own politicians.

Humpty never climbed other people's walls. Yet, his life's ambition is said to have been to climb up the "Great Wall of China".

All would have been well if this was all. But that was not all. Our dear Humpty learnt that he could listen to all the conversations of the people next door by sitting in a particular way on the wall. His days on the wall thus became doubly interesting and exciting. And he continued to sit on the wall for over six years. He would gladly have sat there for another two more years. If the President's Men had not discovered his trick and pushed him down !

P. S. This story is now a major 'Paramount' picture starring Sanjay Gandhi.

Questions — Essay Type

(1) Compare and contrast between Humpty and Jack of 'Jack & Jill'.

(2) "All would have been well if that was all. But that was not all" – Discuss.

(3) Describe in not more than 4 pages the feelings of Humpty Dumpty as he was sitting on the Wall.

ZACHARIAH SUNIL KOSHY
Class III Economics

# Psychology Association

*Respected teachers dear friends,*

With great proud and pleasure, I present before you the report of the activities of the Psychology Association during the year 1976-'77. The College Union helped us in many occasions and thank them for it. I must say here without any exageration that our association had always stood first in conducting our activities as compared to others.

The election was held on 17th Sept. '76. Mr. George Kurian ( Class II Psy. ) was elected as the Secretary with a majority of 51 votes. He was then elected to the College Union executive and nominated to the arts club committee.

So many eminnent personalities as Mr. M. M. Monaye, K. T. Joseph, Miss Vandana Halbae, Mr. E. D. Joseph, Dn. John Johnson, Mr. P. M. Chacko, Mr. K. Kunjikrishnan, Mr. A. M. Geevarghese, Sr. Mariamma Kalathil and Prof. Ramachandran Nair (Maharajas College) presented papers on various topics in the meetings arranged by our Association. The Psychology Association conducted its Valedectory function in which Dr. A. K. Baby who was the chief guest, gave a farewell message to the class III students.

I take this opportunity to thank those who have co-operated with us to make our programmes a great success.

GEORGE KURIAN
Secretary
Psychology Association

Alwaye,
28 - 3 - 1977


# THE PARUR CENTRAL BANK LIMITED,

(INCORPORATED IN KERALA STATE WITH LIMITED LIABILITY - ESTD. 1930)

**Registered Office : N. PARUR.**

ONE OF THE LEADING REGIONAL BANKS IN KERALA

WE OFFER EFFICIENT AND COURTEOUS SERVICE TO OUR CUSTOMERS

CUSTOMERS SATISFACTION IS OUR MOTTO

WE TOO PERMIT MINORS OF 14 YEARS & ABOVE TO OPEN DEPOSIT ACCOUNTS.

For Particulars Contact Our Nearest Branch.

D. T. CHALISERY M. A.,
Chairman.

## QUIZ CLUB

**President : Mr. P. D. Johny M. A.**
**Secretary : Mr. N. S. Vijaya Kumar**

The Quiz Club started functioning on 3rd of August 1976. We conducted 16 programmes covering - Literature, Science Sports etc. The teaching staff as well as the members of the club conducted Quiz programmes.

In all the eight competitions we participated we were able to bring laurels to the college. We were awarded the Ist place in Crescent Society Quiz competition. We won the trophy for the best team in Physics Quiz in Maharajas College.

It was our fine performance, that inspired College Union to conduct 2 Quiz competitions and AIR one.

We also conducted a Quiz competition to select best Quiz members. 2 prizes were awarded to them.

We are proud of the fact that our Club was able to achieve its ends, with the sincere co-operation of staff and students. We use this opportunity to thank all those who participated in our activities.

(Sd).

Secretary

## PLANNING FORUM

**President : Mr. Jacob Koshy M. A.**
**Secretary : Mr. Tito. K. Cherian**

Unfortunately, the Planning Forum of our college started functioning only very late in the year. We could avail only a short time span of only one month to execute our programmes. Yet, we were able to conduct three Socio-Economic Surveys to study the problem of the Pot makers. The report has been sent to the Small Scale and Cottage Industries Board for immediate actions. Essay and elocution competition were conducted with the assistance of the Field Publicity Department and three of our members were sent for leadership training.

(Sd).

Secretary

# GOODWILL COLLEGE

(U. C. COLLEGE P. O.)

Special Tuition in

**ENGLISH, HINDI, MATHS & SCIENCE**

For

**P. D. C., B. A., B. Sc. and M. A.**

Mr. A. A. RAHMAN M. A. (formerly of Islamia College, Santhapuram) & Rev. K. S. ABRAHAM (formerly of U. C. College & St. Xaviers)

**are in our ENGLISH Department**

OUR STAFF

| | | | |
|---|---|---|---|
| SEBASTIAN TOM | M. A. (Lit:) | ABRAHAM JOSEPH | M. A. |
| IBRAHIM KUTTY | M. A. (Lit:) | C. VIDYADHARAN | M. Sc. |
| N. M. SHARAF | M. A. (Lit:) | P. ABDUL RAHMAN | M. Sc. |
| V. I. SALIM | M. A. | Miss. JOLLY MATHEW | M. Sc. |

Director :
**Prof: C. P. ANDREWS**
(Retd. Prof. of U. C. College)

Principal :
**A. M. ASHRAF** *B. Sc., L. L. B.*

Best Compliments from

SWAPNA WINES

ALWAYE

With Best Compliments from

M/S. V. K. ABDUL RAHIMAN

general merchants and pharmaceutical wholesale distributors

H. O. MARKET ROAD, ALWAYE

Branch: Mini Stadium Shopping Centre, Ernakulam.



സെക്രട്ടറിയുടെ കൃതജ്ഞത • യൂണിയന് ആശംസകൾ – സച്ചിദാനന്ദൻ • ഉത്ഘാടന പ്രസംഗം

## കോളേജ് യൂണിയൻ ഉത്ഘാടനം

യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷപ്രസംഗം • ഉത്ഘാടനം പ്രൊഫ: S. K. വസന്തൻ







കടമ്മനിട്ട രാമകൃഷ്ണൻ, മുല്ലനേഴി നീലകണ്ഠൻ, സച്ചിദാനന്ദൻ, ഡി. വിനയചന്ദ്രൻ തുടങ്ങിയവർ

## സർവ്വകലാശാലയുടെ ചരിത്രത്തിലാദ്യം

കോളേജ്യൂണിയൻ സംഘടിപ്പിച്ച 'സിനിമാ സാഹിത്യ ശില്പശാലയിലെ' പ്രധാനയിനം
'കവിയരങ്ങ്'

---

### മംഗളം — സ്വാഗതം

പ്രിൻസിപ്പാൾ യാത്ര ചോദിക്കുന്നു



പുതിയ പ്രിൻസിപ്പാളിന് സ്വാഗതം





നിഴൽപ്പാലത്തിലെ (മികച്ചനാടകം)
ഒരു രംഗം



കലാധരൻ
മിമിക്രിയിൽ ഒന്നാംസ്ഥാനം

# കലോത്സവം

പി. മാലതി
(നല്ല ഗായിക)



അജിത് കുമാർ
നല്ല ഗായകൻ

റഹ്മാൻ
ഏകാഭിനയത്തിൽ ഒന്നാംസ്ഥാനം

പി. ആർ. രവി
നല്ല നടൻ









ജോൺ പി. ജോൺ–വാദ്യസംഗീതത്തിൽ നൈപുണ്യം



ജിക്ക ചാക്കോ–ഏകാഭിനയത്തിൽ സർവ്വകലാശാലാ അംഗീകാരം



സുബ്രഹ്മണ്യൻ–നല്ലനടൻ
(ആർട്ട്സ് കേരള)

നല്ല നടൻ
(ഇൻറർ കോളീജിയേററ്
യുവജനോത്സവം )
യു. സി. സി.



വിജു എസ്സ്. ജോർജ്ജ്

പാശ്ചാത്യ
സംഗീതത്തിന്
ഒന്നാം സ്ഥാനം
(ആർട്ട്സ് കേരള)



റബേക്ക തോമസ്

## കോളേജ് യൂണിയൻ സംഘടിപ്പിച്ച അന്തർകലാശാലാ യുവജനോത്സവം

കോളേജ് ആർട്ട്സ് ക്ലബ്ബിന്റെ 'ഹേരൽ എന്ന പക്ഷി'
എന്ന നാടകത്തിലെ ഒരു രംഗം



പ്രിൻസിപ്പാൾ സമ്മാനദാനം നിർവ്വഹിക്കുന്നു.





കോളേജ് ഡിബേററിങ്ങ് ടീം
മാതൃഭൂമി ഷീൽഡ് ഏററുവാങ്ങുന്നു.

ശ്രീ. വേണുക്കുട്ടൻ നായർ സിനി ക്ലബ്ബ് ഉത്ഘാടനം ചെയ്യുന്നു.
ശ്രീ. ശങ്കരൻ നായർ, ശ്രീ. മോഹൻ തോമസ്സ് എന്നിവർ വേദിയിൽ



പി. ആർ. രഘു



യൂണിയൻ ഭരണസമിതിയംഗം

ഷംസുദ്ദീൻ



സെക്രട്ടറി
നാഷണൽ സർവ്വീസ് സ്കീം

രാജു താടിക്കാരൻ



യൂണിയൻ ഭരണസമിതിയംഗം
& സെക്രട്ടറി ചാക്കൊ ഹോസ്റ്റൽ

Fr. എം. ടി. ജോസഫ്



യൂണിവേഴ്സിറ്റിയുടെ
സർവ്വോത്തമമെഡൽ
(പ്രസംഗം) നേടി.

കുഞ്ഞുമോൻ പോറം



ഖജാൻജി
ചാക്കൊ ഹോസ്റ്റൽ

വത്സ വർഗ്ഗീസ്



സെക്രട്ടറി
മലയാളം അസോസിയേഷൻ





അദ്ധ്യക്ഷവേദി — ഒരു വീക്ഷണം

സ്വാഗതപ്രസംഗം

## കോളേജ് ദിനാഘോഷം

മുഖ്യാതിഥി — ഡോ: മാർക്കോസ്





ജോർജ്ജ്

## പൊലിഞ്ഞ ദീപങ്ങൾ



ശോഭനാദേവി

# മലയാളവിഭാഗം

## താളുകളിലൂടെ

വേണു വി. ദേശം

പിയേഴ്സൺ എൻ. എം.

മോനായി എം. എം.

വത്സല ബി.

ജോസ് ഫിലിപ്പ് എം.

രവീന്ദ്രൻ എൻ.

വിക്രമദാസ്

ടിറോറ കെ. ചെറിയാൻ

വിനയചന്ദ്രൻ ഡി.

സച്ചിദാനന്ദൻ

സാറാ തോമസ്

ജോസ് എം. വി.

ജമീല മേരി ചെറിയാൻ

വസന്ത ടി.

വേണുഗോപാൽ എം.

തോന്നയ്ക്കൽ നാരായണൻ

അശറഫ് പി. കെ.

നൈനാൻ തരിയൻ

രാമകൃഷ്ണൻ ടി. ഡി.

# ചാവേർപ്പട

ഒടുവിൽ നാമീവാളുംപേറി–
ക്കരിനാഗങ്ങളിഴഞ്ഞുനടക്കും
ഇത്തരം വീഥികളിതിലിനിയുമുദിക്കാൻ
വൈകമുഷസ്സും കാത്തുവലഞ്ഞു.

നമ്മുടെ കണ്ണിൽ ചത്തകിനാക്കാം
പടർത്തിയശൂന്യത, ചുറ്റും മൃതിയുടെ
നിഴലുകൾ വീഴ്കേ, നെഞ്ചിലൊരായിര–
മായിരമഗ്നിഫണങ്ങൾ.

മാമാങ്കം.
ഇന്നേമാമാങ്കം.

ഉണ്ണും പുകയുംനെഞ്ചിൽ, ചുറ്റിലു–
മൊഴുകിപ്പടരും ചുഴലിക്കാറ്റുകൾ.
കണ്ണീർപ്പ്രളയിലൊഴുകുന്നു, തൻ
ഭാര്യചുരത്തിയകണ്ണീരിൻകാ
വീണനനഞ്ഞഹൃദന്തം.

മെഴുതിരിയായിട്ടുരുകിത്തീരും,
നീലക്കണ്ണുകളും.
തിരികളും കെട്ടുവിളക്കുകളും.
വിശപ്പാൽ വിളറും കുഞ്ഞുങ്ങളും.

കാരണവന്മാർ കയ്യിൽത്തന്ന
വരണ്ടുകറുത്ത കഠാരം.

(മൃതിയുടെ തുറമിഴിനീളംവക്കുകളും;
പതറിപ്പോയസ്വരങ്ങളും)
നമ്മളും നെഞ്ചിൽച്ചുടലയുമായി–
ച്ചാടിയിറങ്ങും, നമുക്കുകിട്ടിയ
വായ്ത്തല മങ്ങിയ വാളിൻതുമ്പുകളും
തമ്മിലടിക്കും.
നമ്മുടെ മൃതിസ്വപ്നങ്ങളും
ദാഹം തീർന്നു പറക്കും.
നമ്മളും നിഴലും, കൂട്ടില്ലാത്തോർ,
പാഴ്‌നിധിതേടിപ്പാടിനടപ്പൂ.
ചോറുതരുന്നോർ, വിധിയെഴുതുന്നോർ,
തോലുകളുംപാകിയചെണ്ടയിലുച്ചം
താളം പൂശിരസിപ്പൂ.

പിളരും നെഞ്ചിലുയർന്നുതുടിപ്പൂ.
ശവനക്ഷത്രങ്ങളും, ദുഃഖത്തിൻ
ഗ്രണനചിഹ്നങ്ങളും, മൗനത്തിൻ
തരംഗഫേനങ്ങളും.

ഒടുവിൽസ്വയമീക്കുരിശും
പേറിയലഞ്ഞുവലഞ്ഞും
ദാഹത്തിൻതിരിമനസ്സിൽച്ചൂടിയമീ
ശരശയ്യയിൽവീണുകിടക്കേ——
കാതോർക്കൂ –– ചിറകടികഴുകന്റേതോ?

വേണു. വി. ദേശം
ക്ലാസ്സ് I എക്കണോമിക്സ്



# നീ വരും വരും എന്ന പ്രതീക്ഷ

മന്വന്തരങ്ങളായി—, ബ്രഹ്മാണ്ഡത്തിന്റെ ഏതോ ഒരപൂർണ്ണ ദിശയിൽ ഭൗമസന്ധികളുടെ പരിണാമങ്ങളും വീക്ഷിച്ച്, എന്റേതായ പ്രതീക്ഷകളുടെ മേലാപ്പും പേറി, കാത്തിരിപ്പിന്റേതായ ദിനങ്ങളിൽ ഉയർന്നു വരുന്ന അക്കങ്ങളെ വെള്ള പൂശി ഞാൻ ഇരിക്കുന്നു.

ഈ കാത്തിരിപ്പ് നിനക്കുവേണ്ടിയാണ്.
നീ വരുക
നിന്റെ വരവിൽ......
നിന്റെ വരവിന്റെ ലഹരിയിൽ .....
നിന്നിൽ അലിഞ്ഞു ചേരുക – അതാണെന്റെ ലക്ഷ്യം.

ഈ കാത്തിരിപ്പിന് അന്ത്യമില്ല.

അഥവാ ഉണ്ടെങ്കിൽ തന്നെ – അത് എന്റെ അന്ത്യമായിരിക്കും. അപ്പോഴും നിനക്കു വേണ്ടിയുള്ള കാത്തിരിപ്പിന്റെ അന്ത്യം നിലവിൽ വരുന്നില്ല. എനിക്കു പകരം എന്റെ പിന്നാലെ വരുന്നവർ കാത്തിരിക്കുന്നു. അങ്ങനെ നിനക്കു വേണ്ടിയുള്ള കാത്തിരിപ്പ് അനവരതം അനസ്യൂതം തുടരുന്നു.

ഈ കാത്തിരിപ്പിന്റെ മുഹൂർത്തങ്ങളാം എന്റെ പ്രജ്ഞയുടെ തന്നെ മുളപൊട്ടലുകളുടെ നിമിഷങ്ങളാണ്, അതുകൊണ്ട് അവ എന്നെ സംബന്ധിച്ചിടത്തോളം അപ്രധാനമാണ്. ഏതോ അജ്ഞേയ ശക്തി ക്ലിപ്തപ്പെട്ട കാലത്തിന്റെ സൂക്ഷ്മ ചലനങ്ങളിൽ വികൃതമായ വിഹ്വലതകളെ സൃഷ്ടിച്ച് എനിക്കജ്ഞാതമായ വസ്തുക്കളുടെ വരവും കാത്ത് ഒറ്റപ്പെട്ടതെന്ന് തോന്നിക്കുന്ന നിമിഷ ബിന്ദുക്കളിൽ അറിയാതെ കടിച്ചു തൂങ്ങി ഞാൻ കാത്തിരിക്കുന്നു.

ഇവിടെ—ഈ ഇലകൊഴിഞ്ഞ വൃക്ഷത്തിന്റെ ചില്ലകളാം സൃഷ്ടിക്കുന്ന വിളറിയ നിഴൽപ്പാടുകളിൽ...... ......................

അറുതിയില്ലാത്ത അശുഭ ദിനത്തിന്റെ തുടക്കം. ആദ്യമായി പെയ്ത മഴയിൽ കുളിച്ചു നില്ക്കുന്ന അന്തരീക്ഷം. കുളിരേകുന്ന കുഞ്ഞിക്കാറ്റ്. നനഞ്ഞ മണ്ണിൽ നിന്നുയരുന്ന മദ ഗന്ധം. ഏതോ അജ്ഞേയ ലഹരിയുടെ തഴുകലിൽ ആലസ്യമുക്തനായി നിന്റെ വരവിന്റെ ലഹരിയുമായി ഞാൻ ലയിച്ചിരുന്നു.

പീയേഴ്സൺ. എൻ. എം.
ക്ലാസ്സ് II കെമിസ്ട്രി

വിളറിയ പ്രഭാത ചിഹ്നങ്ങളെ അപ്രത്യക്ഷമാക്കിക്കൊണ്ട് ഉറഞ്ഞുകൂടിയ മഞ്ഞിൻ കണങ്ങളെയും അതു വഴി തണുപ്പിനെയും ഇല്ലായ്മ ചെയ്തുകൊണ്ട് സൂര്യൻ തന്റെ നിലനില്പിനെ സാധൂകരിച്ചു.

രാശി ചക്രങ്ങളുടെ കള്ളക്കളിയിൽ ആമുക്തനായി എന്റെ കാത്തിരിപ്പിന്റെ വ്യാഖ്യാനത്തെ ന്യായീകരിച്ചുകൊണ്ട് അനന്തതയിലെ ചുവന്ന ബിന്ദുവിലേക്ക് ദൃഷ്ടിയൂന്നി നിന്റെ വരവിന്റെ സാധ്യതം സിരകളിലുയർത്തി ഉപഗുപ്തനെ കാത്തുകിടന്ന വാസവദത്തയെപ്പോലെ ഞാനിരുന്നു.

ഉച്ചവെയിലാറി. ഇപ്പോൾ കത്തിക്കാളുന്ന ചൂടില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അവ എന്നെ സംബന്ധിച്ചിടത്തോളം ഇല്ലാതായിരിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം നിന്റെ വരവാണ് പ്രധാനം. അല്ലാത്തതെല്ലാം അപ്രധാനവും. നിന്റെ വരവും പ്രതീക്ഷിച്ച് നഗരത്തിന്റെ അററത്ത്, ഗ്രാമത്തിന്റെ തുടക്കത്തിൽ, ഉയർന്നു നില്ക്കുന്ന അപ്രമേയമായ വൃക്ഷച്ചുവട്ടിൽ പച്ചിലകൾ സൃഷ്ടിക്കുന്ന മങ്ങിയ നിഴലിൽ, വെയിലും മഴയും ഏല്ക്കാതെ, ഇരുട്ടും വെളിച്ചവും തിരിച്ചറിയാതെ നിന്റെ വരവെന്ന പ്രത്യാശയുമായി ഞാൻ കാത്തിരുന്നു.

ചുററുപാടിലും ചുവപ്പിന്റെ നേർത്ത സ്നിഗ്ധത പടർന്നുയർന്നപ്പോൾ നിന്റെ തേരൊലി ഞാൻ ശ്രവിച്ചു. അനിർവ്വചനീയമായ ആനന്ദ ലഹരിയിൽ അത്യാഹ്ലാദത്തോടുകൂടി ഞാൻ തുള്ളിച്ചാടി. എന്റെ നീ വന്നു എനിക്കു വേണ്ടി. ആഹാ! എന്റെ കാത്തിരിപ്പിന്റെ അർത്ഥം കണ്ടെത്തിയിരിക്കുന്നു. ഞാൻ ആർത്തു വിളിച്ചു..................

ഹേ! സഖി, നീയെന്തു സുന്ദരി
നിൻ കുസുമ നയനങ്ങൾ എത്ര മനോഹരം.

നിന്റെ കണ്ണുകളുടെ പ്രഭാപൂരം എന്നെ തളർത്തി. തളർച്ചയുടെ അസാധാരണത്വത്തിൽ നിന്നും മുക്തി നേടിയപ്പോൾ, ഞാൻ അറിഞ്ഞു നീയല്ല വന്നതെന്ന്. ആ അറിവ് വീണ്ടും എന്നെ തളർത്തി—

നിന്നെ കാത്തു കാത്തിരുന്ന എന്റെ ഇന്ദ്രിയങ്ങളിൽ മഞ്ഞു മഴകൾ പെയ്യിക്കാൻ, ആളിക്കത്തിയ എന്റെ ശക്തിയുടെ തീ നാളങ്ങളെ തല്ലിക്കെടുത്താൻ, നിനക്കു പകരം വന്നവർക്കു കഴിഞ്ഞു.

വരവിന്റെ ആഘോഷത്തിൽ, വർണ്ണക്കടലാസുകളുടെ കണ്ണഞ്ചിപ്പിക്കുന്ന ചായക്കലപ്പിൽ, എന്റെ കൂട്ടുകാർ പലരും തെററിദ്ധരിച്ചു. അവർ യഥാർത്ഥത്തിൽ വിശ്വസിച്ചു നീയാണ് വന്നതെന്ന്.

ഒത്തിരി ദിനങ്ങൾക്കു ശേഷം അവരിൽ പലരുടെയും മസ്തിഷ്കത്തിൽ സംശയത്തിന്റെ ഉറുമ്പുകൾ അരിച്ചു നടന്നു. ഉറക്കത്തിൽ അവർ പലരും ഞെട്ടിയുണർന്നു. അവരുടെ അസ്വസ്ഥത ക്രമേണ അവരിൽ പുകയായി വളരുന്നതു കണ്ടപ്പോൾ നിനക്കു പകരം വന്നവർ—കാലത്തിന്റെ കോമാളികൾ – വിറങ്ങലിച്ചു. അസ്ഥാനത്തുടലെടുത്ത അവരുടെ വിറങ്ങലിപ്പ് ഇല്ലായ്മ ചെയ്യാൻ ശക്തരായ എന്റെ കൂട്ടുകാരിൽ പലരെയും അവർ തണുത്തുറഞ്ഞ കാവൽപ്പുരകളിൽ പറഞ്ഞയച്ചു. സംശയത്തിന്റെ കൊടുവാളുകളുമായി പറന്നു നടക്കുന്ന മസ്തിഷ്കങ്ങളെ പനിനീർ തളിച്ച് മയക്കത്തിന്റെ ഉള്ളറകളിൽ അലയാൻ വിട്ടു.

അങ്ങനെ എനിക്കു ചുററും മയക്കത്തിന്റെ ഒരു നേരിയ ആവരണം വിരചിതമായി.

ഈ വിരാചിത മേഖല എനിക്കന്യമായിരുന്നു.

എന്റെ ദിനരാത്രങ്ങൾ നീറിപ്പുകഞ്ഞു. എനിക്കു യാഥാർത്ഥ്യം അറിയേണ്ടതാവശ്യമായിരുന്നു. ഈ ആവശ്യകതയുടെ മുഴക്കം എന്റെ അന്തരംഗങ്ങളിൽ ആഞ്ഞു ചീറി.

അവസാനം ഞാനറിഞ്ഞു. അല്ല ഞാൻ കണ്ടു.

നിനക്കു പകരം വന്നവരുടെ നീലാഞ്ജനപ്പട്ടുകളിൽ, അവരുടെ നിർമ്മലതയാർന്ന വെളുപ്പിന്റെ അലങ്കാരങ്ങളിൽ, അവർ ഒളിച്ചു വെച്ചിരുന്ന അവരുടെ വേഷം.

കറുപ്പുകരം – കറുപ്പുകരം
ശത്രുക്കരം
നിന്റെ നീരാളികരം — നിനക്കു പകരം വന്നു...............
ആദ്യം ഞാൻ അന്ധാളിച്ചു.

അന്ധാളിപ്പിന്റെ മരവിപ്പിൽ നിന്നു് യാഥാർത്ഥ്യത്തിന്റെ ഉപരിതലത്തിലേക്കു് ഞാനുയർന്നപ്പോൾ — അന്ധകാരത്തിന്റെ ആക്രമണം. അതിനെ ചെറുത്തു തോല്പിക്കാൻ ഏകനായ ഞാൻ അശക്തൻ.

പരാജയത്തിന്റെ ചിഹ്നം വിളി.
ശത്രുവിന്റെ അട്ടഹാസം.

ഈ പ്രകമ്പന മേഖലയിൽ നിന്നു് രക്ഷപ്പെടാൻ എനിക്കൊന്നേ ചെയ്യാനുണ്ടായിരുന്നുള്ളൂ.

ഓടുക.
ഓടി രക്ഷപ്പെടുക.

എന്നിട്ടു് കൂടുതൽ ശക്തി സംഭരിച്ചു് ആരാലും തകർക്കപ്പെടാൻ കഴിയാത്ത ശക്തിയായി തിരിച്ചു വരിക. തിരിച്ചു വരവിന്റെ മുഹൂർത്തത്തിൽ എന്റെ മുന്നിലെ പഴയ കാലത്തിന്റെ ചീഞ്ഞു നാറുന്ന വിഴുപ്പു ഖണ്ഡങ്ങളായി കഷ്ടം പിടിച്ചു് മുരടിച്ചു നില്ക്കുന്ന ഈ ഗോപുര കവാടം ഇടിച്ചു നിരത്തുക. എന്നിട്ടവിടെ വരാനിരിക്കുന്ന അതിഥിക്കു വേണ്ടി, നിനക്കു വേണ്ടി വിശ്രമ മന്ദിരം പണിയുക.

അസാധാരണ നിമിഷങ്ങളുടെ പുകയകന്നപ്പോൾ ഞാൻ കണ്ടു
മഞ്ഞു തുള്ളികളുടെ വിളർത്ത നിറം
ഞാൻ മനസ്സിലാക്കി
എന്റെ ചുറ്റുപാടുകൾ മരവിച്ചിരിക്കുന്നതു്—
കൂട്ടുകാർ ഉറങ്ങിക്കിടക്കുന്നതു്.

മരവിപ്പിന്റെയും മയക്കത്തിന്റെയും അഗാധതയിൽ നിന്നു് ഉപരിതലത്തിലെ തുള്ളിക്കളിക്കുന്ന കുമിളകളിലേക്കു്, അവരുടെ നൈമഷികതയിലേക്കു്, പഴയതു് പോലെയുള്ള അവസ്ഥയിലേക്കു് എന്നാണു് എന്റെ കൂട്ടുകാർക്കു് തിരിച്ചു വരാൻ കഴിയുന്നതു് ?...............

എന്റെ മനസ്സിന്റെ തന്ത്രികളിൽ നിന്നു്, നിന്റെ വരവിനായി കാത്തിരിക്കാൻ എന്നിലുയിർക്കൊണ്ട ജ്വരം പിടിച്ച ഇന്ദ്രിയങ്ങളുടെ സ്പന്ദനങ്ങൾ എന്റെ കാതിന്റെ വാതായനങ്ങളിൽ വന്നു് നാദമുയർത്തി.

' നിന്റെ വരവു് മരവിച്ച അവരുടെ അസ്ഥിപഞ്ജരങ്ങളിൽ ജീവൻ തുടുക്കും. അവരുടെ മാടങ്ങളിൽ ജീവിതത്തിന്റെ തമ്പോറടിയുയർത്താൻ, മനുഷ്യസംസ്കാരത്തിന്റെ താരാട്ടുപാടാൻ നീ വരും. '

നിന്റെ വരവിനായി സമുദ്രത്തിന്റെ തുടക്കത്തിൽ നിന്നു് പട്ടത്തിന്റെ നിമ്നോന്നതങ്ങളിലേക്കു വെട്ടിത്തെളിച്ച

പാതയിൽ, അലങ്കാരങ്ങളുടെ സമൃദ്ധിയിൽ, ആവേശം തുടികൊട്ടുന്ന മനസ്സുമായി, പൊൻപൂമാലയുമായി നിന്നെ സ്വീകരിക്കാൻ ഞാൻ ഒരുങ്ങിനിന്നു.

പക്ഷെ—
നീ വന്നില്ല

ആഗ്രഹങ്ങളും പ്രതീക്ഷകളും നിറഞ്ഞു നില്ക്കുന്ന ഒരു ശിശുവിനെപ്പോലെ തണുത്ത പ്രഭാതങ്ങളിലും വെയിലാറിയ മദ്ധ്യാഹ്നങ്ങളിലും ചുവന്ന സായാഹ്നങ്ങളിലും നിന്നെ കാത്തു് ഞാനിരുന്നു.

ഫലമോ
നിരാശമാത്രം.

കുളിർക്കാററടിക്കുന്ന രാവുകളിൽ നിശാഗായകർ സംഗീതമാലപിച്ചു. ഗാനാലാപത്തിന്റെ ശോക സാന്ദ്ര താളലയങ്ങൾ എന്നിൽ അസ്വസ്ഥതയുയർത്തി. നിനക്കു പകരം വന്നവരുടെ പേടിപ്പെടുത്തുന്ന പുതുമയും സ്ഥിതിയുടെ ചാലകത്വത്തിൽ നിന്നും മറവിയുടെ അനന്തതയിലേക്കു് ലയിച്ചു ചേർന്നു. എന്നിട്ടും ഞാൻ നിന്നെ കാത്തിരിക്കുക എന്ന നിയാമക ലക്ഷ്യവുമായി ഒററപ്പെട്ട വൃക്ഷച്ചുവട്ടിൽ തളർന്നിരുന്നു.

എന്റെ ചുററിലും ദുഃഖം ഘനീഭവിച്ചു. ചുററുപാടുകളിൽ നിന്നു് അതു് എന്റെ മനസ്സിന്റെ ഭിത്തിയിൽ ഒരു ബിന്ദുവായി അടിഞ്ഞുകൂടി. നിന്നെ കാത്തിരുന്ന എന്റെ കണ്ണുകൾ ഒരു നീർച്ചാലു പോലെ നീണ്ടൊഴുകി. നിസ്സഹായതയും നിർവ്വികാരതയും എന്നിലേക്കൂറിച്ചിറങ്ങി. അവയുടെ ലോലകരാംഗുലികളുയർത്തിയ മാസ്മരികമായ കുളിർമയിൽ നീ ഉയർത്തിയ അസ്വസ്ഥത വിസ്മരിച്ചു് ഞാൻ മയങ്ങി ...............

ഓരോ ദിനത്തിന്റെ ഇല്ലായ്മയിലും എന്റെ പ്രതീക്ഷയുടെ ഓരോ സ്ഫുരണവും ഒടിഞ്ഞു തകരുന്ന കാതടപ്പിക്കുന്ന ശബ്ദം ഏതോ അദൃശ്യ ലോകത്തിൽ നിന്നെന്ന പോലെ എന്നിൽ വന്നടിയുന്നു. ഇതു് എന്റെ നിലനില്പിനെത്തന്നെ ആഞ്ഞു കുലുക്കുവാൻ പോന്നതു ശക്തിയുള്ളവയാണു്. ഈ ശബ്ദ വീചിയിൽ യുഗ വ്യഥയുടെ ശീൽക്കാരം ഞാൻ ശ്രവിക്കുന്നു. ഇതിനുവേണ്ടിയോ ഞാൻ കാത്തിരുന്നതു്? അല്ല. ഒരിക്കലും അല്ല.
ഇതു്. ഈ നിരാശ, ഈ നഷ്ടബോധം

നിനക്കു വേണ്ടിയുള്ള കാത്തിരിപ്പിന്റെ പാതയിൽ ഉണ്ടായേക്കാവുന്ന കുഴികളും കുണ്ടുകളും മാത്രമാണു്. ഈ പാത ഇവിടെ അവസാനിക്കുന്നില്ല. ഇവിടെ എന്നല്ല എവിടെയും അവസാനിക്കുന്നില്ല. ഇതിന്റെ ദൂരം അനന്തമാണു് ലക്ഷ്യത്തെപ്പോലെ ..............

ആകാശ വിലാസതയിൽ വർണ്ണങ്ങളു
ടെ രതിജൃംഭണം
സമുദ്രോപരിതലത്തിൽ തിരയല
കൾക്കു് പർവ്വതോന്നതി
ഭൂതലത്തിൽ സൃഷ്ടിയുടെ പുനരാവി
ഷ്ക്കാരം
കാലങ്ങളിൽ അശ്വചലനം.

ഒരു സുപ്രഭാതത്തിൽ പെരുമ്പറമുഴങ്ങുന്നതു കേട്ടുകൊണ്ടാണു് ഞാൻ ഉണർന്നതു്. നിനക്കു പകരം ആരോ വന്നു എന്നും, അവർ നിന്നെപ്പോലെ ഇരിക്കുന്നു എന്നും, നീയല്ല വന്നതെങ്കിലും യഥാർത്ഥത്തിൽ നീ വന്ന ഫലം അവരിൽ നിന്നുണ്ടാവുമെന്നും ഞാൻ അറിഞ്ഞു. ഈ അറിവു് എന്നെ ദുഃഖിപ്പിക്കുകയോ സന്തോഷിപ്പിക്കുകയോ ചെയ്തില്ല. കാരണം സന്തോഷിക്കാൻ നീയല്ല വന്നതു്— ദുഃഖിക്കാൻ നീ വന്നില്ല. എന്നെനിക്കു തോന്നുകയില്ല പോൾ. അങ്ങനെ നിനക്കു പകരം ആരോ വന്നു.

ആദ്യം വന്നവരുടെ ശിരസ്സിൽ സ്വർണ്ണ തൂവലുകൾ കൊണ്ട് നിർമ്മിച്ച കിരീടങ്ങളുണ്ടായിരുന്നു. അവരുടെ തൂവൽ തൊപ്പികളിൽ ഉദിച്ചു പൊങ്ങിയിരുന്ന കനക രശ്മികളിൽ ഞാൻ ദുഃസ്വപ്നം കണ്ട് ഞെട്ടിയിരുന്ന രാവുകളിൽ എന്റെ മുന്നിലുയർന്ന പാപത്തിന്റെ ശ്യാമ നീലിമ ഓളം വെട്ടിയിരുന്നു. അവരുടെ പിന്നാലെ വന്നവർ കിരീടമില്ലാത്തവരായിരുന്നു. അവരുടെ കൈകളിൽ അധികാരത്തിന്റെ ദണ്ഡും സ്വാതന്ത്ര്യത്തിന്റെ വാളും ഉണ്ടായിരുന്നു.

അതു കണ്ടപ്പോൾ ഞാൻ സന്തോഷിച്ചിരുന്നുവോ……………

എന്തായാലും ആദ്യ തിളക്കത്തിന്റെ വിദ്യുല്ലതിക കെട്ടടങ്ങിയപ്പോൾ എനിക്ക് ചിരിക്കാൻ തോന്നി.

കാരണം:

അവരുടെ വാളുകളിൽ ഇന്നലെയുടെ മണം പൊങ്ങുന്ന ചോരപ്പാടുകൾ മിന്നി മറഞ്ഞിരുന്നു.

അവരുടെ സിംഹാസനങ്ങൾ ഇന്നലെകളുടെ ജീർണ്ണതയിൽ പണിതവയായിരുന്നു.

ഭരണ ചക്രം തിരിക്കുന്ന അവരുടെ കൈകൾ, പണ്ട് ഏതോ കാലത്ത് രാജ്ഞിയുടെ ഭോഗസുഖത്തിനു മാറ്റു കൂട്ടാൻ ജനസേവനത്തിനിറങ്ങിത്തിരിച്ച രാജാവിന്റെ കപ്പം പിടിച്ച കൈകൾ പോലെ മുരടിച്ചിരുന്നു.

………നിനക്കു പകരം വന്നവരെയെല്ലാം നീയാണെന്നു പറഞ്ഞു. ദിവസങ്ങളുടെ ദീർഘത അവരുടെ ആവരണത്തിനു മങ്ങലേല്പിച്ചു. അങ്കികൾ ഓരോന്നായി അഴിഞ്ഞുവീണു. അനാച്ഛാദനം ചെയ്യപ്പെട്ട അവരുടെ വേഷങ്ങൾ ഞാൻ കണ്ടു. അനാച്ഛാദിത വേഷങ്ങൾ എല്ലാംതന്നെ ഒരേ പോലെ കണ്ടു പഴകിയതായിരുന്നു—. ജീർണ്ണിച്ച പൂപ്പൽ പിടിച്ച് അടർന്നു വീണതിന്റെ അവശിഷ്ടങ്ങൾ.

ഈ ജീർണ്ണിച്ച അവശിഷ്ടങ്ങളെ ഇല്ലാതാക്കിക്കൊണ്ട്, അവയുണ്ടായിരുന്നു എന്നുള്ള തെളിവിനെ കൂടെ നശിപ്പിച്ചുകൊണ്ട് നീ വരും.

നിന്റെ വരവിന്റെ പടഹധ്വനിയിൽ, നീയുയർത്തുന്ന കൊടുങ്കാറ്റിൽ ആടിയുലയുന്ന എസ്റ്റാബ്ലിഷ്മെന്റുകളെ നോക്കി ഞാൻ പുഞ്ചിരിക്കും. നിന്റെ വരവിനെ സൂചിപ്പിക്കുന്ന പാഞ്ചജന്യത്തിന്റെ മുഴക്കം എന്റെ കൂട്ടുകാരുടെ കൂടാരങ്ങളിൽ അനുരണനം ചെയ്യുമ്പോൾ — ഈ നീണ്ട മയക്കത്തിൽനിന്നും അവർ ഉണരും. ഉറങ്ങിക്കിടന്നിരുന്ന അവരുടെ സിരകളിൽ ചുടുചോര ആർത്തിരമ്പുമ്പോൾ, തളർന്നു കിടന്നിരുന്ന അവരുടെ കൈകളിൽ ആവേശം തുയിലുണർത്തുമ്പോൾ ഞാനും എന്റെ കൂട്ടുകാരും നിനക്കു വേണ്ടി പാതയൊരുക്കും. ചുവന്ന സൂര്യോദയത്തിലെ ചെങ്കിരണങ്ങൾ ഞങ്ങൾക്ക് പശ്ചാത്തലമൊരുക്കും.

**മനുഷ്യൻ ഏകാകിയായി നടക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. തന്റെ ഏകാന്തദുഃഖവും പേറിക്കൊണ്ട് അശ്വത്ഥാമാവിനെപ്പോലെ അവനലയുന്നു. എത്രയെത്ര മന്വന്തരങ്ങൾ കഴിഞ്ഞാലാണ് അവന് ശാപമോക്ഷം ലഭിക്കുക. ദാരിദ്ര്യമനുഭവിക്കുന്നവന് ഭക്ഷണം കിട്ടുമ്പോഴെങ്കിലും മോചനം ലഭിക്കും എന്ന ആശ്വാസമുണ്ട്; പക്ഷെ സത്യാന്വേഷിക്കോ ?**

---

# *മുഖംമൂടികൾ വലിച്ചെറിയുന്നവരുടെ വേദനകളെപ്പററി അൽപ്പംകൂടി..........*

---

''എപ്പോഴെല്ലാം റിച്ചാർഡ് കോറി
പട്ടണത്തിലൂടെ പോവുന്നോ,
ഞങ്ങൾ, നടപ്പാതകളിൽ
അദ്ദേഹത്തെ നോക്കിനിന്നിരുന്നു.
അദ്ദേഹം ! സിംഹാസനത്തിലിരിക്കുന്നവൻ !
വിലപിടിച്ചവസ്ത്രം ധരിക്കുന്നവൻ !
കണ്ടുമുട്ടുമ്പോഴെല്ലാം 'ഗുഡ് മോണിംഗ്' തരുന്ന
ധനവാനിൽ ധനവാൻ !
ബിരുദങ്ങൾ നേടിയവൻ
ഞങ്ങളുടെയെല്ലാം ആരാധനാമൂർത്തി
പക്ഷെ.........
ശാന്തമായ ഒരു വേനൽക്കാലരാത്രിയിൽ
റിച്ചാർഡ് കോറി...
തലക്കുള്ളിലേക്ക് വെടിയുണ്ട പായിച്ചു !''

ഇ. എ. റോബിൻസണിൻെറ ഒരു കവിതയുടെ വിവർത്തനമാണ് മുകളിലുള്ളത്. തിരക്കുപിടിച്ച ഈ ലോകത്തിൽ കണ്ടുമുട്ടുന്ന പലരും സന്തുഷ്ടരാണെന്നു നാം കരുതുന്നു, സംതൃപ്തരും സുഖമനുഭവിക്കുന്നവരെന്നും നാം സങ്കല്പിക്കുന്നു. പക്ഷെ ഏതോ ഒരു സുപ്രഭാതത്തിൽ വർത്തമാനപത്രത്തിൻെറ മൂലകളിൽ നമ്മൾ കണ്ടുമുട്ടുന്ന പലരും ആത്മഹത്യചെയ്തതായി കാണുന്നു. ഇന്നലെപ്പോലും 'ഗുഡ്നൈററ്' പറഞ്ഞുപിരിഞ്ഞ സ്നേഹിതൻെറ മനസ്സിന് താളം തെററിയതായി കേൾക്കുന്നു.

'ജീവിക്കുക' എന്ന ശാപവും തലയിലേററി നടക്കാൻ വിധിക്കപ്പെട്ടവനാണോ മനുഷ്യൻ? ജീവിക്കുക എന്നതിൻെറ അർത്ഥം തന്നെ എന്താണ്? പണം സമ്പാദിക്കുക എന്നതാണോ? തിന്നുകയും, സൃഷ്ടിനടത്തുകയും, കുട്ടികളെപോററുകയും, മരിക്കുകയും എന്നതാണോ? ഈവക ചോദ്യങ്ങൾക്ക് ഉത്തരങ്ങളന്വേഷിക്കുമ്പോൾ നമുക്ക് മൊഴിമുട്ടിയതായി തോന്നുന്നു. അർത്ഥമുണ്ടെന്നു നാം കരുതിയ പലതും അർത്ഥരാഹിത്യങ്ങളാണെന്നു കാണുമ്പോൾ നാം വിറളിപിടിക്കുന്നു. എന്താണ് നമുക്ക് നേടുവാനുള്ളത്? അല്ലെങ്കിൽ ആരാണ് ഇതുവരെ ഇവിടെ നേടിയിട്ടുള്ളത്? കോടിക്കണക്കിന് നക്ഷത്രങ്ങളും, ഗ്രഹങ്ങളും, ഉപഗ്രഹങ്ങളും നട്ടം തിരിയുന്ന ഈ മഹാപ്രപഞ്ചത്തിൽ, ഏതോ ഒരു സൂര്യൻെറ ഗ്രഹമായ ഭൂമിയുടെ ഉപരിതലത്തിൽനിന്ന് നാം ആരെയാണ് കിനാവുകാണുന്നത്? എവിടെ നമ്മുടെ 'വലുപ്പം'?

"മഹാ സമുദ്രങ്ങൾ ഇരമ്പുന്ന, മഹാ പർവ്വതങ്ങൾ നിഴൽ വീശിനില്ക്കുന്ന, കൊടുങ്കാററുകൾ ചുററിയടിക്കുന്ന ഈ ഭൂമിയിൽ മനുഷ്യൻെറ വലുപ്പം എന്താണ്? അവൻെറ ശക്തി എന്താണ്? ഒരു പുഴുവിൻെറ ശക്തിപോലും ഇല്ലാത്ത അവൻ ആരോട് എതിർപ്പ് പ്രഖ്യാപിക്കുന്നു..?"

(എം. മുകുന്ദൻ,
— കാലം ഞങ്ങളുടെകൂടെ,
മലയാളനാട്.)

മറഞ്ഞുപോയ കാലങ്ങൾ നമ്മെ നോക്കി പല്ലിളിക്കുന്നു. ഹോവാംഗായിലൂടെയും, നൈലിലൂടെയും, ഗംഗയിലൂടെയും എത്രമാത്രം വെള്ളം ഒഴുകിപ്പോയി! ആര്യന്മാർ 'തത്വമസി' പാടിയിട്ട് അയ്യായിരം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എത്രയെത്ര നെപ്പോളിയന്മാർ, ഹിററ്ലർമാർ, ഇന്ദിരാഗാന്ധിമാർ കാലപ്രവാഹത്തിൽ തൂത്തെറിയപ്പെട്ടു! എത്രയെത്ര സോക്രട്ടീസുമാർ തങ്ങളുടെ കാലങ്ങളെ നോക്കി നെടുവീർപ്പിട്ടു! മാററങ്ങൾ നിരവധിയായിരുന്നു.

പക്ഷെ സത്യം അവശേഷിക്കുന്നു. മനുഷ്യനിന്നും അസ്വസ്ഥനാണ്!

## 'എയർകണ്ടീഷൻ യാതന'

ടെലിവിഷനും ടെസ്ററ്ക്രിക്കററിനും മനുഷ്യൻെറ അസ്വസ്ഥതയെ മാററാൻ കഴിഞ്ഞിട്ടില്ല. അവൻ പണിതുയർത്തിയ കൂററൻ കോൺക്രീററുകെട്ടിടങ്ങളും, ഫാക്ടറികളും അവൻെറതന്നെ ശവകുടീരങ്ങളായി തലയുയർത്തി നില്ക്കുന്നു. ഫാക്ടറികളുടെ പുകക്കുഴലുകൾ വിസർജ്ജിക്കുന്ന പുകപടലങ്ങൾക്ക് താഴെ അവൻ കുരച്ചും തുപ്പിയും ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. മലീമസമാക്കിയ വായുവും ശ്വസിച്ച് വ്യാവസായിക പുരോഗതിയെക്കുറിച്ച് സെമിനാറുകൾ നടത്തുന്നു. ഇനിയും കൂടുതൽ ഗ്രാമങ്ങളെ എങ്ങനെ കൂടുതൽ വേഗത്തിൽ മലീമസമാക്കാം എന്നതിനെപ്പററി തിസീസുകൾ സമർപ്പിക്കുന്നു. അവൻ നേടി എന്നു പറയുന്ന

പുരോഗതിതന്നെ അവന്റെ ശ്വാസകോശങ്ങളിലും മനസ്സുകളിലും മാറാല കെട്ടിയിരിക്കുന്നു.

കാലം പുരോഗമിച്ചതോടെ മനുഷ്യൻ കൂടുതൽ സ്വാർത്ഥനായി മാറിയിരിക്കുന്നു. സദ്ചേതനകളും അന്തഃസത്തയും അവന്റെ വികാരങ്ങളിൽപ്പെട്ട് നശിച്ചു പോയിരിക്കുന്നു. ധാർമ്മികബോധമില്ലാത്ത, മൂല്യബോധമില്ലാത്ത കഴിഞ്ഞ തലമുറ സൃഷ്ടിച്ച പാതകങ്ങളെ ചോദ്യംചെയ്യാൻ ശക്തിയില്ലാതെ, പുത്തൻതലമുറ നിശ്ശബ്ദരായിരിക്കുന്നു. മയക്കുമരുന്നുകളും, പോപ്പ് ആർട്ടുകളിലും അവൻ തല പൂഴ്ത്താൻ ശ്രമിക്കുന്നു.

വേറൊരുവശത്ത് നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരുവർഗ്ഗം ഉണ്ണാനുടുക്കാനുമില്ലാതെ പട്ടിണികിടന്നു മരിക്കുന്നു. അവരെ ഭരിക്കുന്ന ജംരാഗനിക്ക് ഉത്തരം കണ്ടെത്താൻ കഴിയാതെ അവർ സ്വന്തം മാളങ്ങളിൽ പട്ടിണികിടക്കുന്നു. തങ്ങൾ വിളയിച്ചെടുത്ത ധാന്യങ്ങളും, തങ്ങൾ കഴിച്ചെടുത്ത സ്വപ്നങ്ങളും അന്യർ തട്ടിപ്പറിക്കുന്നതുനോക്കി, അവർ നിസ്സഹായരായി നില്ക്കുന്നു. അവരെക്കുറിച്ച് പാടാൻ കവികൾ കുറവായിരുന്നു. അങ്ങിനെ പാടിയവരെയെല്ലാം 'പടപ്പാട്ടുകാരെന്നു' വിളിച്ച് ആക്ഷേപിച്ചു. അവരുടെ ചിത്രങ്ങൾ മാസികകളിൽ മുഖചിത്രങ്ങളായി വരുന്നില്ല. അവരെ സഹായിക്കാൻ സോഷ്യലിസത്തിന്റെ വക്താക്കളായി ചിലർ വന്നു. പക്ഷേ സ്വന്തം തടിയും കീശയും നന്നാവുമ്പോൾ 'സോഷ്യാലിസം' മടക്കിക്കെട്ടി മൂലയിലെറിഞ്ഞ് 'വക്താക്കൾ' ഇംപാല കാറുകളിൽ പൂണ്ടുരയുന്നു.

അന്വേഷിക്കുമ്പോൾ വൈരുദ്ധ്യങ്ങളുടെ ഒരു ചിത്രമാണ് നാം കാണുന്നത്. മെയ്യനങ്ങാതെ മററുള്ളവരെ ചൂഷണം ചെയ്തു ജീവിക്കുന്ന ഒരു വർഗ്ഗം, വിയർപ്പും രക്തവുമൊഴുക്കി മററുള്ളവരെ സംതൃപ്തരാക്കി സ്വയം പട്ടിണിയനുഭവിക്കുന്ന ഒരു വർഗ്ഗം. വിലകുറഞ്ഞ ചില സിദ്ധാന്തങ്ങളും, എല്ലില്ലാത്ത ഒരു നാവുമായി, ചില 'ഇസ'ങ്ങളുടെ വക്താക്കളായി നടക്കുന്ന വേറൊരു വർഗ്ഗം, ഈ വൈരുദ്ധ്യങ്ങളും, വേദനകളും, കഷ്ടപ്പാടുകളും പേറി അവയുടെ കാരണങ്ങളും മോചനവു മന്വേഷിക്കുന്ന മറെറാരു വർഗ്ഗം.

ഇതിൽ അവസാന വർഗ്ഗത്തിന്റെ അസ്വസ്ഥതകളും വേദനകളുമാണ് പ്രധാനം. സ്വന്തം അസ്തിത്വത്തിന്റെ വേരുകളും തേടിയലയുന്ന അവന്റെ വേദനകൾക്ക് പരിഹാരം കണ്ടെത്താതെ നാം പുരോഗമനം നേടി എന്നു പറയുന്നതിൽ അർത്ഥമില്ല. ഈ പ്രസ്താവനയിൽ വളരെയധികം വിവാദങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. 'അസ്വസ്ഥത'യും, "എക്സിസ്റ്റൻഷ്യൽ അഗണി" (അസ്തിത്വദുഃഖം) എന്നെല്ലാം പറയുന്നത് പെററി ബൂർഷ്വാ ചിന്താഗതികളാണെന്ന് പറഞ്ഞ് വളരെപ്പേർ ഇതിനെ ആക്ഷേപിച്ചിട്ടുണ്ട്.

'അവർക്ക് മറുപടികൊടുക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്'.

## "പുറത്തു് മഴ പെയ്യുന്നുണ്ടെന്ന് ഞങ്ങളറിയുന്നു"

അസ്വസ്ഥതാവാദം പിന്തിരിപ്പനെന്നു പറയുന്നവർക്ക് ഒരു കത്ത്.

പ്രിയ സുഹൃത്തേ,

ഞങ്ങൾ പിന്തിരിപ്പന്മാരും സത്യത്തിന്റെനേരെ കണ്ണടക്കുന്നവരുമാണെന്നാണല്ലോ താങ്കളുടെ വാദം. സമ്മതിച്ചു. വാദത്തിനുവേണ്ടി. പക്ഷേ സത്യം ഏതെന്നാണ് ഇവിടെ പ്രശ്നം.

പതിനായിരങ്ങൾ പട്ടിണികിടക്കുമ്പോൾ ഞങ്ങളുടെ അസ്വസ്ഥതയ്ക്കും ദുഃഖത്തിനും അടിസ്ഥാനമില്ല എന്നു ഞങ്ങളറിയുന്നു. ഒരുപക്ഷെ ഞങ്ങളുടെ തന്നെ അസ്വാസ്ഥ്യതയുടെ ഒരു കാരണം അവരുടെ പട്ടിണിയാണ്. തെരുവുകളിൽ കിടന്ന് ഉറങ്ങുമ്പോൾ പുറത്തു മഴപെയ്യുന്നുണ്ടെന്നും, കാററടികളേറ്റ് കടത്തിണ്ണകളിൽ വിറച്ചു കിടക്കുന്ന അനേകായിരങ്ങളുണ്ടെന്നും ഞങ്ങളറിയുന്നു. അവരെക്കുറിച്ചുള്ള ഓർമ്മകൾ ഞങ്ങളുടെ ഉറക്കങ്ങൾക്ക് ഭംഗങ്ങൾ ഉണ്ടാക്കുന്നു.

(ഞങ്ങൾ എന്നു പറയുമ്പോൾ തെററിദ്ധരിക്കരുതേ. ഞങ്ങൾ എന്നുവെച്ചാൽ, ഞങ്ങൾ; വേദനയനുഭവിക്കുന്നവർ, കാലദേശ നിമിത്തങ്ങളാൽ (Space, time and causation) ബന്ധിതരായവർ എന്നർത്ഥം).

കുറെ മനുഷ്യർ പട്ടികളെപ്പോലെ, പുഴുക്കളെപ്പോലെ ജീവിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ വിറകൊള്ളുന്നു. അവരെ മനുഷ്യരാക്കാനുള്ള, അവരുടെ വയറുനിറക്കാനുള്ള ഏതു സമരത്തിലും പങ്കെടുക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ അവർക്ക് ഭക്ഷണം കൊടുക്കാത്തത് ആരാണ് എന്നതാണ് പ്രശ്നം. അവരെ മോചിപ്പിക്കാത്തതിൽ ഞങ്ങൾ മാത്രമല്ല, ഈ മനുഷ്യരാശി മുഴുവൻ ഉത്തരവാദികളാണ്.

നിങ്ങൾ, അവർക്കുവേണ്ടി വാദിക്കാൻ കുത്തകാവകാശം തീറെഴുതിയെടുത്തവർ എന്തു ചെയ്തു? ചെയ്തതിനെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. തിരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം നിങ്ങൾ അവരെക്കുറിച്ചോർത്തു. നിങ്ങൾ വാചകമടിക്കാൻ മിടുക്കരാണ്. അവരുടെ, അവശതയനുഭവിക്കുന്നവരുടെ ആധിപത്യം സ്ഥാപിക്കാൻ അവർ നിങ്ങൾക്ക് വോട്ടു തന്നു. പക്ഷെ നിങ്ങൾ സ്വന്തം ഭാര്യക്ക് പണങ്ങൾ തികക്കുന്നതിലും, മക്കളെ വിദേശത്തു



അയച്ച് പഠിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. സോഷ്യലിസവും, മററു സിദ്ധാന്തങ്ങളും നിങ്ങൾക്ക് ഇടയ്ക്കിടക്ക് മുഖം നോക്കാനുള്ള കണ്ണാടികൾ മാത്രമായി.

പ്രിയ സുഹൃത്തേ, നിങ്ങളുടെ ഈ പെരുമാററവും ഞങ്ങളുടെ അസ്വാസ്ഥതകൾ വർദ്ധിപ്പിച്ചു.

മാനവരാശിയിൽ ഭൂരിഭാഗവും ജഠരാഗ്നിയിൽ വെന്തെരിയുന്നു എന്ന വസ്തുത ഞങ്ങളെ ലജ്ജിപ്പിക്കുന്നു. അതിൽനിന്ന് ആരും കൈകഴുകിയൊഴിയേണ്ട. എല്ലാവരും കുററക്കാരാണ്. ഞങ്ങൾ വീണ്ടും വീണ്ടും പ്രഖ്യാപിക്കുന്നു. ഭൂമുഖത്തു നിന്ന് ദാരിദ്ര്യം തുടച്ചുമാററാനുള്ള സമരത്തിൽ ഞങ്ങളും ഭാഗഭാക്കുകളാകും.

ഞങ്ങൾ ഞങ്ങളുടെ പങ്ക് നിറവേററിയിട്ടുണ്ട്. ചരിത്രം പരിശോധിക്കൂ സഹോദരാ. ഞങ്ങൾ പങ്കെടുത്തിട്ടുള്ള എല്ലാ സമരങ്ങളിലും ഞങ്ങൾക്ക് തിരിച്ചടിയും കിട്ടിയിട്ടുണ്ട്. നൂററാണ്ടുകൾക്കു മുമ്പ് ഞങ്ങളിലൊരുവൻ ഇസ്രായേൽജനതയെ മോചിപ്പിക്കാനുള്ള ശ്രമത്തിൽ ആണിയടിക്കപ്പെട്ടു. ഇന്ത്യൻ ജനതയെ മോചിപ്പിച്ച മറെറാരു ഗാന്ധിയെ വെടിവെച്ചുകൊന്നു. അനീതിക്കും അസമത്വത്തിനുമെതിരായ സമരത്തിൽ രക്തസാക്ഷികളുടെ നീണ്ടപട്ടികതന്നെ നിരത്താൻ ഞങ്ങൾ തയ്യാറാണ്.

സൈദ്ധാന്തികമായ കുറച്ചുകാര്യങ്ങൾ കൂടി പറഞ്ഞു് ഈ കത്തു് അവസാനിപ്പിക്കാം.

നമ്മൾ തമ്മിൽ ഒരു കാര്യത്തിൽ യോജിക്കുന്നു. അവശതയനുഭവിക്കുന്നവരും, ആലംബഹീനരുമായ ഭൂരിഭാഗം വരുന്ന മനുഷ്യരെ മോചിപ്പിക്കാൻ നാം ബാദ്ധ്യസ്ഥരാണു്. അംഗീകരിക്കുന്നു. എല്ലാവർക്കും നാം ഭക്ഷണവും വസ്ത്രവും നേടിക്കൊടുത്തു എന്നിട്ടോ?

ഇവിടെയാണു് നിങ്ങൾക്കു് തെറ്റു പററുന്നതു്. എല്ലാവർക്കും ഭൗതികസുഖം നേടിക്കൊടുത്താലും അവൻ തൃപ്തനാണോ? അല്ല എന്നു ഞങ്ങൾ പറയുന്നു. ഭൗതിക ലോകം അവനെ തളച്ചിടുന്നു എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഇവിടെ നിങ്ങൾ ഞങ്ങളെ പിന്തിരിപ്പനെന്നു വിളിക്കുന്നു.

നിങ്ങൾ നിങ്ങളുടെ സമരം ഭൗതിക സുഖങ്ങളുടെ നേട്ടങ്ങളിൽ നിറുത്തുന്നു. (മാർക്സിൻെറ ഭാഷയിൽ പറഞ്ഞാൽ തൊഴിലാളിസർവ്വാധിപത്യത്തിനു ശേഷം) പക്ഷെ ഞങ്ങൾ അവിടന്നും കടന്നു മുന്നോട്ടുപോകുന്നു. ഭൗതികമായ അടിമത്തത്തിൽ നിന്നു മാത്രമല്ല, മാനസികവുമായ അടിമത്തത്തിൽ നിന്നുമുള്ള മോചനമാണു് ഞങ്ങളുടെ, സത്യമന്വേഷിക്കുന്നവരുടെ ലക്ഷ്യം.

പരിപൂർണ്ണമായ സോഷ്യലിസം സ്ഥാപിച്ചു എന്നു വിശ്വസിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളെല്ലാം പരിപൂർണ്ണരും, മാനസികവുമായ സുഖവും അനുഭവിക്കുന്നു എന്നു താങ്കൾ കരുതുന്നുണ്ടോ? (സുഖം എന്നതിനു് നാം തമ്മിൽ നൽകുന്ന നിർവ്വചനങ്ങൾക്കും വ്യത്യാസമുണ്ടു്.) സോൾസെനിത്സൻെറ വാക്കുകൾ റഷ്യയിലെ അസ്വസ്ഥതയെപ്പററി ഞങ്ങളെ ഓർമ്മിപ്പിക്കുന്നു.

ഒരു വ്യവസ്ഥിതിയും ആർക്കും അടിച്ചേൽപ്പിക്കാനാവില്ല. മനുഷ്യൻ സ്വയം കീഴടക്കാത്തിടത്തോളം കാലം അവൻെറ നില സുരക്ഷിതമല്ല. അവൻെറ ഭാവിയുടെ സുരക്ഷിതത്വം അവൻെറതന്നെ മനസ്സിലാക്കലിലും മോചനത്തിലും അടങ്ങിയിരിക്കുന്നു.

ഞങ്ങളന്വേഷിക്കുന്നതു് അതാണു്.

അന്തിമമായി ഞങ്ങളെ, ഞങ്ങളുടെ ദുഃഖങ്ങളിൽ നിന്നും, വേദനകളിൽ നിന്നും മോചിപ്പിക്കുന്ന ഒരു അനുഭവത്തെത്തേടിയാണു് ഞങ്ങളുടെ പ്രയാണം.

ഞങ്ങൾ നിറുത്തുന്നു സഹോദര,
ഞങ്ങൾ നിങ്ങളെ എതിർക്കുന്നില്ല.

## "പട്ടിണിയും ദാരിദ്ര്യവും ദുഃഖമല്ല."

പൊരുത്തക്കേടുകൾ അന്വേഷണത്തിനു് മുഖവുരയിടുന്നു. ബന്ധനത്തിൽ കഴിയുവാൻ സത്യാന്വേഷി ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. എന്നെങ്കിലും തൻെറ തോടുകൾ പൊട്ടിച്ചു് പുറത്തു വരേണ്ടി വരുമെന്നു് അവനറിയാം. അവൻ തോടുകൾ പൊളിക്കുന്ന ആ ദിവസങ്ങൾക്കായി കാത്തിരിക്കുന്നു.

മനുഷ്യൻ ഏകാകിയായി നടക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. തൻെറ ഏകാന്ത ദുഃഖവും പേറിക്കൊണ്ടു് അശ്വത്ഥാമാവിനെപ്പോലെ അവനലയുന്നു. എത്രയെത്ര മന്വന്തരങ്ങൾ കഴിഞ്ഞാലാണു് അവനു് ശാപമോക്ഷം ലഭിക്കുക. ദാരിദ്ര്യമനുഭവിക്കുന്നവനു് ഭക്ഷണം കിട്ടുമ്പോഴെങ്കിലും മോചനം ലഭിക്കും എന്ന ആശ്വാസമുണ്ടു്. പക്ഷെ സത്യാന്വേഷിക്കോ?

"പട്ടിണിയും ദാരിദ്ര്യവും ദുഃഖമല്ല. ജയിലിൽ പോകുന്നതിലും കുന്തമേല്ക്കുന്നതിലും വലിയ വേദനയാണു് തിരക്കിൽ

അനുഭവപ്പെടുന്ന ഏകാന്തത. ഈ അനന്തമായ ആകാശത്തിനു ചുവട്ടിൽ ഈ അററമററ ഭൂമിയുടെ മുകളിൽ ജീവിക്കുന്നു എന്നതിനു് ഒരു ന്യായീകരണം കണ്ടെത്താൻ കഴിയാതെ ലക്ഷ്യമില്ലാതെ ഏകനായി അലയുക— ഇതിനേക്കാരം വലിയൊരു ദുഃഖം വേറെയില്ല.''

(എം. മുകുന്ദൻ.
കാലം ഞങ്ങളുടെ കൂടെ)

സ്വന്തം ദുഃഖങ്ങൾക്കു് ആദ്യമെല്ലാം ഓരോ പോംവഴികൾ കണ്ടെത്തുന്നു. ചിലർ ദുഃഖങ്ങൾ മറക്കാൻ ലഹരിപദാർത്ഥങ്ങൾ കഴിക്കുന്നു. മററു ചിലർ വിവാഹം കഴിക്കുന്നു. ചിലർ സന്യാസം സ്വീകരിക്കുന്നു. കുറച്ചു കാലത്തേക്കു് അവ നമ്മുടെ അപൂർണ്ണതകളെ മറച്ചുവെച്ചേക്കാം. പക്ഷെ നാം കണ്ടെത്തിയ ഓരോ സാന്ത്വനങ്ങളും നമ്മെ തൃപ്തിപ്പെടാത്ത സമയം വരും. അന്വേഷണം വഴിമുട്ടി നില്ക്കുമ്പോൾ നാം നിരാശയിലേക്കും ആത്മഹത്യയിലേക്കും വഴുതി വീഴുന്നു.

മനുഷ്യനെ മഥിക്കുന്ന ദുഃഖങ്ങൾക്കു് അറുതിയില്ലേ? അന്വേഷിക്കാൻ മാത്രം വിധിക്കപ്പെട്ട അഭിശപ്തനാണോ അവൻ? നാം അത്രയ്ക്കു് നിരാശപ്പെടേണ്ട. പലരും അന്വേഷിച്ചിട്ടു് ലക്ഷ്യം കണ്ടെത്തിയിട്ടുണ്ടു്. തങ്ങളുടെ ദുഃഖസാഗരം മറികടന്നിട്ടുണ്ടു്. എല്ലാവർക്കും തങ്ങൾ അനുഭവിക്കുന്ന അപൂർണ്ണതകളിൽ നിന്നു് സ്വതന്ത്രനാവാൻ കഴിയും. ജീവിതത്തിൻെറ ലക്ഷ്യം തന്നെ അതാണു്. സ്വതന്ത്രനാവുക!

എങ്ങനെയാണു് സ്വതന്ത്രരാവുക? ഓരോരുത്തരും കണ്ടെത്തേണ്ട വഴികളാണവ. സ്വയം കണ്ടെത്തുക. അതിനു മുമ്പു് നമ്മെ ബന്ധിച്ചു നിർത്തുന്ന ചങ്ങലകളെ പൊട്ടിച്ചെറിയാൻ നാം തയ്യാറുണ്ടോ എന്നതാണു് പ്രശ്നം. പൊരുത്തക്കേടുകളെ പിന്നിൽ വിട്ടേക്കുക. പൂർണ്ണതയാത്ത എന്തിനേയും തിരസ്കരിക്കുക. കാബറെകളോടും ചൈനീസ് ഡിഷുകളോടും വിട പറയുക. ഫോംമെത്തകളും 'ബുഫെ'കളും ഉപേക്ഷിക്കുക. സമാധാനം കെടുത്തുന്ന എന്തിനേയും തള്ളിക്കളയുക. പൊരുത്തക്കേടുകളെ പിന്നിൽ വിട്ടുകൊണ്ടാണു് ബുദ്ധൻ അന്വേഷണമാരംഭിച്ചതു്. കഴിഞ്ഞ കാലങ്ങളെ കുഴിച്ചുമൂടുക. ശാപഗ്രസ്തമായ കാലങ്ങളിലേക്കു് മടങ്ങി വരില്ലെന്നു് പ്രതിജ്ഞയെടുക്കുക.

*I return not to come back*
No more I do wish to mislead myself
It is dangerous to wander
Backward, for all of a sudden
It is a prison, the past

(പാബ്ലോ നെരൂദ)

"സർവ്വം ഖല്വിദം ബ്രഹ്മ:"

മനുഷ്യൻ കാല ദേശ നിമിത്തങ്ങളാൽ ബന്ധിതനാണു്. കാല ദേശങ്ങളൊന്നും കേവലങ്ങളല്ല. (Absolute) കേവലങ്ങളല്ലാത്തതൊന്നും നിലനിൽപ്പില്ലാത്തതാണു്. കാല ദേശങ്ങളുടെ ആപേക്ഷികത(Relativity) ഐൻസ്റ്റീൻ തെളിയിച്ചിട്ടുണ്ടു്. പിന്നെ എന്താണു് കേവലമായിട്ടുള്ളതു്? അതിൻെറ അന്വേഷണത്തിനുവേണ്ടി മനുഷ്യൻ കാല ദേശ നിമിത്തങ്ങളെ അതിവർത്തിക്കണം. അതിവർത്തിക്കാൻ സാദ്ധ്യമാണോ? പലരും ചോദിക്കുന്ന ചോദ്യമാണിതു്. നാം നമ്മുടെ തടവറകളിലായിരിക്കുന്നിടത്തോളം കാലം സത്യവും അകലെയായിരിക്കും. നമ്മുടെ തന്നെ ബന്ധനങ്ങളിൽ കിടന്നുകൊണ്ടാണു് നാം സംശയിക്കുന്നതു്. സംശയങ്ങളെ അസ്ഥാനത്താക്കണമെങ്കിൽ നാം നമ്മുടെ തോടുകളെ പൊട്ടി

ച്ചെറിയേണ്ടിയിരിക്കുന്നു. അതിന് നാം തയ്യാറില്ല എന്നതാണ് സത്യം. തടവറകളിൽ നിന്നു കിട്ടുന്ന ഒരപ്പക്കഷണത്തിനു വേണ്ടി നാം നമ്മുടെ തന്നെ ശവകല്ലറകളിൽ സംതൃപ്തരായി കഴിയുന്നു ''പതിനായിരങ്ങളിൽ കുറച്ചു പേർ എന്നെ അന്വേഷിക്കുന്നു. അതിലൊരുവൻ മാത്രമാണെന്നെ കണ്ടെത്തുന്നു''.

(ഭഗവദ്ഗീത)

മനുഷ്യനായിരിക്കുന്നിടത്തോളം കാലം അവന് പലവിധങ്ങളായ നിരാശ ഗർത്തങ്ങളിലൂടെ കടന്ന് പോവേണ്ടിയിരിക്കുന്നു. ('Slough of Despond' in Bonyan's Pilgrim's Progress) തുടക്കം തന്നെ ഒരു പക്ഷെ നമ്മുടെ വേദനകളിൽ നിന്നും അസ്വസ്ഥതകളിൽ നിന്നുമാവാം. വേദനയെ ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല. അന്വേഷണം തന്നെ വേദനയാണ്. വേദന വേദമാണ്. വേദം വെളിച്ചവും.

ഹെർമൻ ഹെസ്സെയുടെ (Hermann Hesse) 'സിദ്ധാർത്ഥ' വളരെയധികം പ്രശംസിക്കപ്പെട്ട ഒരു നോവലാണ്. 'ഹെസ്സെ' നോബൽ സമ്മാനം നേടിയ എഴുത്തുകാരനാണ് സത്യമന്വേഷിക്കുന്ന ഒരു വ്യക്തിയുടെ — സിദ്ധാർത്ഥയുടെ — പ്രയാണത്തിന്റെ കഥകളാണ് നോവലിനാധാരം. തന്റെ തന്നെ അപൂർണ്ണതയെ തൂത്തെറിയാൻ ഓരോ വഴികളിലൂടെ അദ്ദേഹം സഞ്ചരിച്ചുനോക്കി. സിദ്ധാർത്ഥ അന്വേഷണമാരംഭിച്ചതുതന്നെ ബന്ധനത്തിന്റെ കണ്ണികൾ പൊട്ടിച്ചെറിഞ്ഞു കൊണ്ടായിരുന്നു. സ്വന്തം പിതാവിനോട് യാത്രയും പറഞ്ഞ് അദ്ദേഹം സന്യാസം സ്വീകരിക്കുന്നു. അവിടെയും അവന് സമാധാനം കണ്ടെത്താൻ കഴിഞ്ഞില്ല. ഓരോ വസന്തം വിരിയുമ്പോഴും, ഇലകൾ കൊഴിയുമ്പോഴും സിദ്ധാർത്ഥ അന്വേഷിക്കുകയായിരുന്നു.

" Strange dreams were reflected in his enlarged eyes. The nails grew long on his thin fingers and a dry, bristly beard appeared on his chin. His glance become icy when he encountered women; His lips curled with contempt when he passed through a town of well dressed people. He saw business men trading, Princes going to the hunt, mourners weeping over their dead, prostitutes offering themselves, Doctors attending the sick, Priests deciding the day for sowing, lovers making love, mothers soothing their children - and all were not worth a passing glance, everything lied, stank of lies, they were all illosions of sence, happiness and beauty. All were doomed to decay. The world tasted bitter. Life was pain "

(HERMANN HESSE, P : II)

സിദ്ധാർത്ഥക്ക് ഒറ്റ ലക്ഷ്യമേ ഉണ്ടായുള്ളു. ആഗ്രഹങ്ങളിൽ നിന്നും, മോഹങ്ങളിൽ നിന്നും, സ്വപ്നങ്ങളിൽ നിന്നും മോചനം നേടുക. ദുഃഖങ്ങളിൽ നിന്നും സുഖങ്ങളിൽ നിന്നും സ്വതന്ത്രനാവുക. കാട്ടിൽ കായ്കനികളും ഭക്ഷിച്ച് അദ്ദേഹം അലഞ്ഞു നടന്നു. മന്ത്രങ്ങളും ഭജനകളും പാടി കഠിനമായി ഉപവസിച്ചു. ഒരിക്കൽ ശ്രീബുദ്ധനുമായി സംസാരിച്ചു. പക്ഷെ ഒന്നിനും അദ്ദേഹത്തെ തൃപ്തനാക്കാൻ കഴിഞ്ഞില്ല. തന്റെ സുഹൃത്തായ ഗോവിന്ദയോട് യാത്രയും പറഞ്ഞ് അയാൾ നഗരത്തിലെത്തുന്നു. കമല എന്ന ഒരു സ്ത്രീയുമായി അടുക്കുന്നു. സിദ്ധാർത്ഥ സന്യാസമുപേക്ഷിച്ച് നഗരത്തിൽ തന്നെ കച്ചവടം ചെയ്തു ധനവാനാകുന്നു.

എന്നിട്ടും സിദ്ധാർത്ഥയുടെ തേങ്ങലുകളടങ്ങിയില്ല. ഒരു ദിവസം കമലയോടും നഗരത്തോടും യാത്ര പറയുന്നു. വർഷങ്ങൾക്കു മുമ്പ് പരിചയപ്പെട്ട ഒരു തോണിക്കാരനെ കണ്ടുമുട്ടുന്നു. ശേഷിച്ച ജീവിത കാലം മുഴുവൻ ഒരു കടത്തുകാരനായി സിദ്ധാർത്ഥ കഴിയുന്നു. നിശ്ശബ്ദമായി ഒഴുകുന്ന പുഴ അവനെ പലതും പഠിപ്പിച്ചു. അതിന്റെ നിതാന്തമായ ശാന്തത അനന്തതയെ കുറിച്ചുള്ള ആദ്യത്തെ ബോധം സിദ്ധാർത്ഥയിലുളവാക്കി. പുഴയുടെ സംഗീതം മനസ്സിന്റെ ഉള്ളറകളിലെവിടെയെല്ലാമോ നന്തുടികൊട്ടുന്നു. പുഴ 'ഓം' എന്നു മന്ത്രിക്കുന്നു.

"Then from a remote part of his soul, from the past of his tired life, he heard a sound. It was one word, one syllable, the holy 'Om', which had the meaning of perfect 'one' or perfection"

(Hesse)

അവസാനം സിദ്ധാർത്ഥ സത്യത്തിലെത്തുന്നു. അസ്വസ്ഥതയിൽനിന്നു തുടങ്ങിയ ആ അന്വേഷണം അവസാനിച്ചത് അനന്തമായ ശാന്തതയിലായിരുന്നു. സ്വന്തം തോടുകളിൽ നിന്ന് പുറത്തു വരാൻ സിദ്ധാർത്ഥ തയ്യാറായിരുന്നു.



കാർലോസ് കാസ്റ്റനേദയുടെ പുസ്തകങ്ങൾ (Carlos Castaneda) അമേരിക്കയിൽ വളരെയധികം വിവാദങ്ങളും കോളിളക്കങ്ങളും സൃഷ്ടിച്ച ഒന്നാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ ലക്ഷക്കണക്കിനു പ്രതികൾ വിറ്റഴിഞ്ഞുവത്രെ. മെക്സിക്കൻ മരുഭൂമിയിലെ ഒരു മാന്ത്രികന്റെയും അദ്ദേഹത്തിന്റെ അടുക്കൽ ശിഷ്യത്വം സ്വീകരിച്ച ലേഖകന്റെയും അനുഭവങ്ങളും തത്വചിന്തകളുമാണ് പുസ്തകത്തിലെ വിഷയങ്ങൾ. Teachings of Donjuan, Tales of power എന്നിങ്ങനെ നാലോ അഞ്ചോ പരമ്പരകൾതന്നെ ഇറങ്ങിയിട്ടുണ്ട്. പുസ്തകത്തിൽ വിവരിക്കുന്ന പല സംഭവങ്ങളും, ചിന്താധാരകളും, മനുഷ്യജീവിതത്തിന്റെ മൗലികപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുന്നു. ഡോൺജുവാനും ശിഷ്യനും തമ്മിൽ നടക്കുന്ന ഒരു സംവാദം കേൾക്കുക :

"നാം ഒരു കുമിളയ്ക്കകത്താണ്. ഭൂമിയിൽ പിറക്കുമ്പോൾ നാം അതിന്റെ ഉള്ളിലേക്കാണ് നേരേ വീഴുന്നത്. ആദ്യം ഈ കുമിള തുറന്നിരിക്കുന്നു. പിന്നെ അത് അടയുവാൻ തുടങ്ങുകയും അവസാനം നമ്മെ മുഴുവൻ മൂടിക്കളയുകയും ചെയ്യുന്നു. അതിന്റെയുള്ളിലാണ് നമ്മുടെ പിന്നത്തെ ജീവിതം. ഈ കുമിള നമ്മുടെ ബോധമാണ്. അതിന്റെ വർത്തുളമായ ഭിത്തിയിൽ നാം കണ്ടുകൊണ്ടിരിക്കുന്നത് നമ്മുടെ പ്രതിഛായ മാത്രം."

(Castanoda.
–Teachings of Donjuan.)

ഈ കുമിളയ്ക്കകത്തു നിന്ന് മോചനം നേടിയാലെ നാം പൂർണ്ണരാവൂ. സിദ്ധാർത്ഥയെപ്പോലുള്ളവർ തങ്ങളെ തളച്ചിട്ടിരുന്ന ആ ബോധത്തിൽ നിന്ന് മുക്തരായി. അവർ അവസാനം ശൂന്യമായി വിലയം

പ്രാപിച്ചു. കാലദേശ നിമിത്തങ്ങളുടെ കെട്ടുകൾ പൊട്ടുമ്പോൾ മനുഷ്യൻ ജഗത്തുമായി വിലയം പ്രാപിക്കുന്നു. അവിടെ അവൻ ജ്ഞാനത്തിന്റെ സംപൂർണ്ണത കണ്ടെത്തുന്നു.

സർവ്വം ഖല്വിദം ബ്രഹ്മ:
(ഇതെല്ലാം ബ്രഹ്മം തന്നെ)

(ഉപനിഷത്ത്).

"...എന്റെ ശരീരം നഷ്ടപ്പെട്ടു എന്നെനിക്ക് തോന്നി..."

സത്യത്തെ അഥവാ തന്റെ തന്നെ സത്തയെ ദർശിക്കുമ്പോഴുണ്ടാകുന്ന അനുഭവത്തെ വാക്കുകളിലൊതുക്കുക എന്നതു പ്രയാസമാണ്. ആ അനുഭവമുണ്ടായിട്ടുള്ളവർതന്നെ ചുരുക്കമാണ്. ആ അനുഭവത്തിനു തെളിവുകളാവശ്യപ്പെടുന്നതു ബാലിശമാണ്. അനുഭൂതിയാണ് പ്രധാനം. ആ അനുഭൂതിക്കുവേണ്ടി പ്രയത്നിക്കുക. അല്ലാതെ മാറിനിന്നു ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാൽ അർത്ഥമില്ലാത്ത ചില വെല്ലുവിളികൾ മാത്രമേ ഉണ്ടാവൂ. എന്തിനാണ് നാം തെളിവുകൾ ആവശ്യപ്പെടുന്നതു്? ആരെ ബോധ്യം വരുത്താനാണ്? സ്വയം ബോദ്ധ്യപ്പെടാൻ ശ്രമിക്കുക. ടെസ്റ്റ്ട്യൂബുകളിൽ ഒരുപക്ഷേ നമുക്ക് ഓക്സിജനെ സൃഷ്ടിക്കാൻ കഴിഞ്ഞേക്കാം. അതുകൊണ്ട് ടെസ്റ്റ്ട്യൂബ് കൊണ്ടുതന്നെ സത്യത്തിന്റെയും മാറ്റുരയ്ക്കണമെന്നു ആവശ്യപ്പെടുന്നവർ, അല്പജ്ഞാനികളും അന്ധവിശ്വാസികളുമാണ്. ടെസ്റ്റ്ട്യൂബിനുള്ളതു് ടെസ്റ്റ്ട്യൂബിനും സത്യത്തിനുള്ളതു് സത്യത്തിനും വിട്ടുകൊടുക്കുക.

ചോദ്യം ചെയ്യുക എന്നതു് വളരെ എളുപ്പമാണ്. യുക്തികൊണ്ടു് ഒരിക്കലും 'സത്യാനുഭവങ്ങളെ' ന്യായീകരിക്കാൻ കഴിയില്ല. യുക്തിക്കു അതീതമായ ഒരിടത്തേക്കാണ് നമ്മുടെ അന്വേഷണം തിരിയുന്നതു്. യുക്തികൊണ്ടു് ഈ ലോകത്തിലെ എല്ലാ പ്രതിഭാസങ്ങളേയും വ്യാഖ്യാനിക്കാൻ കഴിയുമെന്നു് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടോ? എങ്കിൽ..

പ്രത്യക്ഷ ദൃഷ്ടിക്കു ഗോചരമല്ലാത്ത
സത്യത്തിൻ കാലം കഴിഞ്ഞുവെങ്കിൽ
കാണാത്ത വിദ്യുത്പ്രവാഹത്തി—
ലോടുന്ന
കാലത്തെപ്പറ്റി നാമെന്തു ചൊല്ലും?

(അക്കിത്തം).

ഇനിയും വെല്ലുവിളിക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരെ അതിനു് അനുവദിക്കുക. അവരെ കരയാൻ വിട്ടേക്കുക. അവർ കരയട്ടെ. അവരുടെ കരകാക്കും ഓളിവെള്ളുലുകൾക്കും അകലെയാണ് നമുക്ക് എത്തേണ്ടതു്. അവരെ എതിർക്കേണ്ട. നമുക്ക് നമ്മുടെ തന്നെ സ്വഭാവത്തെ കരുപ്പിടിപ്പിക്കേണ്ടതുണ്ട്.

" We reject none. Neither theist nor pantheist, monist, polytheist, agnostic nor atheist. The only condition of being a disciple is modelling a character."

(Swami Vivekananda)

തങ്ങൾ എത്തിച്ചേർന്ന പൂർണ്ണതയ്ക്കു് മനുഷ്യൻ പല പേരുകൾ കൊടുത്തു. ചിലർ അതിനെ സത്യം എന്നു വിളിച്ചു. മറ്റുചിലർ ദൈവം എന്നും വേറൊരുവർ 'ഓം' എന്നും വിളിക്കുന്നു. ഓരോ മതക്കാർ തങ്ങളുടെ സ്ഥാപകരുടെ പേരുകൾ കൊടുത്തു. പക്ഷെ പേരുകൾ പലതാണെങ്കിലും എല്ലാവർക്കുമുണ്ടായ അനുഭവം ഒന്നാണ്. അനുഭവം വ്യത്യസ്തമാണെങ്കിൽ അതിനെ കേവലം എന്നു വിളിക്കാൻ

പററില്ലല്ലോ. സത്യം എന്നതു് ഒന്നേയുള്ളു. ഹിന്ദുവിനു് ഒരു സത്യം, മുസ്ലീമിനു് വേറൊരു സത്യം, ക്രിസ്ത്യാനിക്കു് മറെറാരു സത്യം എന്നെല്ലാം വന്നാൽ സത്യത്തിൻെറ സത്ത തന്നെ നഷ്ടപ്പെടും.

Without difference there is no thought
With difference there is no reality

(Sankaracharya)

അതുകൊണ്ടു് അനുഭവം എല്ലാവർക്കും ഒന്നു തന്നെയാണു്. ആ അനുഭവത്തെ പല പേരുകളാൽ വിളിക്കുന്നു എന്നുമാത്രം. ഈ അനുഭവമുണ്ടാവുന്ന മാത്രയിൽ നാം നമ്മുടെ ദുഃഖങ്ങളെ മറികടക്കുന്നു. അജ്ഞതയാണു് നമ്മുടെ ദുഃഖത്തിനു് കാരണം എന്നു മനസ്സിലാവുന്നു. അജ്ഞതയുടെ മുഖാവരണം നീക്കി ജ്ഞാനം സ്വയം പ്രകാശിക്കുന്നു. ഈ ദർശനത്തിൽ അഹംബോധവും തന്നെക്കുറിച്ചുള്ള സ്വപ്നങ്ങളും നഷ്ടപ്പെടുന്നു. സ്വാർത്ഥത പിൻമാറുന്നു. വികാരങ്ങളും, ദുഷിച്ച വിചാരങ്ങളും മാറി സച്ചിദാനന്ദമാകുന്നു. (സത്‌ + ചിത്‌ + ആനന്ദം). അവിടെ ജഗത്തും മനുഷ്യനുമായി അലിഞ്ഞുചേരുന്നു. മനുഷ്യൻ പൂർണ്ണനാവുന്നു. ദുഃഖവും, സുഖവും, വേദനയും, കഷ്ടപ്പാടും ഇല്ലാതാവുന്നു. കാസ്റ്റനേദ തൻെറ അനുഭവം വിവരിക്കുന്നതു നോക്കൂ :

''സത്യത്തിൽ എൻെറ ശരീരം നഷ്ടപ്പെട്ടു എന്നുതന്നെ എനിക്കുതോന്നി.''

ഗുരു : ''ശരിയാണു്. നിനക്കു് നിൻെറ ശരീരം നഷ്ടപ്പെട്ടു.''

ശിഷ്യൻ : ''ഞാൻ ചോദിക്കട്ടെ, വാസ്തവത്തിൽ എൻെറ ശരീരം ഇല്ലാതായി എന്നാണോ പറയുന്നതു് ?''

ഗുരു : ''അതേപ്പററി നിനക്കു് തോന്നുന്നതു് എന്താണു് ?''

ശിഷ്യൻ : ''അതെനിക്കു് പറയുവാൻ സാദ്ധ്യമല്ല. എനിക്കു് എന്തു് അനുഭവമാണു് ഉണ്ടായതെന്നു് മാത്രമേ പറയാൻ കഴിയൂ...''

ഗുരു : ''സത്യം അതുമാത്രമാണു്. നിനക്കുണ്ടായ അനുഭൂതി അതുമാത്രം.''

അതേ, അതുമാത്രം. തത്വമസി ! ''അതിനെ അസ്ത്രങ്ങൾ മുറിവേല്പിക്കില്ല. വെള്ളം നനക്കില്ല. തീയു് ദഹിപ്പിക്കില്ല. കാററു് വരട്ടുന്നില്ല '' (ഭഗവദ്ഗീത.)

**''..ദക്ഷപുത്രന്മാരേ, ബ്രഹ്മാണ്ഡത്തിൻെറ വ്യാപ്തി മനസ്സിലാക്കി വരൂ...''**

അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ

(തിന്മയിൽ നിന്നു് എന്നെ നന്മയിലേക്കു് നയിക്കണേ ! ഇരുട്ടിൽ നിന്നു് എന്നെ വെളിച്ചത്തിലേക്കു് നയിക്കണേ ! മൃത്യുവിൽ നിന്നു് എന്നെ അമൃതത്തിലേക്കു് നയിക്കണേ !)

–ഉപനിഷത്തു്.

തമസ്സിൽ നിന്നു് ജ്യോതിസ്സിലേക്കും, പാരതന്ത്ര്യത്തിൽ നിന്നു് സ്വാതന്ത്ര്യത്തിലേക്കും, അപൂർണ്ണതയിൽ നിന്നു് പൂർണ്ണതയിലേക്കുമാണു് നമ്മുടെ പ്രയാണം. ആപൽപൂർണ്ണവും സഹതാപശൂന്യവുമായ ഈ ലോകത്തു് ജീവിതം തളച്ചിടുവാൻ മാത്രം ശപിക്കപ്പെട്ടവനല്ല മനുഷ്യൻ. സ്വാതന്ത്ര്യത്തിനുള്ള സമയമായിരിക്കുന്നു. ഉണരുവിൻ ! ദുഃഖങ്ങളെക്കുറിച്ചുള്ള വിലാപങ്ങൾക്കിനിയും അർത്ഥമില്ല. ഒരു

പുഴ സൃഷ്ടിക്കാൻ വേണ്ടത്ര കണ്ണീരുകൾ ഇവിടെ ഒഴുക്കപ്പെട്ടിട്ടുണ്ട്. അതിനാൽ നിങ്ങളുടെ ഈ ഒററ കണ്ണുനീർകൊണ്ട് എന്താണ് നേടാനുള്ളത്? കരയാതിരിക്കൂ സഹോദരാ.

“ബോലോനാ കാതരസ്വരേ നാകരി
വിചാര് ജീവന് സ്വപ്നമായാർ
സംസാർ”

(ജീവിതം സ്വപ്ന സമാനവും മായാ പ്രപഞ്ചവുമാണെന്ന് ആലോചനയൊന്നും കൂടാതെ വിഷാദപൂർണ്ണമായ സ്വരത്തിൽ പറയാതിരിക്കൂ.)

—ടാഗോർ (ഗോറ)

മുഖംമൂടികൾ മാത്രം വലിച്ചെറിഞ്ഞതുകൊണ്ട് കാര്യമായില്ല. തളരാതെ മുന്നോട്ട് പോകാൻ ഒരുങ്ങുക. ധീരതയായിരിക്കട്ടെ നമ്മുടെ മുഖമുദ്ര.

“അന്ധകാരത്തിന്റെ കീഴടക്കപ്പെട്ട
തീരങ്ങളിൽ
മനുഷ്യൻ
നെററിയിൽ ഒരു ശരവുമായി
പ്രത്യക്ഷപ്പെട്ടു.
അവന്റെ തുടുത്ത വക്ത്രം
ജയസൂചകമായ ഒരു കമാനംപോലെ
വിവൃതമായിരുന്നു.
ഭ്രമണം ചെയ്യുന്ന സൂര്യനോട്
ഇവിടെയും അവിടെയും
നിശ്ചലനാവാൻ
അവൻ സ്വേച്ഛപോലെ
ആജ്ഞാപിച്ചു.
പിന്നെ ഭൂമിയിലെ
ഒരിരുണ്ട കുരസ്സുള്ളിൽ നിന്നും
മന്ദ്രഗംഭീരമായ സംഗീതത്തിന്റെ
സ്വർണ്ണവീചികൾ പുളച്ചുയർന്നു.
സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിൽ
മൗലിക ഗാനത്തിന്റെ സ്തംഭം പോലെ
മനുഷ്യൻ നിലകൊണ്ടു.”

(ഇവാൻഗോൾ എന്ന ജർമ്മൻ
കവിയുടെ ‘സൃഷ്ടി’ എന്ന കവിത)

മനുഷ്യൻ എന്ന വെച്ചാലതാണ്. ഭൂമിയിൽ നിന്ന് ആകാശത്തേക്കുയരുന്ന അത്ഭുത പ്രതിഭാസം! ലൗകികതയിൽ നിന്നും അലൗകികതയിലേക്കാണ് നമ്മുടെ പ്രയാണം. പണ്ട് ദക്ഷപ്രജാപതിയുടെ പുത്രന്മാരായ ഹര്യശ്വന്മാർ പിതൃനിയോഗമനുസരിച്ച് സൃഷ്ടികർമ്മത്തിനു മുതിർന്നു. അപ്പോൾ മഹർഷിയായ നാരദൻ അവരോട് പറഞ്ഞു.

“ദക്ഷപുത്രന്മാരെ, ആദ്യം ബ്രഹ്മാണ്ഡത്തിന്റെ വ്യാപ്തി മനസ്സിലാക്കി വരൂ. എന്നിട്ടാകാം സൃഷ്ടി.”

ഇതനുസരിച്ച് ഹര്യശ്വന്മാർ ബ്രഹ്മാണ്ഡത്തിന്റെ നീളവും വീതിയും അളക്കാൻ ശ്രമിച്ചു. ഒടുവിൽ അപാരതയിൽ ലീനരായിച്ചേർന്നു. നദികൾ സമുദ്രത്തിലെന്നപോലെ.

"Space, time and cause which are the forms of all experience are not ultimates. The real is obscured by them. If we get beyond the distinctions of places, moments and events, it is said the world of diversity will collapse into a single unit".

(Dr. Radhakrishnan
Indian Philosophy–Part II P: 560)

## ലോകാഃ സമസ്താഃ സുഖിനോ ഭവന്തുഃ

സ്വാർത്ഥതകളുടെ കെട്ടുകൾ പൊട്ടുമ്പോൾ നാം വിമുക്തരാകുന്നു. അഹംബോധത്തിൽ നിന്ന് ആത്മബോധത്തിലേക്കാവട്ടെ വളർച്ച. പൂർണ്ണതയിലെത്തുന്നതുവരെ മനുഷ്യൻ ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും അടിമയാണ്. വികാരങ്ങളു

(ശേഷം 88-ാം പേജിൽ)

# പരിദേവനം

നാഥ, ഞാൻ തിരിച്ചെത്തി
　　താവക പാദാന്തികെ
വാടിയ മലരായൊ-
　　ന്നിവിടെയടിഞ്ഞോട്ടെ.

നിന്നെ ഞാൻ മറന്നിങ്ങീ-
　　യുലകിലിതുവരെ
സന്തോഷം തേടിച്ചുററി-
　　ക്കറങ്ങിയലഞ്ഞല്ലൊ

പ്രേമത്തിൻ തിളക്കത്തിൽ
　　കർത്തവ്യ ബാഹുല്യത്തിൽ
കേമത്തമിയലുന്ന
　　സമ്പദ്സമൃദ്ധിയിലും,

ഉന്നത ശൃംഗങ്ങളെ-
　　ക്കാളുമുയരത്തിൽ,
പിന്നെയത്യഗാധമാ-
　　മാഴിതൻ ഏതന്തത്തിൽ ;

ജീവിത മരുഭൂവിൽ
　　ശാന്തിയെ മൃഗതൃഷ്ണ-
കേവലമിതുപോലു-
　　മറിയാതലഞ്ഞല്ലൊ.

ചിറക വിടർത്തിയ-
　　കൊച്ചുപക്ഷിയക്കാണം.

മലകൾക്കുമപ്പുറം
പറന്നു പറന്നതു

തളർന്നു, പിന്നെ യന്തി-
യാകുമ്പോഴും തിരിച്ചെത്തി

തനിയെ കൂട്ടിലങ്ങു
വിശ്രമിക്കുന്നപോലെ

താന്തമെന്നാത്മാവിന്നു
താവക പദാന്തികെ

താണു വന്നണഞ്ഞൊന്നു
ശാന്തിയെ ധ്യാനിക്കട്ടെ.

പത്രികം വിരിച്ചാട്ടു-
മെന്നുടെയഹന്തയെ

ഉൽക്കടശക്തിയോടെ
ചവിട്ടി മെതിച്ചാലും !

അക്കഴൽച്ചുവിട്ടേറെ-
നാളിൽ ഞാനൊതുക്കിയ

ദുഃഖത്തിൻ ശിലപൊട്ടി
ഗംഗയൊന്നൊഴുകട്ടെ.

വേടന്റെ ക്രൂരമ്പിനാൽ
കിനിഞ്ഞ ചുടുരക്തം

ഞാനെന്റെ കണ്ണീരിനാൽ
കഴുകിക്കളയട്ടെ.

വാടിയ മലരാണു, നിൻ
തിരുമാറിലെ പൂ-

മാലയിലൊരു പൂവാ-
യിടുവാനർഹയല്ല.

അപ്പദാംബുജത്തിലെ
രേണുവായടിഞ്ഞോട്ടെ.

അക്കഴൽ ചുംബിച്ചെന്റെ
മാനസമുറങ്ങട്ടെ !

ബി. വത്സല



മരിച്ച സന്ധ്യ. കറുത്ത രാത്രികൾക്കുശേഷം ചന്ദ്രന്റെ ജനനം.

അയാൾ നിശബ്ദനായിരുന്നു; കാരണം വാക്കുകളില്ലായിരുന്നു, മാധ്യമങ്ങളില്ലായിരുന്നു.

ആവർത്തനങ്ങളുടെ അന്ത്യത്തിൽ അയാൾ മന്വന്തരങ്ങളെ ധ്യാനിച്ചു. ധ്യാനത്തിന്റെ ഉച്ചാവസ്ഥയിൽ അയാൾക്കു് നഷ്ടപ്പെട്ടു! അയാളെത്തന്നെ.

സമൂഹത്തിന്റെ പൊട്ടിച്ചിരിയിൽ ഏകാന്തന്റെ ദുഃഖം!

## മരണം

ജോസ്‌ ഫിലിപ്പ്. എം.
ക്ലാസ്സ് I മലയാളം

വിങ്ങുന്ന മനസ്സും തോളിലേററി നടന്നു; എങ്ങോട്ടെന്നില്ലാതെ. തെന്നിപ്പോകുന്ന കാലുകൾ. തളരുന്ന ശരീരം.

ദുർബ്ബല ശരീരത്തെ മനസ്സ് ശപിച്ചു. മനസ്സ് ശരീരത്തേയും. മനസ്സിന്റെ വേദന ശരീരത്തിനോ, ശരീരത്തിന്റേതു് മനസ്സിനോ മനസ്സിലായില്ല. കാരണം അയാൾ ചിരിക്കുന്ന മൃഗമായിരുന്നു.

ഏകാന്തതയുടെ ചരടുകൾ വരിഞ്ഞു മുറുകി. പക്ഷെ പൊട്ടിയില്ല. അവയ്ക്കു് ചങ്ങലയെക്കാൾ ഭാരമുണ്ടായിരുന്നു. ബലമുണ്ടായിരുന്നു.

മരിച്ച നിലാവ്. വിജനമായ വീഥി. വികൃതമായ ചിത്രങ്ങൾ. ചിത്രകാരന്റെ മുഖം മങ്ങി. വിളറിയ ചിരി. കാരണം ചിത്രങ്ങൾ നിർജ്ജീവങ്ങളായിരുന്നു. വികൃതങ്ങളും.

ആസ്വദിക്കുവാൻ കഴിയാതെ മുഖം മറച്ചു. ഇരുട്ട് പരന്നു.

പട്ടികളുടെ ഓരിയിടൽ. തച്ചൻ കോഴിയുടെ കൂവൽ. അകലെ – തിളങ്ങുന്ന കണ്ണുകൾ. അങ്ങോട്ട് നടന്നു.

നടപ്പിന്റെ അന്ത്യത്തിൽ; അയാൾ തളർന്നു. കിടന്നു. പൂഴിമണ്ണിൽ.

അയാൾക്കു് അയാളെത്തന്നെ നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു, മററുള്ളവരേയും.

കൈകൾ മണ്ണിൽ പരതി. ഒന്നിൽ തടഞ്ഞു. ഒരു ശരീരം! ലഹരിയോടെ തടവി. വാരിപ്പുണർന്നു. തണുപ്പ് ചൂടിനെ ഗ്രസിച്ചു.

ഗ്രസനത്തിന്റെ അന്ത്യത്തിൽ അയാൾ ഞെട്ടിയുണർന്നു —

ശക്തിയായ ഓരിയിടൽ. മരണത്തിന്റെ മണം. വിളറിയ ചന്ദ്രന്റെ നിർജ്ജീവ നിലാവ് അകലെ ശ്മശാനം. ദൂരെ കഴുകന്റെ ചിറകടി.

അയാൾ എഴുന്നേററു. അരികിൽ കിടക്കുന്ന ശരീരത്തെ തുറിച്ചുനോക്കി. അതു് നിർജ്ജീവമായിരുന്നു. മരണത്തിന്റെ മണം രൂക്ഷമായി. അയാൾ ഭയന്നില്ല. കാരണം നിർവ്വികാരത അയാളുടെ ഏക വികാരമായിരുന്നു.

തെന്നുന്ന കാൽവെപ്പുകളോടെ ഭാരവുമായി നടന്നു. ശ്മശാനത്തിൽ ശരീരം കിടത്തി. അവജ്ഞയോടെ നോക്കി. ഞെട്ടി!

പെട്ടെന്നയാൾ ചിരിച്ചു. ഉറക്കെ അട്ടഹസിച്ചു. ചിരി കരച്ചിലായി, കരച്ചിൽ നിർവ്വികാരതയായി.

നിശ്ശബ്ദതയുടെ ഏതോ ഒരു നിമിഷത്തിൽ അയാൾ ആ ശരീരത്തെ പുണർന്നു. ഗാഢമായി.

അതു്..........അയാളുടേതായിരുന്നു.

(84-ാം പേജിൽനിന്നും തുടർച്ച)

ടേയും യുക്തിയുടേയും തൊങ്ങലുകൾ തല്ലിയുടക്കുക. സദ്ശക്തിയുടെ ഉറവിടമാകണം നമ്മൾ. ഇന്ദ്രിയങ്ങളുടെ കളിപ്പാവകളാകാൻ അനുവദിക്കാതിരിക്കുക. കുടിലതയുടേയും സ്വാർത്ഥതയുടേയും സ്ഥാനത്ത് നിസ്വാർത്ഥതയുടെ സംഗീതം ഉയരട്ടെ.

"When we rise into intotion, where the subject and object coincide, we realise the truth of the ultimate consciousness"

(Dr. Radhakrishnan)

ധ്യാനമാണ് നമ്മുടെ മോചനം. ലോകത്തെത്തന്നെ പിടിച്ചു കുലുക്കിയാലും വേണ്ടില്ല. സത്യത്തെ നേരിൽ കണ്ടാലേ പിൻവാങ്ങൂ എന്ന ദൃഢപ്രതിജ്ഞയെടുക്കുക. നമ്മെ ചൂഴ്ന്നു നില്ക്കുന്ന തൊങ്ങലുകൾക്ക് ആവരണം ഇടുക. അതിനുവേണ്ടിയുള്ള ശ്രമത്തിൽ കത്തിയെരിയേണ്ട മെഴുകുതിരിയായാൽപ്പോലും, നിമിഷങ്ങൾ തന്ന അനശ്വരതക്ക് നന്ദി പറയുക. ബന്ധങ്ങൾക്ക് വിരാമമിടുക. ഒന്നെന്ന ബോധം ആത്മാവിലുണർത്തുക

സമം സർവേഷു ഭൂതേഷു
തിഷ്ഠന്തം പരമേശ്വരം
വിനശ്യത്സു വിനശ്യന്തം
യഃ പശ്യതി സ പശ്യതി

(സമസ്തഭൂതങ്ങളിലും ഒരുപോലെ കുടികൊള്ളുന്നവനും നശ്വരങ്ങളിൽ അനശ്വരനുമായ പരമേശ്വരനെ കാണുന്നവനത്രെ കാണുന്നവൻ. അവൻ ആത്മാവിനെ ഹിംസിക്കുന്നില്ല——

(ഭഗവദ്ഗീത 13, 27, 28)

ഇതൊരു തീർത്ഥാടനമാണ്. മറുപടി പറയാൻ സമയമില്ല. തിസീസുകൾ



സമർപ്പിക്കാൻ ഉദ്ദേശമില്ല. ചർച്ചകൾക്കും സെമിനാറുകൾക്കും 'പേപ്പറുകൾ പ്രസന്റ്' ചെയ്യാൻ സമയമില്ല. പുസ്തകം പ്രസിദ്ധീകരിച്ച് പ്രീ പബ്ലിക്കേഷനിൽ വിററഴിക്കാൻ ഉദ്ദേശ്യമില്ല. സത്യത്തെ വ്യഭിചരിക്കുന്നവരുണ്ടാവും. നമുക്ക് അന്വേഷിക്കാം. ഈ അന്വേഷണം തന്നെ നമുക്ക് സംതൃപ്തി തരട്ടെ. പലരും ഇതിനെ പരിഹസിച്ചേക്കാം. അവരെ വെറുതെ വിട്ടുകൊണ്ട് അന്വേഷണം തുടരാം.

"......He was eternally a pilgrim, haunted by divine nostalgia. There are men whose desire for truth is so great that to attain it they will shatter the very foundations of their world".

(Somerset Maugham.
Moon and sixpence P: 195)

ലോകസംഗ്രഹാർത്ഥം നമുക്ക് കർമ്മം ചെയ്യാം. എല്ലാവരുടേയും സുഖത്തിനും ക്ഷേമത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം. ലോകത്തുള്ള സകല പ്രജകൾക്കും മംഗളം ഭവിക്കട്ടെ. ദുഃഖങ്ങളും, വേദനകളും, പട്ടിണിയും വഴിമാറട്ടെ.

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
(സർവ്വലോകരും സുഖികളായി വരേണമേ)

## "ആണിയടിക്കപ്പെട്ടവർ വഴിയൊരുക്കുന്നു."

ഭൗതികവാദിക്ക് ഒരു കത്ത്.

പ്രിയ സഹോദരാ

എന്നെ പരിഹസിക്കുക എന്നതാണല്ലോ താങ്കളുടെ തൊഴിൽ. ഒരുപക്ഷെ ഞാനെഴുതിയ ഈ വരികൾ തന്നെ എന്റെ അപൂർണ്ണതയുടെ ലക്ഷണങ്ങളാവാം.

പൂർണ്ണതയിലേക്കാണ് എന്റെ പ്രയാണം.

എന്നെ തടസ്സപ്പെടുത്താതിരിക്കൂ

ജീവിതത്തിന്റെ ദുരൂഹതയുടെ കെട്ടുകളഴിക്കാൻ എന്നെ അനുവദിക്കൂ.

താങ്കളുടെ ഭൗതികവാദത്തിൽ കുറെനാൾ ഞാൻ അഭയം പ്രാപിച്ചു. എന്തുകൊണ്ടോ, എന്റെ സഹോദരാ, എനിക്കതിൽ സ്വസ്ഥത കിട്ടിയില്ല.

ഞാൻ ജീവിക്കുന്ന ലോകത്തെക്കുറിച്ച് എനിക്ക് ബോധമുണ്ട്. ന്യൂക്ലിയർ ആയുധങ്ങൾ വികൃതമാക്കപ്പെടുന്ന മനുഷ്യജീവികളെപ്പററി ഞാൻ നെടുവീർപ്പിടുന്നു. നിങ്ങളുടെ കൂററൻ ഫാക്ടറികളിൽ നിന്നുയരുന്ന വിഷപ്പുക എന്റെ ശ്വാസകോശങ്ങളിൽ നീരുകൾ തളം കെട്ടിച്ചിരിക്കുന്നു. ഞാൻ കുടിക്കുന്ന വെള്ളത്തിൽപ്പോലും വിഷാംശങ്ങൾ കലർന്നിരിക്കുന്നു.

ഒരുപക്ഷെ താങ്കൾക്ക് ഫ്രിഡ്ജുകളിൽ തണുപ്പിച്ച ബിയർ കുടിക്കുമ്പോൾ അസ്വസ്ഥത തോന്നുന്നില്ലാവാം. പക്ഷെ എല്ലുകളുന്തിയ വയറൊട്ടിയ (ദിവസവും വഴിയിൽ കാണുന്ന) കൊച്ചു കുഞ്ഞുങ്ങളുടെ ചിത്രങ്ങൾ എന്റെ വിശപ്പു കെടുത്തുന്നു.

വെല്ലുവിളിക്കാൻ എനിക്ക് ശക്തിയില്ല. ആകാശങ്ങളിൽ നിന്ന് ഒന്നും വരുന്നുമില്ല.

താങ്കൾ ഈശ്വരനിൽ വിശ്വസിക്കുന്നില്ലെന്ന് എനിക്കറിയാം. പക്ഷെ ശബരിമലയിലും ഗുരുവായൂരമ്പലത്തിലും താങ്കളെ ഞാൻ കണ്ടു.

ക്ഷമിക്കുക.

താങ്കൾ എനിക്കുവേണ്ടി കുരിശുകൾ തീർക്കുന്നുണ്ടെന്നും ഏതോ ഒരു ദുഃഖവെള്ളിയാഴ്ച എന്റെ കൈകാലുകളിൽ ആണിയടിക്കപ്പെടുമെന്നും എനിക്കറിയാം.

എന്തെന്നാൽ ഞാൻ സത്യം പറയുന്നു.

ഒരുപക്ഷെ മരിച്ചുകഴിഞ്ഞ് എനിക്ക് താങ്കൾ സ്മാരകം പണിതേക്കാം. എന്റെ സ്മാരകത്തിനു വേണ്ടി താങ്കൾ ഫണ്ടുകൾ പിരിക്കും. വഴിവക്കുകളിൽ എന്റെ പ്രതിമകൾക്കു മുന്നിൽ കാണിക്കപ്പെട്ടി വെക്കും.

(അവിടെയും താങ്കൾ വിജയിക്കുന്നു. താങ്കൾ ! ജീവിക്കാൻ പഠിച്ചവൻ !)

നാളത്തെ പത്രങ്ങളിൽ എനിക്കു വേണ്ടി താങ്കൾ സപ്ലിമെന്റുകളിറക്കും. സെമിനാറുകളും സിംപോസിയങ്ങളും സംഘടിപ്പിക്കും. (അപ്പോഴും താങ്കൾക്ക് ലാഭം !)

പക്ഷെ

അപ്പോഴും താങ്കൾ സത്യം പറയുന്നവർക്ക് വേണ്ടി കുരിശുകൾ തീർക്കുകയായിരിക്കും.

അന്നും വഴിവക്കുകളിൽ അമ്മമാർ കുഞ്ഞുങ്ങളെക്കൊണ്ട് ഇരക്കും.

ഉദ്യോഗസ്ഥന്മാർ പാഞ്ചാലിമാരുടെ വസ്ത്രമഴിക്കും.

പാവം ക്രിസ്തു ! സോക്രട്ടീസ് !

ജ്ഞാനാനന്ദജി !

(നിങ്ങൾക്കായ് കുരിശുകൾ കാത്തിരിക്കുന്നു.)

പരീക്ഷ സഹോദര

ഞാനീ അന്വേഷണം ഇഷ്ടം. അഭിശപ്തമായ ഈ ലോകത്തിന്റെ മുക്തിക്കായി ഞാൻ ബലിയർപ്പിക്കാൻ തയ്യാറാണ്.

താങ്കൾ എന്റെ തലയിൽ മുൾകിരീടമണിയിച്ച്, മുള്ളുവടികൊണ്ട് ആഞ്ഞടിച്ചുകൊള്ളൂ. എന്നാലും ഞാൻ താങ്കളെ അംഗീകരിക്കില്ല.

എങ്കിലും സഹോദരാ ഞാൻ താങ്കളെ വെറുക്കുന്നില്ല.

നമ്മുടെ രക്തം ഒന്നെന്ന ബോധം താങ്കൾക്ക് മാപ്പുതരാൻ എന്നെ പ്രാപ്തനാക്കുന്നു.

നമ്മൾക്ക് കൈകോർത്ത് പിടിച്ച് പോവാനാവില്ല.

അതെനിക്കറിയാം.

അതുകൊണ്ടാണ് ഞാൻ വഴിയൊരുക്കുന്നത്.

താങ്കൾക്കുവേണ്ടി ഞാൻ വഴിയൊരുക്കുന്നു.

ഞാൻ കാത്തിരിക്കുന്നു.
അതാ അവിടെ...
പുഴയുടെ നേർത്ത നാദം
ഒഴുക്ക് സമുദ്രത്തിലേക്കാണ്.
വിട !

◆

1977 ജൂലൈ 29 മുതൽ പ്രദർശനമാരംഭിക്കുന്നു !

ശ്രീ വർദ്ധിനി പ്രൊഡക്ഷൻസിന്റെ

സത്യവാൻ സാവിത്രി

(കളർ)

— താരങ്ങൾ —

കമലഹാസൻ, ശ്രീദേവി, ഭാസി,
കവിയൂർ പൊന്നമ്മ, ജോസ് പ്രകാശ് etc.

നിർമ്മാണം
ദേവരാജൻ

സംവിധാനം
പി. ജി. വിശ്വംഭരൻ

ഹസീനാ റിലീസ്

അത്യന്താധുനിക സാഹിത്യകാരൻ ഈ സാമൂഹ്യവ്യവസ്ഥിതിയോട് എതിർപ്പുള്ളവനാണെന്ന്. എന്നാൽ അമ്മായിയുടെ തുണി പൊക്കി നോക്കുന്നതിലും (എം. മുകുന്ദൻ), ചെറിയമ്മയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിലും (ഓ. വി. വിജയൻ–ഖസാക്കിന്റെ ഇതിഹാസം) സാമൂഹ്യ വ്യവസ്ഥിതിയോടുള്ള എതിർപ്പ് പ്രകടമാക്കലാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ സാമാന്യ ബോധമുള്ള ഒരാളെ കിട്ടുകയില്ല.

# സാഹിത്യത്തെപ്പററി
# ഒരു ഭൗതികാത്മക വീക്ഷണം

രവീന്ദ്രൻ. എൻ.
II പി. ഡി. സി., ഗ്രൂപ്പ് I

''പണ്ടൊരു രാജകുമാരനുണ്ടായിരുന്നു. സുന്ദരൻ, ശക്തൻ, ധീരൻ, ഒരു രാജകുമാരിയുമുണ്ടായിരുന്നു. ഇടയിൽ വില്ലനായി ഒരു രാക്ഷസനുമുണ്ടായിരുന്നു. ഒടുവിൽ രാജകുമാരൻ രാക്ഷസനെ കൊന്ന് രാജകുമാരിയെ വിവാഹം കഴിച്ച് സുഖമായി ജീവിച്ചു.'' ഈ തരത്തിലുള്ള കഥകൾ കുട്ടിക്കാലത്ത് നമ്മെ ആകർഷിക്കാറുണ്ടായിരുന്നിരിക്കാം. എന്നാൽ ജീവിതം കണ്ടിട്ടുള്ള ഒരാൾക്ക് ഇമ്മാതിരി യക്ഷികഥകളിൽ ശ്രദ്ധിക്കാൻ യാതൊരു താൽപര്യവുമുണ്ടാകില്ല. ഇതുപോലെതന്നെ ഏതു രൂപത്തിലുള്ളതായാലും സാഹിത്യം സാഹിത്യമാണെന്ന് സാധാരണ ജനങ്ങൾ

സമ്മതിയ്ക്കണമെങ്കിൽ അത് ഏതോ കാൽപനിക ലോകത്ത് നടക്കുന്ന സംഭവങ്ങളുടെ ചിത്രീകരണമായിരിക്കരുത്. മറിച്ച് ജീവിതഗന്ധിയായിരിക്കണം. അമേരിക്കയിലെ കോടീശ്വരന്റെ പുത്രന്റെ അസ്തിത്വ ദുഃഖമോ, ഇന്ത്യയിൽതന്നെ, കുടിലുകൾക്കിടയിൽ തലയുയർത്തി നില്ക്കുന്ന മണിമാളികകളിലെ ലൈംഗികാരാജകത്വമോ ഒന്നും സാധാരണക്കാരന്റെ ജീവിതവുമായി യാതൊരു ബന്ധവുമുള്ളതല്ല. ഒരുനേരംപോലും ആഹാരം ലഭിക്കാത്ത 40 കോടി ജനങ്ങൾ ഭാരതത്തിലുണ്ട്. നമ്മുടെ സാഹിത്യം അവരുടെ ജീവിതത്തെ ഉൾക്കൊള്ളണം. ഇവിടത്തെ ദന്തഗോപുരവാസികൾ അങ്ങു ദൂരെ സൈക്കഡലിക് താഴ്വര മാത്രമേ കാണുന്നുള്ളു. ഗോപുരത്തിനു തൊട്ടു താഴെ

'മനുഷ്യർ' നിവസിക്കുന്ന ചെററപ്പുരകളിലേക്ക് അവരുടെ നോട്ടം എത്തുന്നില്ല.

അസമത്വത്തിലും തദ്ഫലമായുണ്ടാകുന്ന വൈരുദ്ധ്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തിൽ സാഹിത്യത്തിന് എക്കാലത്തും സംഭവിച്ചിട്ടുള്ള ദുർഗതിയാണിത്. മലയാള സാഹിത്യ ചരിത്രത്തിൽ കുഞ്ചൻനമ്പ്യാർക്കും വെൺമണിക്കും കുഞ്ഞിക്കുട്ടൻ തമ്പുരാനും, ഉള്ളൂരിനും വള്ളത്തോളിനും കഷ്ടിച്ച് ആശാനും മാത്രമേ സ്ഥാനമുള്ളൂ. അതെ, വിഭവസമൃദ്ധമായ ഭക്ഷണവും കഴിച്ച് പൂമുഖത്തെ ചാരുകസാലയിൽ കുമ്പ തടവിക്കൊണ്ട് കിടക്കുമ്പോൾ ഉയർന്നുവരുന്ന സാഹിത്യം. ഈ സാഹിത്യത്തിനേ നമ്മുടെ സാഹിത്യ ചരിത്രത്തിൽ സ്ഥാനമുള്ളൂ. എന്നാൽ ഇതേ കാലത്ത് ഇതിനു സമാന്തരമായി മറെറാരു സാഹിത്യം കൂടി നമുക്കുണ്ടായിരുന്നു. തങ്ങൾ പണിയെടുത്തുണ്ടാക്കുന്നതു മുഴുവനും ഭക്ഷിച്ച്, തങ്ങളുടെ വിയർപ്പു വീണു നനഞ്ഞ മണ്ണിൽ എട്ടുകെട്ടുകളുയർത്തി സുഖിച്ചു ജീവിക്കുന്ന, സാഹിത്യം രചിക്കുന്ന 'തമ്പ്രാക്ക'ളോട് ഇവിടത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗം പ്രകടിപ്പിക്കുന്ന അമർഷത്തിൻെറ സാഹിത്യം — വർഗ്ഗസമരത്തിൻെറ സാഹിത്യം തന്നെ. ഒരു ചെറിയ ഉദാഹരണമിതാ:

ആണാളെ തീണ്ട്യാൽ കുളിക്കുന്ന തമ്പ്രാൻ
പെണ്ണാളെ തൊട്ടാൽ കുളിക്കാത്ത തമ്പ്രാൻ

(ഈ വരികൾക്ക് മറെറാരു
ലേഖനത്തോട് കടപ്പാട്)

രണ്ടേ രണ്ടു വരികൾ. എത്ര വിശാലമായ അർത്ഥമാണ് ഇവയിൽ അടങ്ങിയിരിക്കുന്നത്! ഇതിനെ സാഹിത്യമല്ലെന്നു പറയാൻ ധൈര്യപ്പെടുന്നവരാരാണ്? ഈ സാഹിത്യം, അദ്ധ്വാനിക്കുന്നവരുടെ സാഹിത്യം ഇവിടെ അവഗണിക്കപ്പെട്ട പ്രാകൃത കലാരൂപമാണ്.

ഇന്നും, തങ്ങൾ എഴുതിപ്പടച്ചുണ്ടാക്കി അച്ചടിപ്പിച്ചു വിടുന്ന സാഹിത്യവൈകൃതങ്ങൾ വായിക്കാൻ വിധിക്കപ്പെട്ട ജനലക്ഷങ്ങൾ തങ്ങൾക്കാരുമല്ലെന്ന് തങ്ങളുടെ 'സാഹിത്യ'ത്തിനെപ്പററി വിധി പറയാൻ അധികാരപ്പെട്ടവരല്ലെന്ന്, നിർലജ്ജം വിളിച്ചുകൂവാൻ മടിക്കാത്ത സാഹിത്യകാരന്മാർ നിരവധിയാണ്. എന്നാൽ ഇവർ ഒന്നു ചുററും നോക്കട്ടെ. ഫാസിസത്തിനു മുന്നിൽ രക്തസാക്ഷിയായ വിശ്വോത്തരകവി പാബ്ലോ നെരൂദ, സുപ്രസിദ്ധ ജർമൻ നാടകകൃത്തായ ബെർതോൾഡ്, ബ്രെഹ്ശ്ററ് ഇവരെല്ലാം എങ്ങനെയുള്ള സാഹിത്യകാരന്മാരാണ്. ജീവിതവുമായി സമൂഹവുമായി യാതൊരു ബന്ധവുമില്ല എന്നു പറഞ്ഞവരല്ല. മറിച്ച് മുഴുവൻ സമയവും സാമാന്യ ജനതയുടെ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ കൂടെ ജീവിച്ച് അവരിൽ നിന്നു പ്രചോദനമുൾക്കൊണ്ട് അവർക്കു വേണ്ടി സംസാരിച്ച, എഴുതിയ, പാടിയ കലോപാസകരാണവർ _ തൻെറ കവിതകൾ തൊഴിലാളികളുടെ മുമ്പാകെ നിന്ന് പാടി, അവർക്കു മനസ്സിലാകാത്തവയാണെങ്കിൽ തിരുത്തി, വീണ്ടും എഴുതിയാണ് നെരൂദ തൻെറ കവിതകൾ പൂർത്തിയാക്കാറുള്ളത്. എന്നിട്ടാർക്കെങ്കിലും പറയാനാവുമോ പാബ്ലോ നെരൂദ കവിയല്ലെന്ന്? എന്നാൽ ഇന്നു നമ്മുടെ 'മഹാസാഹിത്യകാര'ന്മാർ പലരും പറയുന്നതു സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ എഴുതിയാൽ സാഹിത്യത്തിൻെറ മൂല്യം ചോർന്നുപോകുമെന്നാണ്. ഇവരുടെ 'മഹത്വം' സുവ്യക്തമാണല്ലോ. എന്തിന്! കുടിൽതൊട്ട് കൊട്ടാരംവരെ ലോകപ്രിയനായ ചെറുകാടിൻെറ സാഹിത്യം പോലും മുദ്രാവാക്യ സാഹിത്യമാണെന്നു പറയാൻ ചങ്കൂററം കാണിക്കുന്നവരാണവർ, ഇതും ഇതിലപ്പുറവും പറഞ്ഞെന്നും വരും.

സാമൂഹ്യമായും സാമ്പത്തികമായും മാനസികമായും ഏററവുമധികം വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു വ്യവസ്ഥിതിയാണ് മുതലാളിത്ത വ്യവസ്ഥിതി. മാനുഷിക മൂല്യങ്ങൾപോലും ലാഭം എന്ന ഒരേ ഒരു ലക്ഷ്യത്തിനു മുമ്പിൽ ബലികഴിക്കപ്പെടുകയാണ്. ഈ ശ്വാസം മുട്ടിക്കുന്ന സ്ഥിതിയിൽപ്പെട്ട് താരതമ്യേന ശുദ്ധഹൃദയരായ ചെറുപ്പക്കാർ പലപ്പോഴും മനം മടുപ്പിക്കുന്ന ഒരു അവസ്ഥയിൽ എത്തിച്ചേരാറുണ്ട്. ഇതു് നിലവിലുള്ള എല്ലാററിനോടും, ജീവിതത്തോടു പോലും എതിർപ്പും അമർഷവും ഉളവാക്കുന്നു. ഇതിൻെറ സ്വാഭാവിക ഫലമായി അയാൾ ഒരു അരാജകവാദിയായിത്തീരുന്നു. പക്ഷേ എതിർത്തിട്ടും ഫലമില്ല എന്നു കാണുമ്പോൾ ഒരേ ഒരു രക്ഷ മൃത്യു മാത്രം എന്ന ഒരു ബോധം അയാളിൽ ജനിക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽ ഇടത്തരക്കാരിൽ വലിയൊരു വിഭാഗം ചെറുപ്പക്കാർക്കു് അനുഭവപ്പെടുന്ന ഒരു വികാരമാണിതു്. ഇതിൻെറ ഫലമായി മൃത്യുപാസന, വിഷാദാത്മകത മുതലായവ ഇവരുടെ സാഹിത്യത്തിൽ കടന്നുകൂടുന്നു. തങ്ങൾക്കു ചുററും കാണുന്ന ദുഷിച്ചു നാറിയ ഒരു വ്യവസ്ഥിതി ഉണ്ടാകാനുള്ള ശാസ്ത്രീയമായ അടിസ്ഥാനമെന്തു്, അതിനെ ശാസ്ത്രീയമായി എങ്ങനെ മാററാൻ കഴിയും എന്നു് ചിന്തിക്കാത്തതാണു് ഇതിൻെറ പ്രധാനമായ കാരണം. എന്നാൽ മറെറാരു തരം 'അത്യന്താധുനികത'യുണ്ടു്. ഇതാണിന്നു് പത്തിവിടർത്തി നില്ക്കുന്നതു്. ശുദ്ധ ലൈംഗിക അരാജകത്വമാണു് ഇതിൻെറ ലക്ഷണം. സ്ത്രീ എന്നാൽ മനുഷ്യസമൂഹത്തിൻെറ ഒരു ഭാഗമാണെന്നു കൂട്ടാക്കാതെ പുരുഷൻെറ കാമ സംപൂർത്തിക്കായുള്ള ഒരുപകരണമാണെന്നു കണക്കാക്കുക, ജീവിതം എന്നു വച്ചാൽ സെക്സ് ആണെന്നു തോന്നുന്ന രീതിയിൽ കൃതികൾ രചിക്കുക ഇതാണിവർ ചെയ്യുന്നതു്. ശ്രീ എം. മുകുന്ദൻ, തൻെറ 'എന്താണു് ആധുനികത' എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നു, അത്യന്താധുനിക സാഹിത്യകാരൻ ഈ സാമൂഹ്യ വ്യവസ്ഥിതിയോടു് എതിർപ്പുള്ളവനാണെന്നു്. എന്നാൽ അമ്മായിയുടെ തുണി പൊക്കി നോക്കുന്നതിലും (എം. മുകുന്ദൻ), ചെറിയമ്മയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിലും (ഒ. വി. വിജയൻ-ഖസാക്കിൻെറ ഇതിഹാസം) സാമൂഹ്യ വ്യവസ്ഥിതിയോടുള്ള എതിർപ്പ് പ്രകടമാകലാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ സാമാന്യ ബോധമുള്ള ഒരാളെ കിട്ടുകയില്ല. എഴുതിയാൽ കടലാസു പോലും നാറുന്ന വിധത്തിലുള്ള ദുഷിച്ച ലൈംഗിക അരാജകത്വമല്ലാതെ ഇതു മറെറാന്നുമല്ല. ഇതിനെ പല്ലും നഖവും ഉപയോഗിച്ചു് യഥാർത്ഥ സാഹിത്യകാരനും സാമാന്യ ജനങ്ങളും എതിർക്കുകതന്നെ വേണം.

സാഹിത്യം ഇന്ന രീതിയിൽ വരണമെന്നു പറയാൻ പാടില്ല. അങ്ങനെ പറഞ്ഞെഴുതിയുണ്ടാക്കിയാൽ സാഹിത്യമാവില്ല. സാഹിത്യകാരൻെറ സ്വാതന്ത്ര്യത്തെ അതു് ചങ്ങലയ്ക്കിടുന്നു എന്നങ്ങനെ പോകുന്നു ഒരു വാദം. സാഹിത്യകാരൻെറ സ്വാതന്ത്ര്യത്തെപ്പററി പറയുമ്പോൾ ലെനിൻെറ ചില വാചകങ്ങൾ ഞാൻ ഉദ്ധരിക്കട്ടെ: ''ശ്രീമാൻ എഴുത്തുകാരാ, നിങ്ങൾ നിങ്ങളുടെ ബൂർഷ്വാ പ്രസാധകരിൽ നിന്നു സ്വതന്ത്രനാണോ? നോവലുകളിലും ചിത്രങ്ങളിലും അശ്ലീലവും, 'പാവന'മായ ചിത്രകലയ്ക്കൊരു അനുബന്ധമായി വേശ്യാവൃത്തിയും വരച്ചു കാട്ടണമെന്നു നിങ്ങളോടാവശ്യപ്പെടുന്ന നിങ്ങളുടെ ബൂർഷ്വാ പൊതുജനങ്ങളിൽ നിന്നു സ്വതന്ത്രനാണോ? ഈ കേവല സ്വാതന്ത്ര്യമെന്നതു് ഒരു ബൂർഷ്വാ അഥവാ അരാജകവാദപരമായ പദപ്രയോഗമാണു് സമുദായത്തിൽ ജീവിച്ചുകൊണ്ടു് സമുദായത്തിൽ നിന്നു സ്വതന്ത്രനായിരിക്കാൻ സാദ്ധ്യമല്ല. ബൂർഷ്വാ സാഹിത്യകാരൻേറയും കലാകാരൻേറയും നടിയുടെയും സ്വാതന്ത്ര്യമെന്നതു്

പണച്ചാക്കിനോടും, അഴിമതിയോടും, വ്യഭിചാരത്തോടുമുള്ള പൊയ്മുഖമിട്ട ആശ്രിതത്വമല്ലാതെ മറ്റൊന്നുമല്ല.'' വ്യക്തിസ്വാതന്ത്ര്യമെന്ന മിഥ്യയെപ്പററി കൂടുതലായിട്ടൊന്നും പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. പിന്നെ സാഹിത്യകാരനോട് ഇന്ന രീതിയിൽ എഴുതിക്കൊള്ളണമെന്നൊന്നും ആരും കൽപിക്കുന്നില്ല. പക്ഷേ ഇവിടുത്തെ സാധാരണ ജനതയുടെ വികാരവിചാരങ്ങളെ മനസ്സിലാക്കാനോ ചിത്രീകരിക്കാനോ സാധിക്കാത്ത, തയ്യാറില്ലാത്ത സാഹിത്യകാരൻ ഇവിടെങ്ങും ജീവിക്കുന്നവനല്ല എന്നു മാത്രം ഞങ്ങൾ പറയുന്നു. അത്തരം സാഹിത്യം ജനങ്ങൾക്കു വേണ്ട എന്നു മാത്രം ഞങ്ങൾ പറയുന്നു. സാഹിത്യകാരൻ എഴുതിക്കൊള്ളട്ടെ സ്വയം വായിച്ചു രസിച്ചോട്ടെ ആർക്കും യാതൊരു എതിർപ്പുമില്ല. അവർ പറയുന്നതും അതു തന്നെയാണല്ലോ, ഞങ്ങൾ ഞങ്ങൾക്കു വേണ്ടിയാണ് എഴുതുന്നത്. ജനങ്ങൾക്കു വേണ്ടിയല്ല എന്ന്.

ഈ ഘട്ടത്തിൽ, തങ്ങളുടെ ചരിത്രപരമായ കടമ എന്തെന്നു മനസ്സിലാക്കി, അതു ചെയ്തുതീർക്കുവാൻ വെമ്പൽകൊള്ളുന്ന സാഹിത്യകാരന്മാരുടെ ഒരു നിര അതിശീഘ്രം ഉയർന്നുവരുന്നു എന്നുള്ളത് ഏററവുമധികം ചാരിതാർത്ഥ്യജനകമായ ഒരു വസ്തുതയാണ്. താൻ ജീവിക്കുന്ന സമൂഹത്തിന്റെ പരിമിതികൾ മനസ്സിലാക്കുവാനും അവയെ ശാസ്ത്രീയമായി അപഗ്രഥിക്കുവാനും കഴിവുള്ള ഒരു സംഘം എഴുത്തുകാർ. സാമാന്യ ജനതയിൽ അടിയുറച്ചു നിന്നുകൊണ്ട്, രൂപത്തിലും ഭാവത്തിലും ഒട്ടും തന്നെ പിന്നോക്കമല്ലാതിരുന്നിട്ടും ലളിതമായ ശൈലിയിലുള്ള സാഹിത്യം രചിക്കുന്നവർ. തന്റെ ചുററും നിന്നുയരുന്ന ഓരോ നെടുവീർപ്പിനേയും ഒരു കൊടുങ്കാററായി ഉൾക്കൊള്ളുവാൻ കഴിവുള്ളവർ. മണ്ണിന്റെ മക്കളായ സാഹിത്യകാരന്മാർ. അവരുടെ സാഹിത്യത്തിൽ മൃത്യുപാസനയില്ല, ലൈംഗികാരാജകത്വമില്ല. എന്നിട്ടും ഈ കാലഘട്ടത്തിന്റെ വേദനകളെയും അമർഷങ്ങളെയും എതിർപ്പുകളെയും മനോഹരമായി ചിത്രീകരിക്കാൻ അവർ ശക്തരാണ്. കാരണം അവർ ജനങ്ങളിൽ നിന്നാണ് വളർന്നത്. ഇന്നത്തെ മത്സരാധിഷ്ഠിത സാമൂഹ്യവ്യവസ്ഥ സാഹിത്യകാരനു സൃഷ്ടിച്ചു കൊടുത്തിട്ടുള്ള കട്ടിക്കൂടിയ പുറംതോടിനുള്ളിൽ ഒതുങ്ങിയിരുന്ന് ആ സങ്കുചിത ലോകത്തെ ചിത്രീകരിക്കുകയല്ല, മറിച്ച് ആ പുറംതോടിനെ ശക്തിപൂർവ്വം തകർത്തെറിഞ്ഞ്, സമൂഹത്തിലേക്കിറങ്ങിച്ചെന്ന്, ആ വിശാലലോകത്തെ ആവേശത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ശക്തിയുടെയും പാതയിലൂടെ മുന്നോട്ടു പോകുവാൻ ശക്തമാക്കുകയാണ് അവർ ചെയ്യുന്നത്. സാറാജോസഫിന്റെ 'മണിമുഴക്ക'ത്തിലെ പീററർ എന്ന കൊച്ചുകുട്ടിയെ നോക്കു. നമുക്കു ചുററും എത്രയെത്ര പീററർമാർ! പീറററിന്റെ അമ്മയെ നമുക്കീകേരളത്തിൽ മുഴുവനും തന്നെ കാണാം. എം. സുകുമാരന്റെ ചരിത്രഗാഥയിലെ വിശ്വരൂപനും പ്രിയഗുപ്തനും ഇന്നും പല വേഷങ്ങളിൽ ചൂഷകനും ചൂഷിതനുമായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു. വത്സലയുടെ നെല്ലിലെയും നമ്പുതകളിലെയും കഥാപാത്രങ്ങൾ യഥാർത്ഥത്തിൽ ജീവിക്കുകയാണ്. കുഞ്ഞപ്പ പട്ടാന്നൂരിന്റെയോ ഏഴാച്ചേരി രാമചന്ദ്രന്റെയോ കവിതകളിൽ നമ്മുടെ വീർപ്പുമുട്ടലുകളും അമർഷവുമെല്ലാം കത്തിക്കാളി നിൽക്കുകയാണ്. ഞങ്ങൾക്ക് നാലക്കശമ്പളക്കാരൻ പടച്ചുവിടുന്ന അസ്തിത്വ ദുഃഖം വേണ്ട, ഞങ്ങൾക്ക് ഞങ്ങളുടേതായ ദുഃഖമുണ്ട്. വിശപ്പിന്റെ ദുഃഖമുണ്ട്, അടിമത്തത്തിന്റെ ദുഃഖമുണ്ട്. ഞങ്ങൾ സാമൂഹ്യവ്യവസ്ഥിതിക്കെതിരെ ശബ്ദമുയർത്തുന്നത് ലൈംഗികാരാജകത്വം വഴിയല്ല. ശരിയായ എതിർപ്പിലൂടെ തന്നെയാണ്. സമരകാഹളം മുഴക്കിയാണ്. ഈ സമരത്തിൽ ജനങ്ങൾ, അദ്ധ്വാനിക്കുന്ന ജനങ്ങൾ വിജയിക്കുക തന്നെ ചെയ്യും.

# വിശ്വരൂപം

ഒന്നു്

തകരത്തൻ കണ്ണാടിതാൻ
　　വൈകൃതമെന്റെ രൂപം
പ്രതിഫലിപ്പിക്കയി-
　　ല്ലിനിമേലാ മുകരം !

മോഹങ്ങൾ കത്തി നിന്നാ-
　　നേത്രങ്ങൾ വിടർത്തിയോ-
രഗനി പുഷ്പങ്ങൾ ദലം,
　　കരിഞ്ഞു കിടക്കവേ,

പൊന്നുഷസ്സുകൾ രക്ത-
　　ചന്ദനമണിയുവാൻ
കാളരാത്രിതന്നന്ത്യം
　　കാത്തുകാത്തിരിക്കവേ,

ആത്മാവിലദൃശ്യമാം
　　ചങ്ങലക്കൊളുത്തുകൾ
നോവുകളെന്നണവി-
　　ലണവിൽ പടർത്തവേ,

ചേതന വറ്റൊഴിഞ്ഞ
　　ജീർണ്ണമാം മൂർത്തിപോലെ,
കണ്ടുഞാൻ മുകരത്തി-
　　ലെൻ തനി പ്രതിഛായ.

തകരത്തൻ കണ്ണാടിതാൻ
　　വൈകൃതമെന്റെ രൂപം
പ്രതിഫലിപ്പിക്കയി-
　　ല്ലിനിമേലാ മുകരം !!

വിക്രമദാസ്
III ബി. എ. എക്കണോമിക്സ്

രണ്ട്

ജന്മ ജന്മാന്തരങ്ങളും
കീറിയ വഴിച്ചാലി–
ലിടറും പാദങ്ങളും വ–
ച്ചിറങ്ങീഞാനമെൻെറ
വ്യർത്ഥസ്വപ്നങ്ങളെരി–
ഞ്ഞടങ്ങിയ ചിതയും
കഴുത്തിൽ വന്നു വീണ
നുകവും പേറിപ്പോറി !
ഏകിലുമീദൈന്യത–
യ്ക്കൊരു മൂകസാക്ഷിയാ–
യെൻ പ്രതിഛായയിന്നി–
ല്ലാശ്വസിച്ചിരുന്നു ഞാൻ
എന്നാലെൻ ദുരവസ്ഥ–
യ്ക്കെന്നും സാക്ഷിനില്ലാം–
നൊന്നല്ലൊരായിരങ്ങ–
ളെൻ സഹയാത്രികളാ–
ണാമുഖങ്ങളിലെല്ലാം
പ്രതിഫലിക്കുന്നെന്നും
പണ്ടൊരാൻ കണ്ണാടിയിൽ
കണ്ടൊരെൻ പ്രതിഛായ !

മൂന്ന്

എങ്ങോട്ടും തിരിയുവാ–
നശക്തനാണിന്നുഞാ–
നെട്ടുദിങ്മുഖങ്ങൾക്കു–
മൊന്നുപോലനസൃത–
മെന്നെയോർമ്മിപ്പിക്കുവാ–
നില്ലൊന്നും കാലത്തിൻെറ
സന്തത പ്രഹരമേ–
റിരുന്നെൻ മുഖമന്യേ
എൻ കീഴിൽ വികൃതമാ–
കറുത്ത ചായം തേച്ചോ–
രെൻ നിഴലതിൽ സർവ്വം
ത്യജിക്കാൻ, നിർവ്വേദത്തിൻ
വല്മീകം ചമച്ചതി–
ലിരിക്കാൻ ശ്രമിക്കവേ,
ഉള്ളിൻെറയുള്ളറയി–
ലാത്മവഞ്ചനയുടെ
പൊയ്മുഖമണിയാത്ത
മൻമനോമുകരത്തിൽ
കാണുമീപ്രപഞ്ചത്തിൻ
സമസ്തരൂപങ്ങളും
അവയിൽ നിറം ചേർക്കും
സർവ്വാത്മഭാവങ്ങളും
അതിൻെറ കോണിലൊന്നു–
ള്ളീഞാനെന്നശക്തിയും !

സ്വർണ്ണാഭരണങ്ങളുടെ കമനീയ കലവറ

തെററയിൽ ജ്വല്ലറി
(എയർ–കണ്ടീഷൻഡ്)

മുനിസിപ്പൽ ബിൽഡിംഗ്, റെയിൽവേ സ്റ്റേഷൻ, ആലുവ.
Prop. T. V. അഗസ്റ്റിൻ. Phone 3098

# കുററപത്രം വീണ്ടും

ഫലമില്ലാത്ത പാഴ്‌വേല മനുഷ്യൻ തുടരുകയാണ്, ബുദ്ധിശൂന്യതയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ.

മോഹങ്ങളുടെ സിംഫണിയുയരുമ്പോഴും ഗതകാല സ്മൃതിത്രുവിലേയ്ക്ക് അറിയാതെ വീണുപോകുന്നു. എന്റെ ലോകം എനിക്ക് നഷ്ടമാകുന്നതുപോലെ തോന്നുന്നു. ഇന്നലെകളുടെ നീണ്ടനിരത്തിൽ എത്ര തവണ ഞാൻ കാലിടറി വീണു. തന്നത്ത കണക്കുകൂട്ടലുകൾ വീണ്ടും തുടങ്ങുന്നു. വേണ്ട, അത് തുടങ്ങാതിരിക്കുന്നതാണ് നല്ലത്.

വേപഥു പൂണ്ടുനിൽക്കുന്ന മനസ്സിൽ സിസിഫസ് പുരാണം ഇഴഞ്ഞു പടരുന്നു. മിത്തുകൾക്ക് ഇരയാവുന്നത് ദൗർബ്ബല്യമാണല്ലോ? എങ്കിലും ചരിത്രം മറെറാന്നും പഠിപ്പിക്കുന്നില്ല. ഉളുവായി സത്യത്തെ വിലയിരുത്തുന്നതാണ് ശക്തി. വെളിപാടുകൾക്ക് മാദ്ധ്യമമായി ഇരുന്നു കൊടുക്കാൻ ബുദ്ധിയുടെ ആവശ്യമില്ല. പ്രതി

എല്ലാവരും അല്പബുദ്ധികൊണ്ട് അപഗ്രഥനം തുടരുന്നു. ജീവിതത്തെ വിലയിരുത്താൻ ഞാൻ പക്വത നേടിയിട്ടില്ലന്നല്ലേ അവസാനമായി പരിചയപ്പെട്ട പെൺകുട്ടി പറഞ്ഞത്. ആദ്യമൊക്കെ ശരിയാണെന്നു തോന്നി. പിന്നീട് മനസ്സിലുറപ്പിച്ചു. ഓർമ്മിച്ചു വെയ്ക്കാൻ കൊള്ളാവുന്ന ഒരു തമാശ. തെററുകളുടെ ശൃംഖല നേരായ വഴി തെളിക്കട്ടെ.

കപടതയുടെ വ്യവഹാരഭാഷയോർ വരുന്നു. ഹിപ്പോക്രസി ഉപയോഗം കൊണ്ട് തേഞ്ഞ് തേഞ്ഞില്ലാതായ പദം. അശക്തമായ കുളമ്പടി നാദം പോലെ അത് ഉരുവിടപ്പെടുന്നു. എന്നിട്ടും മുഖംമൂടിയണിയാനുള്ള മനുഷ്യന്റെ മോഹം

അവസാനിക്കുന്നില്ല. അതു് വധിക്കുകയാണു്. ഞാനും പരിശ്രമിച്ചു നോക്കി. പല തവണ. ഞാൻ പരാജയപ്പെട്ടു. വിജയിച്ചിരുന്നെങ്കിൽ പുറം തള്ളപ്പെടുമായിരുന്നില്ലല്ലോ !

തിരുനെല്ലിവനം എരിഞ്ഞു തുടങ്ങിയ ചരിത്രം കേട്ടപ്പോഴും, ഗുവേരയും കാസ്ട്രോയും കാമിലോയും യുവ വിപ്ലവകാരികളുടെ കപട സ്വപ്നങ്ങളിൽ വ്യഭിചരിക്കപ്പെട്ടപ്പോഴും, ഒരിക്കലും ഞാൻ വാചാലനായില്ല. എന്റെ നിശബ്ദത എന്നെ ഒറ്റു കൊടുത്തു. ഞാൻ ഒററപ്പെട്ടു.

രാഷ്ട്രീയ ഇടിമുഴക്കങ്ങളും കേട്ടു് നാടു് മരവിച്ചുനിന്നപ്പോഴും, ഗുണ്ടകൾ നാടു് ഭരിച്ചു തുടങ്ങിയപ്പോഴും സ്തുതിഗീതം പാടാൻ മറന്നുപോയി. അങ്ങനെ ഞാൻ വിശ്വസ്തനല്ലാതായിത്തീർന്നു.

നിയമങ്ങളുടെ ഇരുമ്പുവേലികളിൽ, വളർത്തുമൃഗമാവാൻ കഴിഞ്ഞില്ല. വർഗ്ഗവഞ്ചകനെന്നു ജനം പിറുപിറുത്തു.

ആത്മാർത്ഥത കാണിച്ച പെൺകുട്ടികളുടെ അരപ്പട്ടയഴിക്കാൻ മറന്നുപോയി. എന്നിട്ടും ഞാൻ വ്യഭിചാരിയാണെന്നു് കുററപത്രം പറഞ്ഞു.

പരാജയത്തിന്റെ പാഴ്നിലത്തിൽ മോഹാലസ്യപ്പെട്ടു കിടക്കുന്നതു് ഒളിച്ചോട്ടമാണെന്നു തോന്നുന്നു. ധൈര്യം സംഭരിക്കാൻ ശ്രമിക്കട്ടെ. എല്ലാം നേരിടാൻ. എന്റെ വളച്ചു് കൊതിച്ചു് എവിടെയൊക്കെയോ കുറെ കണ്ണുകൾ കാത്തിരിപ്പുണ്ടു്. അവ തളരാതെ തുറന്നിരിക്കുകയാണു്. എനിക്കുവേണ്ടി. എനിക്കുവേണ്ടി മാത്രം. കടുത്ത മോഹം എന്നിൽ മാറാല കെട്ടിയിരിക്കുന്നു. ആരും എന്റെ വരണ്ട ലോകത്തേക്കു് കടന്നു വരാതിരിക്കട്ടെ. പ്രാർത്ഥന ഫലിച്ചാൽ ആരെങ്കിലുമൊക്കെ രക്ഷപ്പെടും. തീർച്ച.

സുഹൃത്തുക്കൾ എന്റെ ബലഹീനതയായിരുന്നെന്നു് ഡയറിക്കുറിപ്പുകൾ പറയുന്നു. പഠിക്കാൻ സമർത്ഥനായിരുന്നെന്നു് നിറം മങ്ങിയ വിദ്യാഭ്യാസ രേഖകൾ പറയുന്നു. സ്നേഹിക്കാൻ പെൺകുട്ടികൾ ധാരാളമുണ്ടായിരുന്നെന്നു് പെട്ടിക്കടിയിലെവിടെയോ കുന്നുകൂടിക്കിടക്കുന്ന കത്തുകൾ വെളിപ്പെടുത്തുന്നു. (ഒരിക്കലും മറുപടി നേടിയിട്ടില്ലാത്ത അവയിൽ പലതും നശിച്ചുകാണും.) എനിക്കെല്ലാമുണ്ടായിരുന്നു. എന്നിട്ടും എന്റെ സാമ്രാജ്യം ശൂന്യമായിരുന്നു. ഞാൻ ഏകനായിരുന്നു. ശൂന്യമായ നിശബ്ദതക്കുവേണ്ടി അവിരാമമായി കാതോർത്തു നിന്നു് ഞാൻ തളർന്നിരിക്കുന്നു.

ചില ഓർമ്മകൾ അനുവാദമില്ലാതെ കടന്നുവരുന്നു. ഷീലാബെൻ എന്നൊരു പെൺകുട്ടി കന്യകയല്ലായിരുന്നെന്നു് ഒരു പേടിസ്വപ്നം പോലെ ഓർക്കുന്നു. എന്തിനാണു് പ്രാധാന്യമില്ലാത്ത കാര്യങ്ങളോർക്കുന്നതു്. ഈശ്വരന്റെ പ്രതിപുരുഷന്മാർ പോലും. അധീരരായിട്ടുണ്ടല്ലോ ? ഞാൻ തെററുകൾ മാത്രം ചെയ്യാനറിയുന്ന അപൂർണ്ണനായ മനുഷ്യൻ. എന്നിട്ടും ഷീലാബെൻ എന്തിനെന്റെ ഓർമ്മകൾ അപഹരിക്കുന്നു. ഞാൻ മറന്നുപോകുന്നു. ഒരു പിടി ആശകൾ വാരി വിതറി, ഒരു കൊടുങ്കാററു പോലെ പൊടുന്നനെ എന്റെ ജീവിതത്തിലേക്കു് കടന്നുവന്നവളാണല്ലോ അവൾ. അവൾ കന്യകയല്ലെന്നു് കേട്ടപ്പോൾപോലും എനിക്കു് കരയാൻ കഴിഞ്ഞില്ല. ആ സിദ്ധി വർഷങ്ങൾക്കു മുൻപേ നഷ്ടപ്പെട്ടിരുന്നു.

ആദ്യമൊക്കെ വേദന തോന്നി എങ്കിലും പിന്നീടു് ഒരു ബാരു് ചെക്കിന്റെ ലാഘവത്തോടെ അവളെ ഞാൻ ജീവിതത്തിൽ നിന്നു് എഴുതി തള്ളി. ഷീലാബെന്നിന്റെ കഥ കേട്ട പലരും എന്നെക്കുറിച്ചു പറഞ്ഞു: ഹൃദയശൂന്യൻ. ഹൃദയമില്ലാത്തതിനാൽ ദുഃഖങ്ങളും

ഉണ്ടാവില്ലെന്ന് സാധുവായ ഒരു പെൺകുട്ടി വിലയിരുത്തി. ജീവിതം ഉടയാടകളാണെന്ന് തെറ്റിദ്ധരിച്ച അസാധാരണയായ ഒരു സാധാരണക്കാരി. ഞാൻ തല കുമ്പിട്ട് നിന്ന് നിവൃത്തികാരനായി കുറ്റപത്രം ഏറ്റുവാങ്ങി.

വീണ്ടും ഞാനോർക്കുന്നു. നബീസ എന്ന സ്വൈരിണി ഈ ലോകത്തേക്കാൾ നല്ലവളായിരുന്നു. ഹോസ്റ്റൽ മുറിയിലൂടെ നോക്കിക്കാണുമായിരുന്നു, അവൾ നടന്നുപോകുന്നത്. നഷ്ടപ്പെടാൻ പോകുന്ന യൗവ്വനം മുറുക്കിക്കെട്ടി, നഷ്ടത്തിന്റെ കണക്കുകളെക്കുറിച്ചു വിലപിക്കാത്ത ധീര. അവളെ പരിചയപ്പെട്ടപ്പോൾ ഇങ്ങനെയായിരുന്നു വിലയിരുത്തിയത്.

ഞങ്ങൾ സംസാരിച്ചപ്പോൾ കച്ചവടത്തിനുവേണ്ടി അവൾ പണിപ്പെട്ട് കണ്ണുകൾ തീഷ്ണങ്ങളാക്കിയില്ല. മേൽമുണ്ട് അലക്ഷ്യമായി താഴേക്ക് ഊർന്നു വീണില്ല. അവളുടെ സംസാരം ഒരു പതിവുകാരനെ നേടാനുള്ള ആർത്തി കാണിച്ചില്ല. കരയാനും ചിരിക്കാനുമറിയാവുന്ന ഒരു സാധാരണ മനുഷ്യസ്ത്രീയെപ്പോലെ അവൾ സംസാരിച്ചു. ടിഷ്യൂസാരിയും ഗോൾഡ് ബ്ലൗസും അവൾക്കജ്ഞാതമായിരുന്നു. ഏതോ അനാഥാലയത്തിൽ, ജന്മം നൽകിയവരെക്കുറിച്ച് അജ്ഞയായി വളരുന്ന മകൾക്കുവേണ്ടി നബീസ ശേഖരിക്കുന്ന പണത്തിന്റെ കണക്കുകൾ എന്നെ അമ്പരപ്പിച്ചു. അവളോടൊപ്പം ശയിച്ച സദാചാര സമിതിക്കാർ അവൾക്ക് നൽകിയ കുറ്റപത്രം എന്നെ ഞെട്ടിപ്പിച്ചു. നബീസ എന്റെ ആരുമല്ലായിരുന്നു. എന്നിട്ടും അവളെന്റെ സഹോദരിയായിരുന്നു. അവളുടെ വിലാപഗാനം കേൾക്കാൻ ഒരാങ്ങളയുണ്ടാവുക അവളുടെ സ്വപ്നമായിരുന്നു.

ഓർമ്മിസ്സുടെ ;

എന്റെ തടവറയിൽ തകർന്ന് കഴിയുമ്പോഴാണല്ലോ അവസാനത്തെ സുഹൃത്ത് ജീവിതത്തിലേക്ക് കടന്നുവന്നത്.

ജീവിതത്തിലെവിടെയോ യാത്രയ്ക്കിടയിൽ നഷ്ടപ്പെട്ട വിലപിടിച്ച എന്തോ ഒന്ന് തിരിച്ചുകിട്ടിയ ആശ്വാസമായിരുന്നു അവനെ കണ്ടെത്തിയപ്പോൾ.

അവന്റെ വാക്കുകൾക്ക് നനുത്ത നിലാവിന്റെ ഗന്ധമുണ്ടായിരുന്നു.

എനിക്ക് മന്ദഹസിക്കാൻ തോന്നി. പക്ഷേ, ആ സിദ്ധിയും നഷ്ടപ്പെട്ടിരുന്നു. (ചിരിക്കുമ്പോൾ എന്റെ ചുണ്ടുകൾ വിതുമ്പുന്നു. നഷ്ടപ്പെട്ട യുവത്വത്തിന്റെ നാളുകളെ അതോർമ്മിപ്പിക്കുന്നു.)

ഇന്നലെകളിലേക്ക് വീണ്ടും ഞാൻ തകർന്ന് വീഴുന്നു. നിശാഗന്ധിപ്പൂക്കൾ വീണു കിടക്കുന്ന ഒരു വെട്ടുവഴിത്താര ഞാൻ സ്വപ്നം കാണുന്നു. കലിതുള്ളി കടന്നുപോയ കോമരത്തിന്റെ അരയിൽ നിന്നുതിർന്ന് വീണ തുളസിയിലക്കതിരുകൾ എന്റെ ഓർമ്മകളിൽ കുരുങ്ങുന്നു.

നിലാവിന്റെ വീണുകിടക്കുന്ന വെളിച്ചത്തിൽ മിന്നുന്ന നാട്ടുവഴിയിലൂടെ ചെറുപ്പക്കാരൻ തളർന്ന തന്റെ കൈകൾ വീശി നടന്നു. കാക്കത്തോട് മുറിച്ച് കടക്കുമ്പോൾ കാറ്റ് അയാളെ തഴുകി കടന്നുപോയി.

തൊണ്ടയിൽ വാക്കുകൾ പുറത്തേക്ക് വരാതെ ഇടറിവീണു.

വിട ! പിന്നീടൊരിക്കൽ തിരിച്ചുവരാം.

പുഴകടന്ന് ചെറുപ്പക്കാരൻ ഒരു നിമിഷം നിന്നു.

പിന്നിട്ട വഴിത്താര. അതിനുമപ്പുറം അയാൾക്ക് ജന്മം നൽകിയവർ.

അയാൾക്ക് കരയണമെന്നുണ്ടായിരുന്നു.

ആ ചെറുപ്പക്കാരൻ ഞാനായിരുന്നു.

സ്നേഹം എനിക്കെന്നും വേർപാടും അതിലുപരി വേദനയുമായിരുന്നു. എന്റെ സുഹൃത്തിന്റെ മനോഹരമായ വാക്കുകൾ കേൾക്കുമ്പോൾ എന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞിരുന്നു.

ഞാൻ കുടുംബത്തിന്റെ ബന്ധനങ്ങളിൽ നിന്ന് രക്ഷപെടുകയായിരുന്നു. സുഹൃത്തുക്കളുടെ വലിയൊരു സാമ്രാജ്യം സൃഷ്ടിക്കാൻ.

എന്നിട്ടും എന്റെ സുഹൃത്ത് നീണ്ടയൊരു കുറ്റപത്രം നൽകി. എന്നെ ഏകനായി വിട്ട് കടന്നു പോയി.

കേൾക്കൂ :

ചെയ്യാത്ത തെറ്റുകളുടെ ആയിരം കുറ്റപത്രങ്ങളുമായി ഞാൻ നിൽക്കുന്നു. ജീവിതം എനിക്ക് മടുത്തിരിക്കുന്നു. അതുകൊണ്ടുതന്നെയാവണം രക്ഷപ്പെടാനുള്ള വഴികൾ അടഞ്ഞു കിടക്കുന്നു. തിരിഞ്ഞുനോക്കാൻ ധൈര്യം കിട്ടുന്നില്ല. പിന്നിൽ നഷ്ടത്തിന്റെ വലിയ കണക്കുകൾ പ്രദർശിപ്പിക്കുന്ന നഷ്ടപ്പെട്ട പാതകൾ. മനസ്സിൽ ആയിരം പ്രതീക്ഷകൾ. അവയുടെ നീണ്ട ഘോഷയാത്രകൾ. ഇന്നലെ വരെ ഒന്നും നേടിയിട്ടില്ലെന്ന ദുഃഖസത്യം മാത്രം അവശേഷിക്കുന്നു.

ആരെയും കുറ്റപ്പെടുത്താൻ കഴിയുന്നില്ല. ഇരുട്ടിൽ, വെളിച്ചം കടന്നു വരാത്ത ഈ മുറിയിൽ, ഏകനായി, തളർന്ന്, അവശനായി, ഉറക്കം നഷ്ടപ്പെട്ട രാത്രികളിൽ ഞാൻ മരണത്തിന്റെ കാലൊച്ചകൾക്കുവേണ്ടി ചെകിടോർക്കുന്നു. വേദന സൃഷ്ടിക്കുന്ന നേരിയ കിതപ്പിൽ എന്റെ വാരിയെല്ലുകൾ പിറുപിറുത്തു. ആരും കടന്നു വരില്ലെന്ന് അവയെന്നെ ഓർമ്മപ്പെടുത്തി. എന്റെ ദുരന്തം എന്റെ പതനമാണ്.

എനിക്ക് മുന്നിൽ പിച്ചള സർപ്പങ്ങൾ നൃത്തം വെച്ചു തുടങ്ങുന്നതിനു മുൻപ്, അവസാനത്തെ കുറ്റപത്രവും ലഭിച്ചേക്കാം. അജ്ഞാതനായ ആരോ തയ്യാറാക്കുന്ന തീഷ്ണമായ വാക്കുകൾക്കുവേണ്ടി എന്റെ ഹൃദയം തളരാതെ കാത്തുനില്ക്കുന്നു.

ടിറ്റോ കെ. ചെറിയാൻ

# വ്യക്തികൾ

# കാഴ്ചപ്പാടുകൾ

പത്രാധിപസമിതി കേരളത്തിലെ സാഹിത്യ രംഗത്തു് വിവിധ തുറകളിൽ പ്രവർത്തിക്കുന്ന മൂന്നു് പ്രതിഭാധനന്മാരുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ വ്യക്തമായ ചില ആശയപരമായ വൈരുദ്ധ്യങ്ങളെയാണു് ഇവിടെ അവതരിപ്പിക്കുന്നതു്. ഓരോ ചോദ്യത്തോടുമുള്ള അവരുടെ സമീപനത്തിന്റെ വ്യത്യസ്തത നമുക്കിവിടെ ദർശിക്കാം.

— പത്രാധിപർ.

## ചോദ്യങ്ങൾ

1. എന്തിനു് സാഹിത്യ സൃഷ്ടി നടത്തുന്നു ?
2. എഴുത്തുകാരനു് സമൂഹത്തോടു് എന്തെങ്കിലും കടപ്പാടുണ്ടോ ?
3. എഴുതുന്നതു് യുക്തി സഹമായിരിക്കണമോ ?
4. വ്യക്തിപരമായ അനുഭവങ്ങൾ സൃഷ്ടിയിൽ എന്തു സ്വാധീനം ചെലുത്തുന്നു ?
5. നാടൻ വ്യവഹാരഭാഷ സാഹിത്യത്തിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് എന്താണഭിപ്രായം ?
6. സാഹിത്യകാരന്മാരും കലാകാരന്മാരും കുത്തഴിഞ്ഞ ജീവിതമാണു് നയിക്കുന്നതെന്നൊരു പരാതിയുണ്ടു്. ഇതു ശരിയാണോ? ആണെങ്കിൽ എന്തുകൊണ്ടു് ?
7. ഇതുപോലെയുള്ള ചോദ്യങ്ങളോടുള്ള മനോഭാവം എന്താണു് ?

## ശ്രീ. ഡി. വിനയചന്ദ്രൻ (കവി)

1. ഒരെഴുത്തുകാരനെ സംബന്ധിച്ച് എന്തിന് ജീവിക്കുന്നു എന്ന ചോദ്യത്തിൽനിന്നു വ്യത്യസ്തമല്ല ഈ ചോദ്യം കുട്ടിക്കാലത്തേക്ക് മടങ്ങിപ്പോകാൻ കഴിഞ്ഞെങ്കിൽ, പ്രപഞ്ചവുമായുള്ള ഈ ഇണക്കത്തിന്റെയും പിണക്കത്തിന്റെയും ആദിചോദന വ്യക്തമായേനേ — ഞാൻ എന്റെ എഴുത്തിലൂടെ, കൃതികളിലൂടെ, ജീവിതത്തിലൂടെ ഈ ചോദ്യത്തിനു മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നു.

2. എഴുത്തുകാരൻ സമൂഹത്തിന്റെ ഒരു ഭാഗംതന്നെയാണ്. പ്രതിഭാശാലിയായ ഒരു കലാകാരന്റെ സൃഷ്ടിയിൽ സ്വാഭാവികമായി, പ്രതിഭയുടെ സഹജ വ്യാപാരമായി അവൻ ജീവിക്കുന്ന കാലസത്ത ആവിഷ്കൃതമാകുന്നു. ഇതു് ബുദ്ധിപരമായ ഒരു നാട്യമല്ല; സാഹിത്യകാരന്റെ സമ്പ്രദായങ്ങൾക്കും മററു മണ്ഡലങ്ങളിലുള്ളവരുടെ ക്രിയകൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

3. ഇലയുടെ ചലനവും, കുട്ടികളുടെ കൗതുകവും ഒതുങ്ങുന്ന 'യുക്തി'യാണെങ്കിൽ.

4. ഓരോ സൃഷ്ടിയും എഴുത്തുകാരന്റെ എക്സ്പീരിയൻസ് ആണ്. സ്വന്തം അനുഭവമല്ലാത്തതെങ്ങനെ എഴുതുന്നു.

5. ഓരോ കാര്യവും കലാസൃഷ്ടിയിൽ ന്യായീകരിക്കപ്പെടുന്നതിന് 'അനിവാര്യത' കണക്കിലെടുക്കാം. നാടൻ ഭാഷയായാലും, കൊന്തയായാലും, കൊടിയായാലും, ലലനാമണികളുടെ കൊഞ്ചലായാലും.

6. മച്ചിപ്പെണ്ണുങ്ങളുടെ കശുമ്പിൽ കവിതയൊന്നുമില്ല.

7. ഇടയ്ക്കിടക്ക് മനുഷ്യരെ കാണുന്നു: ചിലരെ സ്നേഹിക്കുന്നു, ചിലരുമായി പരിചയപ്പെടുന്നില്ല, ചിലരെ കൊതുകുകളായി ചിലപ്പോൾ കണക്കാക്കുന്നു. ചോദ്യങ്ങളെ കുറിച്ച് അങ്ങനെ പറയാം.

## ശ്രീ. സച്ചിദാനന്ദൻ (നിരൂപകൻ)

1. ജീവിതത്തോടും പ്രപഞ്ചത്തോടുമുള്ള എന്റെ പ്രതികരണം രേഖപ്പെടുത്തുവാനും അങ്ങിനെ ആയുസ്സ് സാർത്ഥകമാക്കാനും എഴുതുന്നു.

2. എല്ലാ കലയും, അതു് മൗലികവും മഹത്വവുമാണെങ്കിൽ, പരോക്ഷമായി "സാമൂഹ്യ പരിഷ്കരണം" സാധിക്കുന്നുണ്ട്. ഇതു് "കടപ്പാട്" കൊണ്ടൊന്നുമല്ല. സമൂഹത്തിൽ ജീവിക്കേണ്ടിവരുന്നതുകൊണ്ട് മനുഷ്യന്റെ എല്ലാ സൃഷ്ടിയിലും സമൂഹം പ്രതിഫലിക്കുന്നു.

3. "യുക്തി" എന്നതു കൊണ്ടുദ്ദേശിക്കുന്നതു് യുക്തിവാദികളുടെ "യുക്തി"യാണെങ്കിൽ സാഹിത്യം "യുക്തിസഹ"മല്ല. കലാസൃഷ്ടിക്ക് അതിന്റെ സ്വന്തം യുക്തികളുണ്ട്. അനുഭവത്തിന്റെയും ഭാവുകത്വത്തിന്റെയും യുക്തികൾ: അന്ധവിശ്വാസികളായ "യുക്തിവാദികൾക്ക്" തൊടാനാകാത്തവ.

4. വ്യക്തിപരമായ അനുഭവങ്ങളാണ് എല്ലാ സൃഷ്ടിയും ആവിഷ്കരിക്കുന്നത്. സാമൂഹ്യാനുഭവം പോലും വ്യക്തിവത്കരിക്കപ്പെട്ട രൂപത്തിലേ കലയിൽ നിലനില്ക്കുകയുള്ളൂ.

5) വ്യവഹാര ഭാഷ പ്രയോജനപ്പെടുത്താം, പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ അത് സാന്ദ്രീകൃതവും ഉദാത്തീകൃതമാക്കപ്പെട്ട രൂപത്തിലാണുപയോഗിക്കേണ്ടത്. എഴുത്തുകാരൻ ഭാഷയുടെ മേൽ തന്റേതായ ഒരു തിരഞ്ഞെടുപ്പ് നടത്തുന്നുണ്ട്. ഉപരിതലം ഉപേക്ഷിച്ച് ധ്വനികൾ തിരഞ്ഞെടുക്കണം അയാൾ.

6) ''കത്തഴിഞ്ഞ ധാർമ്മിക ജീവിതം'' എന്നതുകൊണ്ടും മദ്യപാനവും വ്യഭിചാരവും മറ്റുമാണുദ്ദേശിക്കുന്നതെങ്കിൽ, അത് സാഹിത്യകാരന്മാരിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ലല്ലോ. ചോദ്യത്തിലെ ധർമ്മസങ്കല്പം ''പെറ്റി ബൂഷ്വാ എത്തിക്സ്'' (മദ്ധ്യവർഗ്ഗ സദാചാരം) മാത്രമാണെന്നു കൂടിപ്പറഞ്ഞുകൊള്ളട്ടെ. സാഹിത്യകാരന്റെ ''ധാർമ്മിക ജീവിതം'' അവന്റെ മാംസത്തിലല്ല ആത്മാവിലാണന്വേഷിക്കേണ്ടത്. 'ധർമ്മം' ഒരു ശാരീരിക പ്രതിഭാസമല്ലല്ലോ. ശരീരത്തെ അതിന്റെ ഭാഗധേയത്തിനു വിടുക. മനസ്സാണ് പ്രധാനം. ഈ ചോദ്യം ദേശാഭിമാനി വാരികയുടെ പത്രാധിപർ പറഞ്ഞു തന്നതാണെന്നു തോന്നുന്നു.

7) പുതിയ ചോദ്യങ്ങൾ കണ്ടുപിടിക്കുക എത്ര 'പ്രയാസമാണെന്ന് ഈ ചോദ്യാവലി തെളിയിക്കുന്നു.

## ശ്രീമതി സാറാ തോമസ്

(നോവലിസ്റ്റ്)

1) എവിടെയാണ് തുടക്കമെന്നോ, എങ്ങോട്ടാണ് പ്രയാണമെന്നോ അറിയാനാവാത്ത അവിരാമമായ യാത്ര. വഴിവക്കിൽ കണ്ടുമുട്ടുന്ന വൈവിധ്യം നിറഞ്ഞ മുഖങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങൾ – സ്വാനുഭവങ്ങൾ ഇവ മനസ്സിൽ വകഞ്ഞുണ്ടാക്കുന്ന മുദ്രകൾ, കാലപ്പഴക്കത്തിൽ തേഞ്ഞുമായുന്നതിനുപകരം എന്തുകൊണ്ടെന്നറിയില്ല അവയിൽ ചിലത് വ്യക്തമായ രൂപങ്ങളും ഭാവങ്ങളും കൈക്കൊണ്ട് കരുത്താർജ്ജിച്ച് മനസ്സിന്റെ നിശബ്ദതലങ്ങളിൽ ഒതുങ്ങിനില്ക്കാതെ നിരന്തരമായ സ്വൈരഭംഗം സൃഷ്ടിക്കുന്നു. അവയുടെ സമ്മർദ്ദത്തിൽ നിന്നുള്ള മോചനമാണ് ഏറെക്കുറെ എല്ലാ കലാസൃഷ്ടികളും – പ്രത്യേകിച്ചും സാഹിത്യസൃഷ്ടികൾ എന്ന് ഉറപ്പിച്ചുതന്നെ പറയാം.

2) സമൂഹത്തിൽ ജീവിക്കുന്ന ഏതൊരു വ്യക്തിയെക്കാളും ഒരുപടി കൂടുതലായി സാഹിത്യകാരന് സമൂഹത്തോട് കടപ്പാടുണ്ട്. കാരണം അവന്റെ തൂലികയ്ക്ക് പടവാളിനെപ്പോലെ സമൂഹ മനസ്സാക്ഷിയെ കീഴടക്കാനുള്ള അത്ഭുതാവഹമായ കഴിവുണ്ട്.

3) സാഹിത്യത്തെ വ്യക്തിയുമായി ബന്ധപ്പെടുത്തുന്നതിൽ അർത്ഥമില്ല.

4) ഒരു സാഹിത്യകാരന്റെ വ്യക്തിത്വത്തിൽ അവന്റെ ജീവിതാനുഭവങ്ങൾ ചെലുത്തുന്ന സ്വാധീനം അവന്റെ സാഹിത്യ സൃഷ്ടികളിലേക്കും സംക്രമിക്കും.

(ശേഷം 106–ാം പേജിൽ)

# കിരാതന്റെ ദുഃഖം

എം. വി. ജോസ്
ക്ലാസ്സ് II ഇംഗ്ലീഷ്

ഏതോ ശതാബ്ദങ്ങളാം, മന്വന്തരങ്ങളിൽ
ഏതോ കിരാതന്റെ ക്രൂരമ്പിൻ മൂർച്ചയിൽ
മോഹവും കാമിത ജീവനും ഹോമിച്ച്
രണ്ടിററ് ചെഞ്ചോര വീണ്ട 'തമസ'യിൽ

പൂമരച്ഛായയിൽ കോരംമയിർ കൊള്ളുന്ന
പക്ഷിയുമേണയും താപസ വൃന്ദവും
എട്ടു ദിഗന്തവും ഞെട്ടുമാറുച്ചത്തിൽ
വാത്മീകി ശാസിച്ചു : 'മാനിഷാദാ'

ഹേമന്തരാവിൽ ഞാൻ കാമം ശമിപ്പിക്കാൻ
സീമന്തിനിയുടെ മാറിൽ മയങ്ങവേ,
ഓർത്തില്ല ഞാൻമൂലമീ മർത്ത്യജന്മത്തെ
വേശ്യയായ് ലോകം ഗണിക്കുമെന്ന്.

പാടിത്തളർന്ന സമുദ്രമേ ശാസിക്കു
ക്രൂരതയേറും കിരാതനാമെന്നെ നീ
എന്നുടെ ഏത്തത്തിൽ പോറലിൻ നീറലിൽ
തിങ്ങുന്ന മാനസോപാസന തീർക്ക നീ.

മുക്കവച്ചാളയിൽ കൂമ്പിയ കണ്ണുമായ്
ദുഃഖവും പേറിക്കിടക്കുന്ന മക്കളെ
പാടിയുറക്കുവാൻ മററാത്ത താരാട്ടായ്
മാററുമോയെന്നുടെ ദുഃഖഗീതം.

●●●

# പവിഴദ്വീപിലേയ്ക്കു്

ജമീല മേരി ചെറിയാൻ
ക്ലാസ്സ് I ഇംഗ്ലീഷ്

തുഴയുന്നു, നമ്മളും തുഴയുന്നു, വീണ്ടു-
മൊരു കരയ്ക്കണച്ചീടുവാനിത്തോണി
തുഴയുന്നു, കരം കുഴഞ്ഞു വീഴുമ്പോ-
ഴരിയ സ്വപ്നങ്ങളും നമ്മെയുണർത്തുന്നു.

അനന്ത നീലിമ നിറഞ്ഞ ഭൂമിക,
അലറുമാഴക്കടലും നീലയലമാല-
യുയരുന്നു, തിരകളും പാടുന്നു. വീണ്ടും
തുഴയുന്നു നമ്മളും......
തുഴയുന്നു കരയണയുവോളവും
തുഴയുന്നു കരം കുഴഞ്ഞുപോകിലും.

"തോഴരേ, നിങ്ങളറിഞ്ഞിരിക്കുമോ
പവിഴദ്വീപിന്റെ കഥകളും ? " — നമ്മോടു
തിരയുന്നു കടൽക്കാക്കകളും ; കൊടു-
ങ്കാറ്റിനെ വിളിച്ചുണർത്തിടുന്നവർ.
"എന്തതെന്തു കഥ ? " ചോദിപ്പൂ നമ്മളും ;
ഝടിതിയിൽ പറന്നകലുന്നു കടൽ-
ക്കാക്കകളും, അകലെ മറയുന്നു.

ഇരുളിൻ കഴുകകളണയുന്നു, കട-
ലലറുന്നു, കരം കുഴഞ്ഞിടുന്നു, ഹാ !
ഉണർന്നുവോ കൊടുങ്കാറ്റുകളും ! വീണ്ടും

തുഴയാം, നിത്തിരി തുഴയാനാവാതെ
മരണമിത്തിരിയകലെക്കണ്ടു നാം.
തിരയണയവെ, തോണിയുയരവെ,
മരണമപ്പുറം .... നാം ഭയക്കവെ,
മിഴി തുറക്കവെയകലെ കാണ്മതോ
പവിഴദ്വീപിന്റെ കനകരശ്മികൾ !
അണയുന്നണോരാലിനിയും തോണികൾ,
പടഹനാദമുയർത്തി കാറ്റുകൾ.
ഇവിടെ ചിന്തകളുണരുന്നു, വീണ്ടു-
മരിയ സ്വപ്നങ്ങൾ ചിറകടിക്കുന്നു,
കാലടികളിൽ തോണിയിളകുന്നു, കടൽ-
ക്കിളികൾ വീണ്ടുമിങ്ങണയുന്നു, മനം
പുതിയ ശക്തിയാർന്നുണരുന്നു,
ചലനം തുടരുന്നു, കടൽ
കവിത പാടുന്നു :—

" തുഴയുക, നമ്മൾ തുഴയുക, കരം
കഴയുകില്ലിനി, പുതിയ ശക്തിയാ-
ർന്നുണരുക, മിഴികൾ കനകരശ്മികൾ
തഴുകുക, നമ്മൾ പവിഴദ്വീപിങ്ക-
ലണയുക, ലക്ഷ്യമണയുക. "

●●●

---

(103-ാം പേജിൽ നിന്നും തുടർച്ച്)

5) കാലദേശഭേദങ്ങൾ അനുസരിച്ച് ഒരു സാഹിത്യ കൃതിയുടെ സ്വാഭാവികതയ്ക്ക് മാറ്റുകൂട്ടാൻ ആവശ്യം വേണ്ട വ്യവഹാരഭാഷ മാത്രമേ ഉപയോഗിക്കാവൂ.

6) എല്ലാ വിഭാഗത്തിൽപ്പെട്ട മനുഷ്യരിലും കാണുന്നതുപോലെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവർ സാഹിത്യകാരിലും കണ്ടേക്കാം. ഒരു പക്ഷെ സാഹിത്യകാരന്മാർ ബഹുജന ശ്രദ്ധയെ ആകർഷിക്കുന്ന ഒരു വിഭാഗമായതുകൊണ്ട് അവരുടെ സ്വകാര്യ ജീവിതവും പരസ്യമായിപ്പോകുന്നു.

7) ഇത്തരം ചോദ്യോത്തരങ്ങൾകൊണ്ട് സമൂഹത്തിന് പ്രത്യേകിച്ച് ഒരു ഗുണമുണ്ടെന്നു തോന്നുന്നില്ല. ഒരു പക്ഷെ കുറെ സാഹിത്യപ്രേമികളുടെ സാഹിത്യ സംബന്ധമായ ജിജ്ഞാസയെ ഒരളവു വരെ തൃപ്തിപ്പെടുത്തിയെന്നു വരാം.

❀

# ലക്ഷ്യം തേടുന്നവർ

സംഘത്തോടൊപ്പം അവരും ഒരു നാൽക്കവലയിലേക്ക് തിരിഞ്ഞു. അവിടെ വച്ചാണ് അവർ കണ്ടുമുട്ടിയതെന്നവരും ഓർത്തു. അന്ന് തീരെ ശ്രദ്ധിക്കുവാൻ തോന്നിയിരുന്നില്ല. സംഘം മുന്നോട്ട് പോകുന്നതിനിടയിൽ പരിചയപ്പെടാൻ അവസരങ്ങളും ഉണ്ടാകാതിരുന്നില്ല. എന്നിട്ടും അന്ന് വേണ്ടെന്ന് തോന്നി.

സംഘം ഒരിടവഴിക്കരികിലെത്തി. വിശ്രമത്തിനുശേഷം സംഘം മുന്നോട്ടുനീങ്ങി. അവർക്ക് സംഘത്തോട് വിട പറയേണ്ട സമയമായി. ലക്ഷ്യത്തിലെത്താൻ ഇനിയും വ്യത്യസ്തവഴികളിൽക്കൂടി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഒടുവിൽ അവരും സംഘത്തോട് യാത്ര പറഞ്ഞു. വേർപാട് നിർവ്വികാരതയാണ് അവളിലുണർത്തിയതെന്നോർത്തപ്പോൾ അവരും സ്വയം അത്ഭുതപ്പെട്ടു.

ചെറിയ ഇടവഴികളിലൂടെ യാത്ര തുടർന്നപ്പോൾ മനസ്സ് ശാന്തമായിരുന്നു. ഇനി തന്റേതായ ലോകത്തുകൂടെ വിഹരിക്കുമ്പോൾ ആരും ശല്യപ്പെടുത്തുകയില്ലെന്ന കാര്യം അവളെ കൂടുതൽ സന്തുഷ്ടയാക്കി. നിലാവിൽ കുളുത്ത തണുത്ത കാറ്റ് അപ്പോഴും വീശിക്കൊണ്ടിരുന്നു. പെട്ടെന്ന് താൻ ഒറ്റയ്ക്കല്ല എന്നൊരു തോന്നൽ അവളെ അലട്ടി. തിരിഞ്ഞുനോക്കിയപ്പോൾ എവിടേയോ കണ്ട മുഖം.

കണ്ണുകൾ മന്ദഹസിച്ചുവോ? ചുണ്ടുകൾ ചലിച്ചുവോ? ലക്ഷ്യത്തിലേക്കുള്ള യാത്ര പുറപ്പെടുവാൻ തങ്ങളൊരു സ്ഥലത്താണ് എത്തിച്ചേരേണ്ടതെന്നറിഞ്ഞപ്പോൾ ഹൃദയം തുടിച്ചിരുന്നുവോ?

വസന്ത ടി.
ക്ലാസ്സ് III ഫിസിക്സ്

അപരിചിതത്വം നൈമിഷികങ്ങളായിരുന്നു. പോകുന്ന വഴിക്കവർ പലതിനെക്കുറിച്ചും സംസാരിച്ചു. വ്യത്യസ്തലക്ഷ്യങ്ങളാണെങ്കിലും തങ്ങൾ ഒരേ വഴികളിലൂടെ ചലിക്കുന്നവരാണെന്ന് അവർക്ക് തോന്നി.

അവർ എത്തിച്ചേർന്നത് തോണികൾ ഒതുക്കിനിർത്തിയിരുന്ന ഒരു കടവിലായിരുന്നു അവർക്ക് യാത്ര തുടരാനുള്ള തോണികളും കാത്തുകിടപ്പുണ്ടായിരുന്നു. അവിടം തീരെ വിജനമായിരുന്നില്ലെന്നവർക്ക് തോന്നി. പക്ഷെ അതൊന്നും അവളുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. അവർക്ക് തന്റെ തോണി കണ്ടുപിടിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. സ്വല്പം അകലെ കിടന്നിരുന്ന തോണിയെ ലക്ഷ്യമാക്കി അവർ തുഴഞ്ഞു. ഇരുതോണികളും സൃഷ്ടിച്ച ഓളങ്ങൾ കൈകോർത്ത് മുന്നോട്ട് സാവധാനം നീങ്ങിക്കൊണ്ടിരുന്നു. ആകാശം ചുമന്നു വെളുക്കുന്നതും വെളുത്തു ചുമക്കുന്നതും അവർ ഒരേ ഹൃദയത്തുടിപ്പോടെ നോക്കിനിന്നു. ചിലപ്പോൾ ഹൃദയങ്ങൾ വാചാലമായിക്കൊണ്ടിരുന്നു. പലപ്പോഴും ആ വാചാലതയിൽ അവർ സ്വയം മറക്കാറുണ്ടായിരുന്നു. തന്നിലുണ്ടാവുന്ന മാറ്റങ്ങളെക്കുറിച്ച് ബോധവതിയായിരുന്നുവെങ്കിലും അവളതിനെ എതിർക്കാൻ തുനിഞ്ഞിരുന്നില്ല.

''ഇനി നമ്മൾ ഒരിക്കലും അകലുകയില്ല. അല്ലേ?'' പതിഞ്ഞസ്വരം അവളെ ചിന്തയിൽനിന്നുണർത്തി. ചോദ്യഭാവത്തിൽ സഹയാത്രികയുടെ നേരെനോക്കി. അപ്പോഴാണ് രണ്ടു തോണികളും തമ്മിൽ ബന്ധിച്ചിരുന്ന ചരട് അവളുടെ ദൃഷ്ടിയിൽപ്പെട്ടത്. അവളുടെ ഹൃദയം പെട്ടെന്ന് അസ്വസ്ഥമായി. പിന്നെ എന്തോ ഓർത്ത് മന്ദഹസിച്ചു. ഒടുവിൽ അത് അവരുടെ പൊട്ടിച്ചിരിയായിമാറി. ആ ചിരിയിൽ മറ്റു സഹയാത്രികർ അസ്വസ്ഥരായിരുന്നുവോ? ചിലരത് പ്രകടിപ്പിച്ചിരുന്നില്ലേ? അതിന്റെ പൊരുൾ അവർക്ക് പിടികിട്ടിയില്ല.

ഓളങ്ങൾ മുന്നോട്ട് ചലിച്ചുകൊണ്ടിരുന്നു. സന്ധ്യാസമയത്തെ മങ്ങിയ വെളിച്ചത്തിൽ അവ്യക്തരൂപങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കൊണ്ടിരിക്കുന്നതു നോക്കി അവർ വെറുതെ കിടക്കുകയായിരുന്നു. പെട്ടെന്ന് അവളുടെ ശ്രദ്ധ ഒരു തോണിയിലേക്ക് തിരിഞ്ഞു. അത് അവളെ ലക്ഷ്യമാക്കി നീങ്ങുകയായിരുന്നു. പെട്ടെന്ന് ഒരു ഞെട്ടലനുഭവപ്പെട്ടെങ്കിലും അവർ അത് പുറമേ കാണിക്കാതിരിക്കാൻ ശ്രമിച്ചു. താൻ ഭയക്കുന്ന ഏതോ ഒന്നിന്റെ തുടക്കമാണതെന്ന് അവളുടെ ഹൃദയം മന്ത്രിക്കുന്നതായി അവർക്ക് തോന്നി. അവർ അതിൽനിന്ന് കണ്ണുകൾ പിൻവലിച്ചു. എങ്കിലും അവളുടെ മനസ്സ് എന്തുകൊണ്ടോ പിടച്ചുകൊണ്ടിരുന്നു. മനസ്സാന്നിദ്ധ്യം തിരിച്ചെടുക്കാൻ ബദ്ധപ്പെടുന്നതിനിടയിൽ കണ്ണുകൾ ചെന്നു പതിച്ചത് അവളോടടുത്തുകൊണ്ടിരുന്ന ആ തോണിയിലായിരുന്നു.

ഇത്തവണ അവളുടെ സഹയാത്രികയും ഇക്കാര്യം ശ്രദ്ധിക്കുന്നതായി അവർക്ക് തോന്നി. ഓളങ്ങൾ ഉയർന്നുതാണുകൊണ്ടിരുന്നു. അവളുടെ മനസ്സിനോടൊപ്പം തോണിയും ചാഞ്ചാടുകയായിരുന്നുവെന്നവർക്ക് തോന്നി.

താൻ സ്വപ്നലോകത്തിലാണോ എന്നവർ സംശയിച്ചു അവർ തന്റെ തോണിയിൽ മുറുകെപ്പിടിച്ചു. ഒടുവിൽ ആ തോണി അവളോട് ചേർന്ന് സഞ്ചരിക്കാൻ തുടങ്ങി. അവളുടെ തൊണ്ടയിടറി. താൻ തളരുകയാണോ എന്നവർ ഭയപ്പെട്ടു. നവാഗതർക്ക് അവളിൽനിന്ന് പലതും അറിയണമായിരുന്നു. അല്പനേരത്തിനുള്ളിൽ അവർക്ക് തന്റെ മനസ്സിന്റെ

സമനില തിരിച്ചുകിട്ടി. തന്റെ ഭയമെല്ലാം അസ്ഥാനത്തായിരുന്നുവെന്നു് മനസ്സിലാക്കിയപ്പോൾ അവളുടെ ചുണ്ടുകൾ പതുക്കെ വിടരാൻ തുടങ്ങി. അപ്പോഴാണു് അവൾ തന്റെ സഹയാത്രികയെ ശ്രദ്ധിച്ചതു്. വിവർണ്ണ പ്രക്ഷുബ്ധമായ ആ മുഖത്തേക്കൊന്നേ നോക്കാൻ കഴിഞ്ഞുള്ളു. ആ കണ്ണുകളിൽ നിന്നു് സംശയത്തിന്റെ തീജ്ജ്വാലകൾ ഉയർന്നിരുന്നില്ലേ? ''എന്തുപറ്റി?'' അവൾ ശാന്തമായി ചോദിച്ചു. രൂക്ഷമായ നിശബ്ദതയായിരുന്നു മറുപടി.

നവാഗത അവരോടൊപ്പം യാത്ര തുടർന്നു. എന്തുചെയ്യണമെന്നറിയാതെ അവൾ വിഷമിച്ചു. അവൾക്കു് തന്റെ കുറ്റമെന്താണെന്നു് പിടികിട്ടിയില്ല. അതറിയുവാൻ അവളുടെ ഹൃദയം വെമ്പി. മറ്റൊരാളെ മനസ്സിലാക്കുകയാണു് ഏറ്റവും പ്രയാസമേറിയ കാര്യമെന്നവൾക്കു് തോന്നി.

ഇതിനുവേണ്ടിയായിരുന്നുവോ കണ്ടുമുട്ടിയതു്? ഓളങ്ങൾ ഉഗ്രമൂർത്തിയായി. ആഞ്ഞുവീശിക്കൊണ്ടിരുന്ന കാറ്റിൽ ഓളങ്ങൾ ഇളകിമറിഞ്ഞു. ആകെ തകർന്നിരുന്ന അവൾ മയങ്ങിയതറിഞ്ഞില്ല. ഏതോ അപസ്വരങ്ങളുടെ നേർത്തശബ്ദം കാതിൽ വന്നലച്ചുവോ? അവൾ പതുക്കെ കണ്ണുതുറന്നു. അവൾക്കു് തന്റെ തോണി തകർന്നുപോകുന്നതുപോലെ തോന്നി. ആ തോണികളെ ബന്ധിച്ചിരുന്ന ചരടു് തകർന്ന ശബ്ദമായിരുന്നു അതെന്നു് മനസ്സിലാക്കിയപ്പോൾ അവൾ ചെറുതായൊന്നു് നടുങ്ങാതിരുന്നില്ല. അവൾ ഉടനെ എഴുന്നേറ്റു. തന്റെ സഹയാത്രികയെ ഉറക്കെവിളിച്ചു. പക്ഷെ ആ ശബ്ദം വായുവിൽ ലയിച്ചതേയുള്ളു.

സഹയാത്രിക ഉറങ്ങുകയായിരുന്നുവെന്നു് വിശ്വസിക്കാൻ അവൾക്കു് പ്രയാസമായിരുന്നു.

നിഴലുകൾക്കു് തെളിഞ്ഞ വെള്ളത്തെ കലക്കുവാനൊക്കുമോ? കാണികൾക്കു് ഒരുപക്ഷേ അങ്ങിനെ അനുഭവപ്പെട്ടേക്കാം. സാവധാനം അകന്നുകൊണ്ടിരുന്ന ആ തോണികളിലേക്കു് അവൾ നിസ്സംഗതാബോധത്തോടെ മാറി മാറി നോക്കിക്കൊണ്ടിരുന്നു. പിന്നീടു് അതു് അമർഷമായി മാറി.

സ്നേഹം ഇത്രയധികം അപലപിക്കപ്പെടുമെന്നു് ഒരിക്കലും കരുതിയിരുന്നില്ല. പാളിയ ചിന്തകൾ അവൾക്കൊരു മുഖംമൂടിയായിരുന്നുവോ? എത്രനേരം അവളങ്ങിനെ ഇരുന്നുവെന്നു് ഓർമ്മയില്ല. വീണ്ടും സഹയാത്രികയെ നോക്കി. സഹയാത്രിക അവളെ മാടി വിളിക്കുകയായിരുന്നോ? അവളുനങ്ങിയില്ല. അലക്ഷ്യഭാവത്തോടെ, നിർവ്വികാരതയോടെ അല്പനേരം അങ്ങോട്ടു നോക്കിക്കൊണ്ടിരുന്നു. പിന്നെ പതുക്കെ കണ്ണുകൾ പിൻവലിച്ചു. തനിക്കു് ചുറ്റും കണ്ണോടിച്ചു നോക്കിയപ്പോൾ നവാഗത തോണിയുമായി മറ്റൊരു ദിശയിലേക്കു് നീങ്ങുന്നതാണു് കണ്ടതു്. സഹയാത്രികയിൽ ഇപ്പോഴുണ്ടായ മാറ്റത്തിനു് കാരണമതായിരിക്കുമോ? അപ്പോൾ...... അപ്പോൾ .....അതിനപ്പുറം ചിന്തിക്കുവാനുള്ള സഹനശക്തി അവൾക്കു് നഷ്ടപ്പെടുന്നതായിതോന്നി. തനിക്കു് ചുറ്റും തമസ്സുയരുകയോ? അല്പനേരത്തെ പരിചയമേ ഉള്ളുവെങ്കിലും ആ നവാഗതയോടു് അനേകവർഷത്തെ അടുപ്പം അവൾക്കനുഭവപ്പെട്ടു. ഉടനെ അതിനെ പിന്തുടർന്നാലോ എന്നു് ഒരു നിമിഷം ചിന്തിച്ചു. അവളെ ആ ഉദ്യമത്തിൽ നിന്നു് പിന്തിരിപ്പിച്ചതു് അനുഭവമായിരുന്നുവോ?

ഇനി കുറെ ദൂരം തനിയെ യാത്ര ചെയ്യുകയാണു് നല്ലതെന്നവൾക്കു് തോന്നി. അവൾക്കു് ഏകാന്തത ആവശ്യമായിരുന്നു.

ഓളങ്ങൾ ചലിച്ചുകൊണ്ടിരുന്നു. തന്നെ ആരും തന്റെ ചിന്തകളിൽനിന്നുണർത്തിയില്ലെങ്കിൽ എന്നവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. രാപകലുകളോടൊപ്പം അവൾ വളരെ ദൂരം പിന്നിട്ടുകൊണ്ടിരുന്നു. ഇതിനിടയിൽ പല തോണികളും അടുക്കുകയും അകലുകയും ചെയ്തുകൊണ്ടിരുന്നു. പലതും അകലുമ്പോൾ വീണ്ടും കണ്ടുമുട്ടാതിരുന്നെങ്കിൽ എന്നു് ആഗ്രഹിച്ചു. ഓളങ്ങൾ ചെറുതോണികളെ അകറ്റുന്നതു് നോക്കിക്കൊണ്ടവൾ കിടന്നു. അവളുടെ സഹയാത്രിക തനിച്ചായിരുന്നില്ല. ആ തോണിക്കു് ചുറ്റും പല തോണികളുമുണ്ടായിരുന്നു. അവയുടെ എണ്ണം കൂടുകയും കുറയുകയും ചെയ്യുന്നതവൾ വെറുതെ ശ്രദ്ധിച്ചുകൊണ്ടു് കിടന്നു

അവളുടെ മനസ്സ് അപ്പോൾ ശാന്തമായിരുന്നു. ഒരുപക്ഷെ അനേകം നാളുകൾക്കുശേഷം തന്നിലേക്കുതന്നെ തിരിച്ചു വരാൻ കഴിഞ്ഞതിനാലായിരിക്കുമോ എന്നവൾ അത്ഭുതപ്പെട്ടു.


പുതുമ നിറഞ്ഞ തയ്യൽ ജോലികൾക്കു്

സമീപിക്കുക

ഡിലൈററ് ഗാർമെൻറ്സ്

അങ്കമാലി ജംഗ്ഷൻ

# രക്തവർണ്ണമുള്ള എന്റെ പൂക്കൾ

നിനക്കറിയുമോ? ഞാൻ ഞാനല്ലാതായിരുന്നപ്പോൾ; പരമാത്മാവിന്റെ അംശം മാത്രമായിരുന്നപ്പോൾ — അപാരമായ ആ സത്യത്തിൽനിന്നും; പൂവിൽനിന്നും ഇതളും കൊഴിയുംപോലെ വേർപാടു് സംഭവിച്ചപ്പോൾ — അതെന്റെ മോചനം മാത്രമാണെന്നു് ഞാൻ കരുതിയിരുന്നു. പക്ഷേ ഞാൻ ഇപ്പോൾ മാത്രമാണതറിയുന്നതു്; അതു് മോചനമായിരുന്നില്ല! ബന്ധങ്ങളുടെ കനംതൂങ്ങുന്ന കറുത്ത ചങ്ങലകൾ ഏറ്റുവാങ്ങാനുള്ള പിറവിയായിരുന്നു. ആ ചങ്ങലകളിൽ ബന്ധിതനാകുവാൻ മാത്രമായിരുന്നു എന്റെ മാതാവിന്റെ ഗർഭാശയത്തിൽ ഒരു ഭ്രൂണമായി ഞാൻ വളർന്നിരുന്നതു്. എന്റെ പൂർവ്വകാല ജനികളിൽപ്പോലും ആ ചങ്ങലകളിൽനിന്നു് എനിക്കു് മോചനമുണ്ടായിരുന്നില്ല.

വിഷബീജമുൾക്കൊള്ളുന്നൊരു ചിലന്തിയായാണു് ഈ മിഥ്യാലോകത്തിലേക്കു് ആദ്യമായി പിറവി സ്വീകരിച്ചതെന്നു് ഞാനിപ്പോഴും ഓർക്കുന്നു. അന്നു് ഞാൻ എന്റെ ലോകം സ്വയം സൃഷ്ടിച്ചിരുന്നു. സ്വയം ഉല്പാദിപ്പിക്കപ്പെടുന്ന നൂലുകൾ കൊണ്ടു് വലനെയ്തു് ഏകനായി ഞാനതിൽ കാത്തിരുന്നു — ഇരകൾക്കായി. പക്ഷേ, നിനക്കറിയാമോ! വീണ്ടും ഞാനേതോ മലിനജലമുള്ളൊരു പൊട്ടക്കുളത്തിൽ തവളയായി രൂപംകൊണ്ടു. വർഷകാലങ്ങളിൽ എന്റെ സഹജീവികൾ ഇണകളെ വിളിച്ചുവരുത്തുവാനായി പ്രേമഗീതമാലപിച്ചപ്പോൾ എനിക്കതിനു് കഴിഞ്ഞിരുന്നില്ല. ഇണകൾ എനിക്കായി ഉണ്ടായിരുന്നില്ല. എന്നിൽനിന്നുതിരുന്ന ശബ്ദം അസ്വസ്ഥതയുടേതായിരുന്നു. അതൊരു വിലാപഗീതമായി എതിർലിംഗങ്ങൾ വ്യാഖ്യാനിച്ചു. പക്ഷേ, നീ ഒന്നു മനസ്സിലാക്കണം. ഞാൻ എന്തിനായി വിലപിക്കണം! ഞാൻ കേണപേക്ഷിച്ചു അതൊരു വിലാപമായി വ്യാഖ്യാനിക്കുവാതിരിക്കാൻ.

എന്തിനെന്നറിയില്ല! എന്നെ ജനം ഭയന്നിരുന്നു. പിന്നീടു് ഞാൻ വിഷം ഛർദ്ദിക്കുന്നൊരു പാമ്പായിരുന്നത്രേ! പക്ഷേ ന്നെനിക്കു് വ്യക്തമാണു്; അന്നെന്റെമേൽ ചങ്ങലകളുണ്ടായിരുന്നില്ല. ഒരുപക്ഷേ എനിക്കു് സംഹാരശക്തി

യുണ്ടായിരുന്നതു് കൊണ്ടാവാം. എന്നിട്ടും എൻെറ ഇണമാത്രം എന്നെ ഭയന്നിരുന്നില്ല. അവരം കൂട്ടതലായി എന്നിലേക്ക് ലയിച്ചിരുന്നു. ഒരുപക്ഷേ അവളും ഉഗ്രവിഷമുംകൊള്ളുന്നവളാണെന്ന് ബോധവതിയായതിനാലാവാം. ഞങ്ങൾ നിരന്തരം ഇണചേർന്നിരുന്നു. അന്ന് തികഞ്ഞ സംതൃപ്തി എന്നിലുണ്ടായിരുന്നു. ഞങ്ങൾ അദ്ധ്നാരീശ്വരരായി മാറിയിരുന്നു. പക്ഷേ അന്നും ഞാൻ ബോധവാനായിരുന്നു; അപൂർണ്ണനാണ് ഞാൻ, കൂടുതൽ പീഡാനുഭവങ്ങൾക്കായി പുനർജനിക്കേണ്ടവനാണ്.

× × × × ×

ഇന്ന്......ഞാൻ സ്വയം അന്വേഷിക്കുന്നൊരു മനുഷ്യാത്മാവാണ്. കുട്ടീ! നീയാണിന്നെൻെറ ഇണ. നിനക്കാവുമോ എന്നോടൊപ്പം വരുവാൻ? നീ എന്നെ ഭയക്കുന്നുവോ? നോക്കൂ...............

വിദൂരതയിൽ ഇരുണ്ട ആ ശൂന്യതയിലേക്ക്, ആ പ്രകാശബിന്ദു..... അതു്, അതെൻെറ ലോകമല്ലേ? അതെ, എൻെറ രക്ഷാകേന്ദ്രമതാ, എൻേറതുമാത്രമായ ലോകം. ഞാൻ ഉടനെ അവിടെ എത്തേണ്ടവനാണ്. നീ വരില്ലേ കുട്ടീ! ഇല്ല. നിനക്കതിന് കഴിയില്ല. നിൻെറ ലോകം നിനക്ക് വേറെ ഉണ്ട്. ശരി...പോകൂ... ഇനി നീ പോകൂ! ഞാൻ വൈകുന്നില്ല. നമുക്ക് നല്ലൊരു പ്രഭാതത്തിലിനി കണ്ടുമുട്ടാം. ഞാൻ പോകുന്നു, ഇനി എനിക്കായി പീഡാനുഭവങ്ങളൊന്നുമില്ല; പുനർജനിയുമില്ല. എൻെറ ലോകം എനിക്കായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. ദീപനാളങ്ങൾ എന്നെ സ്വീകരിക്കുവാനായി പ്രകാശിക്കുന്നു. അവിടെ രക്തവർണ്ണമുള്ള എൻെറ പൂക്കൾ വിടർന്ന് നില്ക്കുന്നു.

വേണുഗോപാൽ എം.
ക്ലാസ്സ് I ഹിസ്റ്ററി

BEST COMPLIMENTS FROM

COCHIN BAKERY

M. G. ROAD ERNAKULAM PHONE: 32368

# നീ മരിച്ചില്ല

— തോന്നയ്ക്കൽ നാരായണൻ —

ഇല്ല നീയസ്തമിക്കുന്നില്ല. പിന്നെയും—
പിന്നെയുമുജ്ജ്വലാകാരനായ്, ഞങ്ങളി—
ലോരോ പുതുജീവ ചൈതന്യധാരയാ—
യോരോ പുളകവികാരതരംഗമാ—
യോരോ പ്രതികാരരൗദ്രപ്രഭാവമാ—
യാളിപ്പടർന്നു നിറയുന്നു; വെള്ളിടി
പോലന്ധകാരത്തുടലുകൾപൊട്ടി—
ച്ചെറിയുന്നു, സ്വപ്നസിംഹാസനപ്രൗഢിയും
ഞെട്ടിവിറയ്ക്കുമാറിന്നും വിരാജിപ്പൂ, നീ
രാജഹംസമേ, ഞങ്ങളിലാവേശനാളങ്ങൾ
കത്തിച്ചുകത്തിച്ചു കർമ്മപഥങ്ങൾ
തെളിച്ചുകൊണ്ടിപ്പൊഴും!
പച്ചമനുഷ്യനെ തിന്നുസിംഹാസന
ഭദ്രത നേടാൻ കൊതിച്ചുകൊണ്ടേറെ നാൾ
കത്തിയുമോങ്ങി നടന്ന പിശാചിന്റെ
പട്ടികൾ നിന്നെ കടിച്ചുതിന്നെങ്കിലും,
ഇല്ല നീ മണ്ണിൽ മറഞ്ഞില്ല. ഞങ്ങളിൽ
തന്നെ വിരാജിപ്പൂ നീ നിത്യ രാജനായ്,
രക്തരാജീവ കുസുമമായ് മങ്ങലേ—
റ്റൊട്ടുമേ മായാത്ത വർണ്ണപ്പൊലിമയായ്!

മന്ത്രിക്കസേരക്കു മല്ലടിച്ചില്ല നീ
കൊല്ലും കൊലയും നടത്തിയതില്ല നീ
മദ്യവും മാംസവുമായിട്ടധികാര—
ക്കുത്തകനേടാൻ ശ്രമിച്ചതുമില്ല നീ
സപ്തസ്വരവരകന്യകളെ നൃത്ത
തല്പരരാക്കുന്ന നിന്റെ പുല്ലാംകുഴൽ
പാടിയതില്ലായിരിക്കാം, മിരുപത്തു
തേരുരുളംമേലേ പറക്കുമതിനവ—
ദ്ധ്യയെപ്പററിയും.
പഞ്ചനക്ഷത്രകമാനത്തിനുള്ളിലെ
തൻപ്രിയ പുത്രന്റെ ശക്തിയെപ്പററിയും
കാരുണ്യലേശംപുരളാത്ത കിങ്കര—
ന്മാരാമസത്യ പരിഷയെപ്പററിയും!
നിന്നുള്ളിലെക്കലാദേവതയെ കൊല
ചെയ്യുവാനാവാതെ പാടിനീ പിന്നെയും
രാഗവിലോല മധുരാനുഭൂതിക—
ളാരചിച്ചീടുന്ന ചിത്രങ്ങൾ കാണുവാൻ
നാളെയെപ്പാടിയുണർത്തുവാൻ വെമ്പുന്ന
ചാരുപുല്ലാംകുഴലൂതുന്ന കണ്ണനായ്
ആരെയുമാരെയും വെല്ലുന്ന ഗന്ധർവ
ഗീതികളുച്ചത്തിലുച്ചത്തിലങ്ങനെ!
എങ്കിലും നിന്നെ കടിച്ചു കീറി, ചോര
ചിന്തുവാൻ വന്നശിലായുഗരാക്ഷസർ
പല്ലും നഖങ്ങളും ചോരക്കറപൂണ്ടു
നിന്നട്ടഹാസം മുഴക്കുകയല്ലയോ?
ഇല്ല മറക്കുവാൻ സാധിക്കുകയില്ലയീ
പുല്ലാംകുഴലിന്റെ നാദവും രാഗവും
ഇല്ല മറയ്ക്കുവാൻ സാധിക്കുകില്ലയീ
വെള്ളിനക്ഷത്രമായ് മാറിയ രാജനെ !

# സ്ത്രീകൾ സമുദായത്തിൽ

''പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
നസ്ത്രീ സ്വാതന്ത്ര്യമർഹതി''–

ഇന്നത്തെ ലോകം അബലകളുടെ ഒരു അങ്ങാടിയും; മതവും, ധനവും ഈ അങ്ങാടിയിലെ വിത്തന്മാരായ രണ്ടു വാണിഭക്കാരുമാണ്. കാശും, കൗശലവും, കൈയൂക്കും കൂടുതലുള്ള ആൾക്കു കൂടുതൽ അടിമപ്പെണ്ണുങ്ങളെ വാങ്ങാം. ബർണാഡ്ഷാ അക്കാലത്തെ പെണ്ണുങ്ങളെപ്പററി പറഞ്ഞതു നോക്കുക. ''വിവാഹിതയായ സ്ത്രീ ഇക്കാലത്തും പുരുഷനോടു ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരടിമപ്പെണ്ണു മാത്രമാകുന്നു; ഒരു കന്യക അവരുടെ വീട്ടിലെ തടവുകാരിയും.''

ഭാരതത്തിന്റെ പുരോഗതിക്ക് ഇവിടേയും റഷ്യയിലേതുപോലെ ഒരു സാമുദായികപരിവർത്തനം ഉണ്ടായേ പററു. അതിനു് ആദ്യമായി ചെയ്യേണ്ടതു് ഇന്ത്യയുടെ എല്ലാം എല്ലാമായ, എല്ലാ പഴഞ്ചൻ മാമൂലുകളേയും വ്യർത്ഥമായ വ്യവസ്ഥിതികളേയും, വിശ്വാസങ്ങളേയും തച്ചുടയ്ക്കുകയാണ്. അങ്ങനെ ഇൻഡ്യൻ സ്ത്രീലക്ഷങ്ങളെ നാലുകെട്ടിലെ വീർപ്പുമുട്ടലിൽനിന്നും, താലികെട്ടലെന്ന ബന്ധനത്തിൽനിന്നും മോചിപ്പിക്കണം.

## സ്ത്രീകളും മാനസിക അടിമത്വവും

അടിമക്കച്ചവടം നിർത്തൽ ചെയ്തതുകൊണ്ടു് ശാരീരികമായ അടിമത്വം മാത്രമേ നീങ്ങിപ്പോയിട്ടുള്ളു. അടിമത്വത്തിനു് മാനസികമെന്നോ ബുദ്ധിപരമെന്നോ പറയാവുന്ന അദൃശ്യമായ മറെറാരു രൂപം കൂടിയുണ്ടു്. സ്ത്രീകൾക്കു് സമുദായത്തിലുള്ള അസമത്വം അത്തരം ഒരു മാനസിക അടിമത്വമാണ്. ''Woman is on a par with dice and drink, a major

പി. കെ. അശറഫ്
ക്ലാസ്സ് II ഇംഗ്ലീഷ്

social evil, the spirit of untruth, the genius of darkness"; എന്നും "Three persons – a wife, a son and a slave are declared by law to have no wealth exclusively their own. Their wealth belongs to whom they belong". എന്നും ഉള്ള ഇന്ത്യാക്കാരുടെ ധാരണകൾ സ്ത്രീകളുടെ മനസ്സിനേയും ബുദ്ധിയേയും ബന്ധിച്ച് വികാര, വിചാരശൂന്യമാക്കുകയല്ലേ ചെയ്യുന്നത്?

## മതവും സ്ത്രീകളും

മനുഷ്യന്റെ വിചാരത്തിലും വിശ്വാസത്തിലും മതത്തോളം കലുഷത കലർത്തിയിട്ടുള്ള മറ്റൊരു പാഠം പ്രചാരത്തിലില്ലെന്ന് തോന്നുന്നു. ഒരു കലാകാരൻ തന്റെ ഭാവനയിൽ കണ്ട, മനോഹരമായ ഒരു ചിത്രത്തിലെ വരയും കുറിയും മാറ്റിയാലുള്ളതുപോലെ ഇന്നു കാണുന്ന മതങ്ങളിൽ, ഏതാനും ആചാരാനുഷ്ഠാനങ്ങളും, വിശ്വാസങ്ങളും ആരാധന രീതികളും മാറ്റിയാൽ, യഥാർത്ഥമായി ഒന്നുമില്ലെന്നു കാണാം. ഇന്നത്തെ മതം ക്രൂരനായ ഒരു വേടനും സ്ത്രീകൾ അവന്റെ വലയിലെ വിചിത്രമായ ജീവികളുമാണ്. ആചാരം, അനുഷ്ഠാനം, വിശ്വാസം മുതലായ ഇരുമ്പഴികൾകൊണ്ട് അവൻ അവരെ നിർദ്ദാക്ഷിണ്യം ബന്ധിച്ചിരിക്കുന്നു. "From the Cradle to the grave a woman is dependent on a male, in childhood on her father, in youth on her husband. in old age on her son" എന്നു പറയുന്ന ഹിന്ദുമതവും; "നീ ഉണ്ടില്ലെങ്കിലും അവളെ ഊട്ടുക,......നീ ഉടുത്തില്ലെങ്കിലും അവളെ ഉടുപ്പിക്കുക" എന്നു പറയുന്ന ക്രിസ്തുമതവും; "സ്ത്രീ, പുരുഷന്റെ വസ്ത്രമാണ്" എന്നു പറയുന്ന ഇസ്ലാം മതവും സ്ത്രീകൾക്കെവിടെയാണ് സ്വാതന്ത്ര്യം അനുവദിക്കുന്നത്?

നൂറ്റാണ്ടുകൾക്കു മുമ്പ് മനുഷ്യൻ വേട്ടയാടിയും കായ്കനികൾ പറിച്ചും വനാന്തരങ്ങളിലാണ് ജീവിച്ചിരുന്നത്. അക്കാലത്ത് ഗർഭിണിയായ സ്ത്രീക്ക് സ്വന്തം പുരുഷനോടൊപ്പം കാട്ടിൽ ആഹാരം തേടുന്നതിനോ മൃഗങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനോ സാധിച്ചില്ല. അപ്പോൾ സുരക്ഷിതമായ താവളങ്ങളിൽ അവൾ സ്ഥിരമായി താമസിക്കുകയും അവളുടെ പുരുഷൻ പുറത്തുപോയി ആഹാരം തേടിക്കൊണ്ടുവരികയും ചെയ്തു. അത്തരം സന്ദർഭങ്ങളിൽ, താൻ വീട്ടുജോലികൾ ചെയ്യാമെന്നും, മറ്റു പുരുഷന്മാരുമായി ബന്ധം പുലർത്തില്ലെന്നുമുള്ള വാഗ്ദാനങ്ങളും, ഉറപ്പുകളും അവൾ അവനു നല്കി. ഇത്തരം വാഗ്ദാനങ്ങളും ഉറപ്പുകളും പിന്നീട് കൂടുതൽ കർശനമായിത്തീരുകയും, മതം അവയെ സ്ത്രീകളിൽ എന്നന്നേക്കുമായി അടിച്ചേല്പിക്കുകയും ചെയ്തു. ഇങ്ങനെയാണ് പ്രബലരായ സ്ത്രീകൾ അബലകളായി മാറിയത്. കേവലം ഒരമ്മയാവാൻ വേണ്ടി സ്ത്രീകൾക്ക് സഹിക്കേണ്ടിവരുന്ന അസ്വാതന്ത്ര്യമെന്ന ഏറ്റവും വലിയ ശിക്ഷ.

## സ്ത്രീധനം

"സ്ത്രീധനം" എന്ന ഇന്നത്തെ ഭീകരമാരണം സ്ത്രീകളുടെ നിർദ്ധനാവസ്ഥയെയാണ് വെളിപ്പെടുത്തുന്നത്. ഇത് അവരെ കൂടുതൽ അസ്വതന്ത്രകളാക്കുന്നു. സ്വന്തം വരുമാനമില്ലാത്ത ഒരു സ്ത്രീ അവളുടെ ഭർത്താവിന് ഒരു ഭാരമാണ്. അത് വഹിക്കുവാൻ അവനു കൊടുക്കുന്നതാണ് 'സ്ത്രീധനം'. 95% സ്ത്രീകളും വിദ്യാഹീനരും തൊഴിൽ രഹിതരുമായിരിക്കുന്ന ഇന്ത്യയിൽ ഈ സമ്പ്രദായം നിലനില്ക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അപ്പോൾ 'സ്ത്രീധന'മെന്ന ഈ സ്ത്രീശാപം ഒരു തീരാശാപമാകാതിരിക്കണമെങ്കിൽ ഓരോ സ്ത്രീക്കും സ്വന്തമായി തൊഴിൽ ചെയ്യു

ജീവിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം എടുക്കേണ്ടിയിരിക്കുന്നു. ഇന്ന് റഷ്യയിൽ മാത്രമേ ഈ പരിവർത്തനം നല്ല നിലയിൽ വന്നിട്ടുള്ളൂ. അവിടെ ഏതൊരു സ്ത്രീക്കും പുരുഷനോടൊപ്പം സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള മാർഗ്ഗം തുറന്നിട്ടിട്ടുണ്ട്.

മററു രാജ്യങ്ങളിലെന്നതുപോലെ ഇന്ത്യയിലും, സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാകുവാൻ പ്രധാന കാരണം, ഇവിടത്തെ ചില നരച്ച ആചാരങ്ങളും മററുചില പിഴച്ച ആദർശങ്ങളുമാണ്. തറവാട്ടിൽ പിറന്ന പെണ്ണ് പുറത്തുപോയി വേല ചെയ്യുന്നത് അപമാനമാണ്പോലും. കുഷ്ഠരോഗിയായ ഭർത്താവിന്റെ എച്ചിൽകൊണ്ട് വിശപ്പടക്കി പതിഭക്തി വെളിപ്പെടുത്തുന്ന ശീലാവതികളാണ് നമ്മുടെ സാഹിത്യത്തിലധികവും. എന്നാൽ പകൽ മുഴുവൻ വല്ല മറവിലും പതിയിരുന്ന് പാതിരാത്രികളിൽ തെരുവിലിറങ്ങി പച്ച മാംസം വിററ് വയറു നിറയ്ക്കുന്ന പേക്കോലങ്ങളും ഒട്ടും കുറവല്ലെന്നുകൂടി ഓർക്കണം. അതേ സമയം പത്നീഭക്തി പരിപാലിക്കുവാൻ പണിപ്പെടുന്ന പുരുഷന്മാർ എത്രയെത്ര ദുർല്ലഭം. ഗർഭിണിയായ സീതയെ കാട്ടിൻ നടുവിൽ തള്ളിക്കളയാൻ മടിക്കാത്ത ശ്രീരാമൻ ഉത്തമപുരുഷനാണല്ലോ ?

## സ്ത്രീകളുടെ വിദ്യാഭ്യാസം

വിദ്യാഭ്യാസം സ്ത്രീകൾക്ക് വളരെ ആവശ്യമാണ്. വിദ്യാഭ്യാസമില്ലാത്ത സ്ത്രീകൾ കൂപമണ്ഡൂകങ്ങളാണ്. അവയുടെ ലോകം ഒരു കിണററിൽ ഏതു രീതിയിൽ ഒതുങ്ങി നില്ക്കുന്നുവോ, അതുപോലെ വിദ്യാഭ്യാസമില്ലാത്ത സ്ത്രീകളുടെ ലോകം നാലു ഭിത്തികളിൽ അവസാനിക്കുന്നു. ഇന്ന് സമുദായത്തിൽ സ്ത്രീകൾക്കുള്ള അടിമത്വത്തിന് പ്രധാന കാരണം അവർ ഭൂരിഭാഗവും വിദ്യാരഹിതരാണെന്നുള്ളതാണ്. മൂടപ്പെട്ടിരിക്കുന്ന അവകാശങ്ങളെ മനസ്സിലാക്കുന്നതിനോ, അവയെ തെരഞ്ഞ് പുറത്തുകൊണ്ടുവരുന്നതിനോ അവർക്കറിഞ്ഞുകൂടാ.

ഭൂരിപക്ഷം വരുന്ന ഇന്ത്യൻ സ്ത്രീകളിൽ ന്യൂനപക്ഷത്തിനു മാത്രമേ വിദ്യാഭ്യാസമുള്ളൂ. കേവലം പത്തുശതമാനം മാത്രമാകുന്ന ഇവരിൽ അഞ്ച് ശതമാനവും സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തുന്നതിനുമുമ്പ്, വളരെ ചെറുപ്പത്തിലെ വിവാഹിതകളാകുന്നു. "നേരത്തെ കല്യാണം കഴിക്കുകയും, നേരത്തെ മരിക്കുകയും ചെയ്യുക"— ഇതാണ് ഒരിന്ത്യാക്കാരന്റെ മുദ്രാവാക്യം, എന്ന് വിദേശിയായ ഒരു ഗ്രന്ഥകാരനെഴുതിയിരിക്കുന്നത് നമ്മുടെ സ്ത്രീകളെ സംബന്ധിച്ച് തികച്ചും പരമാർത്ഥമാണെന്ന് തോന്നിപ്പോകുന്നു. "It is a woman's busines to get married as soon as possible and man's to keep unmarried as long as he can" എന്നാണല്ലോ സ്ത്രീകളെപ്പററി പൊതുവെ ബർണാഡ്ഷാ പറഞ്ഞിരിക്കുന്നത്. രാഷ്ട്രത്തിലെ പകുതിയിലധികം വരുന്ന സ്ത്രീകൾ കേവലം പ്രസവിക്കാനുള്ള യന്ത്രങ്ങൾ മാത്രമായാൽ അത് സ്ത്രീകളുടെയെന്നല്ലാ, രാജ്യത്തിന്റെ തന്നെ നിലനില്പിന് ഹാനികരമായിരിക്കും.

## സ്ത്രീകളും അബലകളും

സ്ത്രീകൾ അബലകളോളം അശക്തകളല്ല. അവർക്ക് അബലകളേക്കാൾ ആയുസ്സുണ്ട്. സമുദായം, രാഷ്ട്രം എന്നീ രൂപങ്ങളിൽ മനുഷ്യൻ സംഘടിക്കുവാൻ ചെയ്ത യത്നത്തിന്റെ ഫലമായി സ്ത്രീകളെ ആക്രമിച്ച ഒരു ബാധയാണ് ഇന്ന് സമുദായത്തിൽ അവർക്കുള്ള അസമത്വം. പരസ്പരവൈപരീത്യങ്ങളുടെ ഒരു മഹാസമാഹാരമായ മനുഷ്യൻ സമുദായത്തിൽ കണ്ട ആദ്യത്തെ പിളർപ്പാണിത്.

മുവ്വായിരം വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലുണ്ടായിരുന്ന ആര്യ സമുദായത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ സ്വാതന്ത്ര്യരായിരുന്നു. അവർ മദ്യപിച്ച് ആടിയും പാടിയും രാജ്യത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിച്ചിരുന്നു. അരവരിഞ്ഞുട്ടുള്ള്, ഭർത്താവിനെയും പ്രതീക്ഷിച്ച്, അന്തിയാക്കുന്ന പതിവ് അന്നത്തെ സ്ത്രീകൾക്കില്ലായിരുന്നു. ഓരോ സ്ത്രീക്കും നാലും അഞ്ചും ഭർത്താക്കന്മാരുണ്ടായിരുന്നുവെന്നുള്ളത് ഇന്നത്തെ പതിവ്രത ലോകത്തിന് അസൂയക്ക് വകനല്കിയേക്കാം. എന്നാൽ ആയിരത്തിഅഞ്ഞൂറ് ബി. സി. യിൽ, ഋഗ് വേദയുടെ കാലത്ത്, സ്ത്രീകളുടെ സ്വാതന്ത്ര്യം പുരുഷതുല്യമായി കുറഞ്ഞു. ഒന്നിലധികം പുരുഷന്മാരെ ഒരേ സമയത്ത് ഭർത്താക്കന്മാരാക്കുവാനുള്ള സ്വാതന്ത്ര്യമാണ് ആദ്യമവൾക്ക് നഷ്ടപ്പെട്ടത്. സ്ത്രീകളുടെ അധികാരങ്ങൾക്ക് പരിധി കല്പിച്ചുകൊണ്ട് അന്നു മുതൽ ഉണ്ടായ തത്വങ്ങളിലേയും നിയമങ്ങളിലേയും ചിലതാണ് താഴെ ഉദ്ധരിക്കുന്നത്.

1) "One woman can make love to one man only......if a woman is unfaithful to her husband, from today onwards it will be a sin." — by old Sages.

2) "Below her novel a woman is always unclean" — Atharvaveda.

3) "Woman is as foul as falsehood itself" — Manu (the father of hindu caste system)

ഇങ്ങനെ ഓരോ രാജ്യത്തിന്റേയും പ്രത്യേകം ചരിത്രം പരിശോധിച്ചാൽ, സ്ത്രീകൾ പുരുഷതുല്യരോ അതിലധികമോ സ്വാതന്ത്ര്യമുള്ളവരായിരുന്നുവെന്നും; പിന്നീടുണ്ടായ ചില അർത്ഥമില്ലാത്ത ആചാരങ്ങളും, അന്ധവിശ്വാസങ്ങളുമാണ് ആ ത്തരം മൗലിക അവകാശങ്ങൾക്ക് പരിധി കല്പിച്ചതെന്നും കാണാം. വിശ്വാസശീലം മനുഷ്യന്റെ ഒരു മാനസിക ദൌർബല്യമാണ്. "എന്തബദ്ധമായാലും വേണ്ടില്ല ഒരമ്പതുപ്രാവശ്യം ഉച്ചത്തിൽ വിളിച്ചുപറഞ്ഞാൽ നാം അതു വിശ്വസിച്ചുപോകുമെന്ന്" ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടത് അതുകൊണ്ടാണല്ലോ?

## സ്ത്രീകൾ ഒരു വൻശക്തി

സ്ത്രീകൾ മനുഷ്യസമുദായത്തിലെ ഏറ്റവും വിലപ്പെട്ട ശക്തിയാണ്. ഒരു മാതാവാകുവാൻ ഒരു സ്ത്രീക്കേ സാധിക്കൂ. അതു തന്നെയാണ് അവളുടെ ഏറ്റവും വലിയ ശക്തി. തന്നെയുമല്ല, ജീവിതത്തിന്റെ എല്ലാ തുറകളിലും വളരെ കാര്യക്ഷമതയോടും, ശുഷ്കാന്തിയോടുംകൂടി കാണപ്പെടുന്നത് നമ്മളുടെ വെറുക്കപ്പെട്ട ഈ വർഗ്ഗക്കാരെതന്നെയല്ലേ? ഇഹത്തിലെ മഹാശക്തിയായ "അമ്മയെ" അബലയെന്നു വിളിക്കാൻ ഈ ഇരുപതാം നൂറ്റാണ്ടിലെ ബുദ്ധിജീവികളും മടിക്കുന്നില്ലെന്നുള്ളത് വളരെ ശോചനീയംതന്നെ. മഹാത്മാക്കൾ സ്ത്രീകളെപ്പറ്റി ഇങ്ങനെ പ്രവചിച്ചത് ഇത്തരം മൂഢ സ്വപ്നത്തെ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം.

1) "സ്ത്രീയെ അബലയെന്നു വിളിക്കുന്നത് അപഹാസ്യമാണ്. അതു പുരുഷൻ സ്ത്രീയോടു കാണിക്കുന്ന അനീതിയാണ്." — മഹാത്മഗാന്ധി.

2) "സ്ത്രീയുടെ കോപം നക്ഷത്രം പോലെയാണ്. അതു പ്രകാശിക്കുന്നു. പക്ഷെ പുകയുന്നില്ല." — മൂർ.

3) "ഒരു സ്ത്രീ വിരൂപയോ, താന്തോന്നിയോ, അജ്ഞയോ, നിസ്സാരയോ, ആയിരിക്കാം. എന്നാൽ അവളൊരിക്കലും ക്രൂരയായിരിക്കില്ല." — ലൂയി സെസ്നോറയട്സ്.

## സ്ത്രീ സ്വാതന്ത്ര്യവും സോവിയററ് റഷ്യയും

ഏതാനും വർഷങ്ങൾക്ക് മുൻപ് ഇന്നത്തെ ലോകശക്തിയായ റഷ്യ, സാമ്പത്തികമായും സാംസ്കാരികമായും ഏററവും അധഃപതിച്ച രാജ്യമായിരുന്നു. ലെനിൻ ഭരണാധികാരത്തിലെത്തിയ മാത്രയിൽ ആദ്യം ചെയ്ത വിളംബരം വളരെ ശ്രദ്ധേയമാണ്. ''ജനസമുദായത്തിൽ പകുതി ഭാഗവും അടുക്കളയിലെ അടിമച്ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ഒരു രാഷ്ട്രത്തിനും സ്വതന്ത്രമാകാൻ സാദ്ധ്യമല്ല.'' അദ്ദേഹം ഇതുകൊണ്ടുദ്ദേശിക്കുന്നത് ഒരു രാഷ്ട്രത്തിന്റെ പുരോഗതിക്ക് ആ രാഷ്ട്രത്തിലെ സ്ത്രീകളുടെ മാനസികമായ പുരോഗമനവും, ശാരീരികമായ സേവനവും അത്യന്താപേക്ഷിതമാണെന്നാണ്. സ്ത്രീകളെ സമുദായം വെറുക്കുകയും നികൃഷ്ട ജീവികളോടെന്നപോലെ പെരുമാറുകയും ചെയ്തിരുന്നു. അടുത്ത കാലംവരെ റഷ്യയിൽ പ്രചരിച്ചിരുന്ന ചില പഴഞ്ചൊല്ലുകൾ സ്ത്രീകളുടെ ഈ നികൃഷ്ട നിലയെ ചിത്രീകരിക്കുന്നവയാണ്.

1) ''സ്ത്രീയുടെ തലമുടി നീണ്ടതാണ്. എന്നാൽ അവളുടെ തലച്ചോറ് ചുരുങ്ങിയതത്രേ.''

2) ''ഈവിന്റെ ഗോത്രത്തിൽ പെട്ടവരാണ് എല്ലാ സ്ത്രീകളും. അവരിൽ നിന്നാണ് പാപോത്പത്തി.''

3) ''സ്വാതന്ത്ര്യം നല്ല ഭാര്യയെ ചീത്തയാക്കുന്നു.''

സ്ത്രീകളുടെ ഇത്തരം അടിമത്വത്തിന്റെയും, ദാരിദ്ര്യത്തിന്റെയും ദീനസ്വരത്തിന് പൂർണ്ണവിരാമമിട്ടു. എന്നതുകൊണ്ട് തന്നെ സോവിയററ് റഷ്യ ഭൂമിയിലെ സ്വർഗ്ഗമായിത്തീർന്നു. അവിടത്തെ സ്ത്രീകളുടെ ഇന്നത്തെ നിലനോക്കാം. അഖില സോവിയററ് കോൺഗ്രസ് സംഘടനയിൽ അഞ്ചിലൊരു ഭാഗം അംഗങ്ങളും സ്ത്രീകളാണ്. പ്രാദേശിക സോവിയററുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ അയ്യായിരത്തിലേറെ സ്ത്രീകളുണ്ടായിരിക്കും. അന്യരാജ്യങ്ങളിൽ, അബലമാർക്ക് പററിയതല്ലെന്ന് പറഞ്ഞ് അകററിനിർത്തിയിരിക്കുന്ന എൻജിനീയർ ഡിപ്പാർട്ടുമെൻറിൽ അഞ്ചു ലക്ഷം സ്ത്രീകളുണ്ട്. എൻജിനീയറിംഗ് കോളേജുകളിൽ മൂന്നിലൊന്നും, മെഡിക്കൽ കോളേജുകളിൽ പകുതിയിലധികവും വിദ്യാർത്ഥിനികളാണ്. ജഡ്ജിമാരിൽ നാലിലൊരു ഭാഗം സ്ത്രീകളാണ്. കപ്പലുകളിലെ കപ്പിത്താൻ സ്ഥാനങ്ങളിലും അവർ പ്രവേശിച്ചിരിക്കുന്നു. സൈനിക വിദ്യാലയങ്ങളിൽ സകല വകുപ്പുകളിലും സ്ത്രീകൾ പരിശീലനം നടത്തുന്നുണ്ട്. സ്ത്രീകൾക്കില്ലാത്ത ഒരു സ്ഥാനവും റഷ്യൻ സമുദായത്തിലിന്ന് പുരുഷന്മാർക്കില്ല. ഓരോ സ്ത്രീയും സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കുന്നു. അവർക്കിഷ്ടപ്പെട്ട പുരുഷനെ ഭർത്താവായി സ്വീകരിക്കുവാനും, പിന്നീട് ഉപേക്ഷിക്കുവാനും അധികാരമുണ്ട്. ഇങ്ങനെ സ്ത്രീകളെന്ന വൻശക്തിയെ, ബുദ്ധിപൂർവ്വം സ്വതന്ത്രമാക്കിയ റഷ്യ പെട്ടെന്ന് ലോകത്തിലെ വൻശക്തിയായതിൽ അത്ഭുതപ്പെടാനില്ല.

### നാം മുന്നോട്ട്

ഭാരതത്തിന്റെ പുരോഗതിക്ക് ഇവിടേയും റഷ്യയിലേതുപോലെ ഒരു സാമുദായിക പരിവർത്തനം ഉണ്ടായേ പററൂ. അതിന് ആദ്യമായി ചെയ്യേണ്ടത് ഇന്ത്യയുടെ എല്ലാം എല്ലാമായ, എല്ലാ പഴഞ്ചൻ മാമൂലുകളേയും വ്യർത്ഥമായ വ്യവസ്ഥിതികളേയും, വിശ്വാസങ്ങളേയും തച്ചുടയ്ക്കുകയാണ്. അങ്ങനെ ഇൻഡ്യൻ സ്ത്രീലക്ഷങ്ങളെ നാലുകെട്ടിലെ വീർപ്പുമുട്ടലിൽ നിന്നും, താലികെട്ടലെന്ന ബന്ധനത്തിൽ

നിന്നും മോചിപ്പിക്കണം. ശാരീരിക അടിമത്വത്തിനെതിരെ സധൈര്യം പട പൊരുതിയ എബ്രഹാംലിങ്കനെപ്പോലെയുള്ള മനുഷ്യസ്നേഹികളെയാണ് ഈ മാനസിക അടിമത്വത്തെ നേരിടാൻ നമ്മുക്കാവശ്യം. "തൊട്ടിലാട്ടുന്ന കൈകൾ വേണ്ടിവന്നാൽ തോക്കെടുക്കാനും സന്നദ്ധമായാലേ വിപ്ലവത്തെ ഭരിക്കാൻ ശക്തമാകയുള്ളൂ." എന്ന റഷ്യൻ വനിതകളുടെ തത്വം ഇൻഡ്യൻ സ്ത്രീകളും എത്രയും വേഗം സ്വീകരിക്കണം. മാതൃമണ്ഡലത്തിൽ മാൻപേടകളായും രണാങ്കണത്തിൽ ഹിംസ്ര വ്യാഘ്രികളായും പ്രത്യക്ഷപ്പെടാൻ സ്ത്രീകൾക്ക് കഴിയുമെന്ന് തെളിയിച്ച. ഝാൻസി റാണിയുടെ ജന്മനാടായ ഭാരതം ഒരിക്കലും പിന്നിലായിക്കൂടാ. വളച്ച് മുരടിച്ച ഈ സ്ത്രീസമൂഹത്തിന്റെ നേതൃത്വത്തിലേക്ക് മദർതെരേസമാരും, ഫാദർ ഡാമിയൻമാരും ജന്മമെടുക്കണം. എങ്കിലേ "ഭീരുവിനെപ്പോലെ ഓടുന്നതിലും, അഭിമാനം പണയപ്പെടുത്തുന്നതിലും ഭേദം പടവാളെടുത്ത് യുദ്ധം ചെയ്യുന്നതാണ്." എന്നു പറഞ്ഞ പുണ്യപിതാവായ മഹാത്മാഗാന്ധിയുടെ ചിരകാലാഭിലാഷമായിരുന്ന 'ഭാരതം' സാക്ഷാത്കരിക്കൂ.

best compliments from
fitwell garments
Jn: angamaly

# ശ്മശാനത്തിൽ

ശവക്കോട്ടയിൽക്കൂടി അർദ്ധരാത്രി അയാൾ നടന്നപ്പോൾ, ഇന്നലെകളുടെ കണ്ണുനീരിനെ അനുസ്മരിപ്പിക്കുന്ന മഞ്ഞുവെള്ളം അയാളുടെ കാലുകളിലുരുമ്മി. പക്ഷെ അയാൾ അറിഞ്ഞില്ല. അവിടെ മരിച്ച മനുഷ്യരുടെ ആത്മാക്കൾ ഒഴുകി നടന്നിരുന്നു..... തകർന്ന സ്വപ്നങ്ങളുടേയും കോട്ടകളുടേയും നീറിപ്പുകയുന്ന ആത്മാക്കൾ —ഒന്നും സാധിച്ചില്ലെന്നുള്ള വെറും മനുഷ്യാത്മാക്കൾ— എന്തൊക്കെയോ ചെയ്യണമെന്നുണ്ടായിരുന്ന ആത്മാക്കൾ— സമൻസുകിട്ടിയവരുടേയും ആത്മഹത്യ ചെയ്തവരുടേയും ആത്മാക്കൾ.

അയാൾ തലയോട്ടികളേയും അസ്ഥികഷണങ്ങളേയും കവച്ചുവച്ചു നടന്നു. ഇന്നലെ മരിച്ച ഒരു 'മാന്യന്റെ' ശവകടീരത്തിലെ വാടിയ പുഷ്പങ്ങൾ അയാൾ ശ്രദ്ധിച്ചില്ല. ശവശരീരങ്ങൾ എന്തിനാണ് സംസ്കരിക്കുന്നതു് ? ശവങ്ങളുടെ കണ്ണു കൊത്തിപ്പറിക്കാൻ ഇവിടെ കഴുകന്മാരില്ലേ ? ഉണ്ട്, സത്യമായും ഉണ്ട്. ഇരുട്ടിന്റേയും ഉണങ്ങിയ മാംസത്തിന്റേയും മജ്ജയുടേയും ഗന്ധം അയാളുടെ നാസികകളിൽ തുളച്ചുകയറി. അയാളുടെ തൊണ്ട വരണ്ടു.

കൊള്ളക്കാരുടേയും കള്ളന്മാരുടേയും പണക്കാരുടേയും ദരിദ്രന്മാരുടേയും ജഡങ്ങൾ, ശവകടീരങ്ങൾ. പക്ഷെ ഇവിടെയുമുണ്ട് അതുല്യത. മാർബിളിന്റേയും സിമന്റിന്റേയും കടീരങ്ങൾ, വെറും മണ്ണിൻ പൊററകൾ, ഉറുമ്പിൻ മാളങ്ങൾ. എല്ലാം സ്വസ്ഥം. ഇവിടെയാർക്കും പരാതിയില്ല ; ധാർമ്മികരോഷമില്ല. ഉരുകി വീണ മെഴുകുതിരികൾ നിലത്തു് മോഡേണാർട്ടുകൾ രചിച്ചിരിക്കുന്നു. അയാളിതൊന്നും ആസ്വദിച്ചില്ല. അയാളൊരു പുതിയ തത്വം കണ്ടുപിടിച്ചു. മനുഷ്യൻ



നൈനാൻ തരിയൻ
മൂന്നാം വർഷം, ധനതത്വശാസ്ത്രം

പാവമാണ് — ഇവിടെ കണ്ടതെല്ലാം ഉപരിപ്ലവങ്ങളാണ്, മുഖം മൂടികളാണ്, മരുപച്ചകളാണ്. ആ മൂടുപടത്തിനു പിൻപിൽ ഒന്നുമില്ല. ശൂന്യത അതു മാത്രമുണ്ട് ശാശ്വതമായി…………



അയാൾ ഒരു ബിന്ദുവിനെ ലക്ഷ്യമാക്കി നടന്നു. അതൊരു ശവകുടീരമായിരുന്നു. നനവുള്ള മണ്ണിൻ കുടീരം — പുതിയ മണ്ണിന്റെ ഗന്ധം — അയാൾ ആ കുടീരത്തിൽ കമിഴ്ന്നടിച്ചു വീണു. അയാളുടെ കൈകൾ യാന്ത്രികമായി മണ്ണു മാന്തിക്കൊണ്ടിരുന്നു. താൻ നിഷ്ഠൂരം കഴുത്തറുത്തു കൊന്ന മനുഷ്യന്റെ ജഡം കണ്ടെത്താനുള്ള തൃഷ്ണയായിരുന്നു അയാളുടേത്. തന്റെ ലക്ഷ്യം നിറവേറിയ കൃതാർത്ഥതയോടെ, അയാൾ ഒരു അഴുകിയ ശവശരീരം പൊക്കിയെടുത്തു. അയാളൊട്ടും ഞെട്ടിയില്ല, മരണം അയാളെ തുറിച്ചുനോക്കുന്നതായി തോന്നി. മരണത്തിന്റെ ഗന്ധം അയാളെ ഉന്മത്തനാക്കി. അയാൾ ആ ചീഞ്ഞ ശവശരീരത്തെ കെട്ടിപ്പിടിച്ചു കരഞ്ഞു. വില കുറഞ്ഞ വാർണീഷിന്റെയും പൗഡറിന്റെയും ഗന്ധം അയാളുടെ നാസികകളിൽ തുളച്ചു കയറി. പശ്ചാത്താപത്തിന്റെ കണ്ണുനീർ നിലത്ത് വീണ് മഞ്ഞിൻകണങ്ങളുമായി ലയിച്ചു.

x x x x x

നേരം വെളുത്തു, ജനങ്ങൾ, മരിച്ചു വിറങ്ങലിച്ച കൈകളിൽ അമർന്നു കിടക്കുന്ന ഒരു ജീർണ്ണിച്ച ശവശരീരമാണ് കണ്ടത്.

●●

# വിടർന്നെങ്കിൽ

ടി. ഡി. രാമകൃഷ്ണൻ
I പി. ഡി. സി. I ഗ്രൂപ്പ്

ഉറക്കം കണ്ണിൽ കുത്തി
തളരേ ചോദിപ്പു ഞാ-
നാക്കെ കവിതേ നീ-
യെന്താണു വിടരാത്തേ ?
തൂലിക തലപ്പാവ-
ഞ്ഞൂരി വച്ചിട്ടെത്ര
നേരമായിരിക്കുന്നു
അക്ഷരം കുറിക്കുവാൻ.
കറുത്ത മഷിയിപ്പോ-
ളുണങ്ങിക്കാണും, പേന
എഴുതാൻ മടിച്ചീട്ടും
നീ വന്നു ചാഞ്ചാടുമ്പോരം.
ജീവിതം പകുത്തുവാ-
നതിനെ സ്പന്ദിപ്പിക്കാൻ
കോമളപ്രസൂനമാം
നീയൊന്നു വിടർന്നെങ്കിൽ.
മാനവ പ്രയത്നത്തിൻ
ശക്തിയെ, സൗന്ദര്യത്തെ
മോഹനഗാനങ്ങളായ്
മാറ്റുവാൻ കഴിഞ്ഞെങ്കിൽ.

●●●

# കോളേജ് യൂണിയൻ റിപ്പോർട്ട് – 1976 – '77

തികച്ചും ചാരിതാർത്ഥ്യബോധത്തോടെയാണ് പോയ വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. നേട്ടങ്ങളുടെ നീണ്ട പട്ടിക നിരത്തിവച്ചുകൊണ്ടല്ല, മറിച്ച്, ഏതാശയത്തിന്റെ പേരിൽ ഏതു പ്രതീക്ഷകളുടെ പേരിൽ നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾ യൂണിയൻ ഭരണം ഞങ്ങളെ ഏല്പിച്ചുവോ അതേ ആശയങ്ങളും പ്രതീക്ഷകളും പൂവണിയിക്കാൻ ഞങ്ങൾക്കു കഴിഞ്ഞുവെന്നുള്ള ആത്മാഭിമാനത്തോടുകൂടിയാണ്.

ആരെയും അമ്പരപ്പിക്കുന്ന ശ്മശാന മൂകതയ്ക്ക് വിരാമമിടുകയായിരുന്നു കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്. വിറങ്ങലിച്ചു നിന്നിരുന്ന മനസ്സാക്ഷിയുടെ ഉദയം കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ കാണുകയുണ്ടായി. നിർജ്ജീവമായിരുന്ന കലാലയാന്തരീക്ഷത്തിൽ ജീവന്റെ തുടിപ്പുകൾ യൂണിയൻ തിരഞ്ഞെടുപ്പോടുകൂടി പ്രത്യക്ഷപ്പെട്ടു.

1976 സെപ്റ്റംബർ 17–ന് നടന്ന യൂണിയൻ തിരഞ്ഞെടുപ്പിൽ പി. കെ. സുരേഷ് ബാബു ( Cla : III History ) ചെയർമാനായും, നാരായണൻ കർത്താ ( Cla : III Maths ) വൈസ് ചെയർമാനായും, എ. കെ. ബാബു (Cla : III Eco :) സെക്രട്ടറിയായും, സാം മാത്യു ( Final M. Sc. Physics ), മേരികുരുവിള (Final M. A. Eng:) എന്നിവർ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരായും, എം. എം. മോനായി ( Cla : III Psy: ) ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയായും, പി. എസ്. രാജൻ (Cla : II Eng :) മാഗസിൻ എഡിറ്ററായും, പ്രിയദാസ് ജി. മംഗലത്ത് (Cla : III Eng :), ജോർജ്ജ് കുര്യൻ ( Cla : II Psy : ). ജോസഫ് എ. എസ്. ( Cla : III Eco : ), രാജു താടിക്കാരൻ ( Cla : III Phy : ), ബേബി പി. ആർ. ( Cla : I Eco : ), വി. എൻ. കൃഷ്ണൻ ( Cla : II Mal : ). എം. ജി. ചന്ദ്രചൂഡൻ ( Cla : I Psy : ) എന്നിവർ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.

സെപ്റ്റംബർ 22–ന് കൂടിയ പൊതുയോഗത്തിൽ, ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പൽ Dr. A. K. Baby യൂണിയൻ ഭാരവാഹികളെ പരിചയപ്പെടുത്തി. സെപ്റ്റംബർ 29–ന് കൂടിയ ജനറൽ കൗൺസിൽ യൂണിയൻ ബഡ്ജറ്റ്

ഐകകണ്ഠ്യേന പാസ്സാക്കി. കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉൽഘാടനം 'എന്റെ ഗ്രാമം എന്റെ ജനത' എന്ന നോവലിന് 'ചിന്ത' യുടെ സമ്മാനം നേടിയ കാലടി ശ്രീ ശങ്കര കോളേജിലെ പ്രൊ. S. K. വസന്തൻ നിർവ്വഹിച്ചു. തദവസരത്തിൽ ആധുനിക മലയാള സാഹിത്യത്തിലെ അത്യുജ്ജ്വല പ്രതിഭയായ സച്ചിദാനന്ദൻ ആശംസാപ്രസംഗം നടത്തുകയുണ്ടായി. ഉദ്ഘാടനാനന്തരം വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ഒക്ടോബർ 28-ന് സൈക്കിളിലൂടെ കന്യാകുമാരിയും കീഴടക്കി വിജയശ്രീലാളിതരായി തിരിച്ചെത്തിയ N. C. C. കേഡറ്റുകൾക്ക് സ്വീകരണം നൽകി. നവമ്പർ12-ന് Arts clubന്റെ ഔപചാരികമായ ഉദ്ഘാടനം സുപ്രസിദ്ധ ചിത്രകാരനും ലളിതകലാ അക്കാദമിയുടെ അദ്ധ്യക്ഷനുമായ ശ്രീ. M. V. ദേവൻ നിർവ്വഹിച്ചു. സുപ്രസിദ്ധ ചലച്ചിത്ര പിന്നണി ഗായികയായ ബേബി സുജാതയുടെ സാന്നിദ്ധ്യം സദസ്സിന് മേളക്കൊഴുപ്പേകി. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

നവമ്പർ 15-ന് F. S. S. S. -ന്റെ സഹകരണത്തോടുകൂടി Dr. A. T. Kovoor-ന് സ്വീകരണം നൽകി. കോവൂർ ട്രൂപ്പിന്റെ മാജിക് ഷോ മറ്റൊരു പരിപാടിയായിരുന്നു.

സിനി ക്ലബ്ബ് നമ്മുടെ കോളേജിന്റെ പ്രത്യേകതയായിരുന്നു. സിനി ക്ലബ്ബിന്റെ ഉദ്ഘാടനം 1977-ൽ പ്രസിദ്ധ നടനായ ശ്രീ. പി. കെ. വേണുക്കുട്ടൻ നായർ നിർവ്വഹിച്ചു. തദവസരത്തിൽ സുപ്രസിദ്ധ സംവിധായകനായ ശ്രീ. N. ശങ്കരൻനായർ പങ്കെടുക്കുകയുണ്ടായി. ഇരുട്ടിന്റെ ആത്മാവ്, അപൂർവ്വരാഗങ്ങൾ തുടങ്ങി അഞ്ചു ചലച്ചിത്രങ്ങൾ സിനി ക്ലബ്ബ് പ്രദർശിപ്പിക്കുകയുണ്ടായി.

ജനവരി 19-ന് ഒരു Arts Exhibition നടത്തുകയുണ്ടായി. 1977 ജനവരി 27-ന് കോളേജിന്റെ സഹകരണത്തിൽ തൃശ്ശൂർ റേഡിയോ നിലയം നടത്തിയ യുവജനോത്സവം കേരളത്തിനു പുറത്തും ശ്രദ്ധിക്കപ്പെടുകയുണ്ടായി.

ജനവരി 27-ന് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന ഇന്റർ കൊളിജിയേറ്റ് ആർട്ട്സ് കോമ്പറ്റീഷൻസ് ഈ കോളേജിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമായിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 15-ൽ പരം കോളേജുകളിൽ നിന്ന് യുവകലാകാരന്മാരും കലാകാരികളും പ്രസ്തുത കോമ്പറ്റിഷനിൽ പങ്കെടുക്കുകയുണ്ടായി.

Maharajas College വിജയികളായുള്ള Federal Bank Trophyയും, U. C. College റണ്ണർ അപ്പിനുള്ള Golden Jubilee Memmorial Trophy യും നേടി.

ജനുവരി 27, 28 എന്നീ തീയതികളിൽ നടന്ന സാഹിത്യ – സിനിമാ ശില്പശാല എല്ലാംകൊണ്ടും പുതുമയുള്ളതായിരുന്നു. കോളേജുകളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി നടത്തിയ ഈ സംരംഭം നമുക്ക് അഭിമാനത്തിനു വക നൽകുന്നു. വ്യത്യസ്ത കോണുകളിലൂടെ സാഹിത്യത്തിന്റെയും സിനിമയുടെയും വിവിധ വശങ്ങളെ വിശകലനം ചെയ്യുകയായിരുന്നു പ്രസ്തുത ശില്പശാലയുടെ ഉദ്ദേശം. ഇരുന്നൂറിൽപ്പരം വിദ്യാർത്ഥികൾ പങ്കെടുത്ത പ്രസ്തുത ക്യാമ്പിലെ ചർച്ചകൾക്ക് മലയാള സാഹിത്യത്തിലെ അത്യുജ്ജ്വല പ്രതിഭകളായ കടമ്മനിട്ട, സച്ചിദാനന്ദൻ, വിനയചന്ദ്രൻ, വൈലോപ്പിള്ളി ചന്ദ്രശേഖരൻ നായർ, മുല്ലനേഴി, N. K. ദേശം തുടങ്ങിയവർ നേതൃത്വം നൽകി. സിനിമയെപ്പറ്റിയുള്ള ചർച്ചകൾക്ക് പ്രധാനമായും നേതൃത്വം നൽകിയതു് P. രാമദാസ്, M. S. നമ്പൂതിരി, വിജയൻ കാരോട്ട്, കര്യൻ പാമ്പാടി, ഐസക് തോമസ് തുടങ്ങിയവരാണു്.

കടലിന്റെ ഇരമ്പലും, കൊടുങ്കാറ്റിന്റെ ആരവവും, ഇളം തെന്നലിന്റെ ശാന്തതയും, പൂനിലാവിന്റെ കുളിർമ്മയും പ്രതീകാത്മകങ്ങളായി, സ്വന്തം കവിത, സ്വയം താളം നല്കി, സ്വന്തമായൊരു ശൈലിയിൽ കവികൾ അവതരിപ്പിക്കുമ്പോൾ ക്യാമ്പംഗങ്ങളെ അനുഭൂതിയുടെ ഉദാത്ത മേഖലകളിലേക്ക എത്തിക്കുകയായിരുന്നു.

Arts festival ഫെബ്രുവരി 7, 8 എന്നീ തീയതികളിൽ നടത്തപ്പെട്ടു. പപ്പററ് ഷോ പ്രതീക്ഷകൾക്കൊത്തുയർന്നില്ലെങ്കിലും മറെറാരു പരിപാടിയായിരുന്നു.

നമ്മുടെ കോളേജിനു അഭിമാനകരമായ മറെറാരുനേട്ടം ഇരിങ്ങാലക്കുട വച്ചു നടന്ന Arts Kerala യുടെ Fr. Gabriel Trophy നമ്മുടെ ആർട്ട്സ് ടീം നേടിയതാണു്.

വയലാർ, പ്രൊ. ചെറുകാട്, C. N. ശ്രീകണ്ഠൻ നായർ തുടങ്ങിയവരുടെ നിര്യാണത്തിൽ കോളേജ് യൂണിയൻ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. അകാലത്തിൽ പൊലിഞ്ഞുപോയ പ്രീഡിഗ്രി വിദ്യാർത്ഥി M. C. George – ന്റെ വിയോഗത്തിൽ കോളേജ് യൂണിയൻ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

മംഗലപ്പുഴ സെമിനാരി പടിക്കൽ നിർമ്മിക്കാൻ പോകുന്ന bus-bay യുടെ പ്രാരംഭ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത വേനൽ അവധിക്ക് റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെ bus-bay പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

എന്നും ഞങ്ങൾക്ക് വേണ്ട കൈത്താങ്ങുകൾ തന്ന ബഹു: പ്രിൻസിപ്പൽ Dr. A. K. Baby ക്ക് സ്നേഹനിർഭരമായ ഒരു യാത്ര അയപ്പ് കൊടുക്കുകയുണ്ടായി. ഒപ്പം പുതിയ പ്രിൻസിപ്പലായി നിയമിതനായ Dr. O. M. Mathen – ന് സ്വാഗതം അരുളുകയും ചെയ്തു.

വിദ്യാർത്ഥികൾ ഒറ്റപ്പെട്ട വിഭാഗമല്ലെന്നും, തങ്ങളുടെ ചുറ്റുമുള്ള സമൂഹത്തിൽ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും മാറ്റങ്ങൾക്കും വിധേയരാണ് വിദ്യാർത്ഥികളെന്നും തെളിയിക്കുന്ന തരത്തിലുള്ള നേതൃത്വം നൽകാൻ യൂണിയനു് കഴിഞ്ഞതു് ചാരിതാർത്ഥ്യത്തിനു വക നൽകുന്നു.

അതേ, ഈ വേദിയിൽ മയിലുകൾ നൃത്തം ചവിട്ടുന്നതും, മാൻപേടകൾ തുള്ളിച്ചാടുന്നതും, കുയിലുകൾ പാടുന്നതും, മണിചിലങ്കകൾ പൊട്ടിച്ചിരിക്കുന്നതും, മലമുഴക്കി ഗർജ്ജിക്കുന്നതും ഞങ്ങൾ കണ്ടു. ഇതു വെറും ഒരു തുടക്കമായിരുന്നു.

എല്ലാറ്റിനുമുപരി എല്ലായ്പ്പോഴും ഞങ്ങളുടെ പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിച്ച ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപക വിദ്യാർത്ഥികൾക്ക് ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

അഭിവാദനങ്ങളോടെ,

എ. കെ. ബാബു
ജനറൽ സെക്രട്ടറി
കോളേജ് യൂണിയൻ

# സിനി ക്ലബ്ബ്

**പ്രസിഡൻറ് : ശ്രീ. മോഹൻ തോമസ്**

ഒരു നൂതന അദ്ധ്യായം രചിച്ചുകൊണ്ട് യു. സി. കോളേജിൽ ഭരണരംഗത്തുവന്ന കോളേജ് യൂണിയൻ സംഘടിപ്പിച്ചതാണ് കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തന രഹിതമായിരുന്ന സിനി ക്ലബ്ബ്. ശ്രീ. മോഹൻ തോമസ്സ് M. Sc. പ്രസിഡൻറും, പ്രിയദാസ് ജി. സെക്രട്ടറിയും, രാജു കെ. എബ്ബ്., ജോസഫ് ഈ. ഡി. മുകുന്ദകുമാർ, സാം മാത്യു, സുരേഷ് നാരായൺ, രാജമ്മ, സുധാ എൻ., പ്രേമാ ജോൺ, ശാന്തമ്മ എന്നിവരടങ്ങിയ ഒരു കമ്മററിയുമാണ് ക്ലബ്ബിൻെറ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്.

മലയാള ചലച്ചിത്രത്തിൽ ഹിററുകളായിത്തീർന്ന വിപ്ലവവിജയം, രാസലീല തുടങ്ങിയ അനേകം പ്രശസ്ത ചിത്രങ്ങൾ സംവിധാനം ചെയ്ത് ശ്രദ്ധേയനായ ശ്രീ. എൻ. ശങ്കരൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസിദ്ധ നടൻ ശ്രീ. വേണുക്കുട്ടൻ നായരാണ് സിനി ക്ലബ്ബ് ഉൽഘാടനം ചെയ്തു. ഓരോ മാസവും ഓരോ ചലച്ചിത്രം പ്രദർശിപ്പിക്കുവാൻ സിനി ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. 'ഇരുട്ടിൻെറ ആത്മാവ്', 'കുട്ട്യേടത്തി', 'വിത്തുകൾ', 'വാഴ്‌വേ മായം', 'അപൂർവ്വ രാഗങ്ങൾ' എന്നിവ പ്രദർശിപ്പിക്കപ്പെട്ട ഏതാനം ചലച്ചിത്രങ്ങളാണ്.

ചലച്ചിത്രാസ്വാദന നിലവാരം ഉയർത്തുന്നതിൽ സിനിമാ പ്രദർശനങ്ങളോടൊപ്പംതന്നെ ക്യാമ്പുകൾക്കും പങ്കുണ്ടെന്ന് മനസ്സിലാക്കി ഒരു സാഹിത്യ-ചലച്ചിത്ര ക്യാമ്പ് സംഘടിപ്പിക്കുന്നതിന് സിനി ക്ലബ്ബ് മുൻകൈ എടുക്കുകയുണ്ടായി. 'ന്യൂസ്‌പേപ്പർ ബോയ്' യിലൂടെ മലയാള സിനിമാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പി. രാമദാസ്, പ്രസിദ്ധ അഭിനേതാവായ എം. എസ്സ്. നമ്പൂതിരി, തിരക്കഥാകൃത്ത് വിജയൻ കാരോട്ട്, ഫിലിം ക്രിട്ടിക് കുര്യൻ പാമ്പാടി, ഐസക് തോമസ്സ്, വൈക്കം ചന്ദ്രശേഖരൻ നായർ തുടങ്ങിയ ചലച്ചിത്രത്തിൻെറ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരെ ക്യാമ്പിന് അണിനിരത്തുവാൻ സിനി ക്ലബ്ബിന് കഴിഞ്ഞു. ഇതുവഴി മുന്നൂറോളംപേർ പങ്കെടുത്ത ഈ ക്യാമ്പിൽ സിനിമയുടെ സാങ്കേതികവശങ്ങളെക്കുറിച്ചും ആസ്വാദന രീതിയെക്കുറിച്ചും വ്യക്തമായ ഒരു ധാരണ രൂപപ്പെടുത്തുവാൻ കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

സെക്രട്ടറി
പ്രിയദാസ് ജി. മംഗലത്ത്.

# മലയാളം അസോസിയേഷൻ റിപ്പോർട്ടു്

പ്രവർത്തനനിരതമായിരുന്ന ഒരു വർഷത്തേക്കു് തിരിഞ്ഞുനോക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടും മലയാളം അസോസിയേഷന്റെ റിപ്പോർട്ടു് സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു.

വിമർശാവരേണ്യനായ പ്രൊഫ: എം. കൃഷ്ണൻ നായർ ഭാഷാകവിതയെ സമഗ്രമായി വിലയിരുത്തിക്കൊണ്ടു് നടത്തിയ പ്രഭാഷണം അസ്സോസിയേഷന്റെ ഔപചാരിക പ്രവർത്തനങ്ങൾക്കു് നാന്ദി കുറിച്ചു.

നാട്ടിൻപുറത്തിന്റെ നന്മയും സൗന്ദര്യവും ഓളം തല്ലുന്ന നാടൻ പാട്ടുകളുടെ കമനീയ കാന്തി ശ്രീ. സി. ഗോവിന്ദപ്പിള്ള അനാവരണം ചെയ്തു. നാടകകൃത്തിന്റെ ശില്പശാലയുടെ വാതിൽ 'സമസ്യാ' കർത്താവായ കെ. എസ്സ്. നമ്പൂതിരി മലക്കെ തുറന്നു. തത്സന്ദർഭത്തിൽ ശ്രീ. ഏ. പി. പി.-യും ജി. ശങ്കരപ്പിള്ളയും അഭിനയം, സാഹിത്യം, അർത്ഥപൂർണ്ണമായ നാടകവേദി എന്നീ വിഷയങ്ങളെ അധികരിച്ചു് സംസാരിച്ചു. പ്രൊഫ: സി. എൽ. ആന്റണി ഏകാഗ്രമായ മനസ്സും അന്വേഷണ ബുദ്ധിയും കൈമുതലായുണ്ടെങ്കിൽ വ്യാകരണത്തിന്റെ മരുഭൂമിയിലും മലർവാടികൾ ആരചിക്കാമെന്നു് സമർത്ഥിച്ചു. അസോസിയേഷന്റെ സമാപനസമ്മേളനത്തിൽ വിശിഷ്ടാതിഥിയായിരുന്ന ഫാ: ജോൺ കുന്നപ്പള്ളി അലങ്കാര ശാസ്ത്രത്തെക്കുറിച്ചു് സംസാരിച്ചു.

വാരംതോറും മലയാളവിഭാഗം വിദ്യാർത്ഥികൾ പാഠ്യവിഷയങ്ങളെ മുൻനിർത്തി ചർച്ചകളും, സിംപോസിയങ്ങളും സംഘടിപ്പിച്ചിരുന്നു.

അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിച്ചുകൊണ്ടു്,

സെക്രട്ടറി,
വത്സ വർഗ്ഗീസ്.

best compliments from

M/s. PADINJAREKKARA AGENCIES LTD.
KODYMATHA : KOTTAYAM

annual - 1976-'77 u. c. college, alwaye-2, kerala.
printed at suraj printers, chengamanad - 683 578
blocks: 'arts bureau, ernakulam'
cover : venu. v.

app:

# നാഷണൽ സർവ്വീസ് സ്കീം പ്രവർത്തന റിപ്പോർട്ട്

തികച്ചും പ്രവർത്തന നിരതമായിരുന്ന കഴിഞ്ഞ വർഷത്തെ റിപ്പോർട്ട് അഭിമാനത്തോടെ നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. 'സാമൂഹ്യ സേവനത്തിലൂടെ വിദ്യാഭ്യാസം' എന്ന ലക്ഷ്യം അക്ഷരംപ്രതി പാലിച്ചുകൊണ്ടുള്ള N. S. S. വാളണ്ടിയർമാരുടെ പ്രവർത്തനം സകലരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ടെന്ന് അഭിമാനത്തോടെ അനുസ്മരിക്കട്ടെ. നെടുവന്നൂരിൽ സംഘടിപ്പിച്ച പത്തു ദിവസത്തെ പ്രവർത്തന ക്യാമ്പ് ആ ഗ്രാമനിവാസികളുടെ ചിരകാലാഭിലാഷമായ 'നല്ലൊരു റോഡിന്' കാര്യമായ ഒരു മുതൽക്കൂട്ടായിരുന്നു. പലയിനം വിത്തുകൾ വിതരണം ചെയ്യുക, ഔഷധങ്ങൾ വിതരണം ചെയ്യുക, വൈദ്യ സഹായ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യകരമായ ചർച്ചകൾ സംഘടിപ്പിക്കുക, സാമൂഹ്യാവശ്യങ്ങൾക്കുവേണ്ടി കായികമായ ജോലികൾ ഏറ്റെടുത്ത് നടത്തുക, രക്തം ദാനം ചെയ്യുക, എന്നതെല്ലാം കഴിഞ്ഞ വർഷത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ചിലതാണ്. പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട്,

C. J. തോമസ്
പ്രോഗ്രാം ഓഫീസർ

ഷംസുദീൻ
സെക്രട്ടറി

★

---

thank you contributors

thank you advertisers

Magazine Committee



ANASWARA CHITHRA
PRESENTS

MANIMUZHAKKAM

(winner of president's award
for the best picture
for the year 1976)

DIRECTION
P.A. BACKER

PRODUCER
THOMAS



COLLEGE TEAM — ATHLETICS

BASKET BALL TEAM — (Men)



Ashraf Hassan



Ace cricketer

Stellamma jose



College Champion

Raphael



College Champion

BASKET - BALL TEAM (Women)





COLLEGE TEAM CAPTAINS

HOCKEY TEAM (Women)



VOLLEY BALL TEAM (Men)





SHUTTLE - BADMINTON TEAM (Women)



BALL - BADMINTON TEAM (Men)



TABLE - TENNIS TEAMS



Rani Mathew
member, university hockey team



Sunil C. Jacob
south zone player (basket ball)

CRICKET TEAM zone runners up



FOOT BALL TEAM





Uma Rani
member, university
tennis team



the man against superstitions

Dr. A. T. Kovoor
at our College

TENNIS TEAM (Women



Sheraffuddin



Jacob P. P.



Venugopal



Jamaludeen



OUR SENIOR UNDER OFFICERS

N. C C.



Sunny



Salim K. E.



attended the camp at Shillong

A start to conquer Cape Comorin by cycle (N. C. C. Cadets)



# हिन्दी- विभाग

# कवि-विमर्षण

**Vandana Halbe**
Class I (Psycology)

फूलों के पराग में,
भौरों के राग में,
प्रेम–दग्ध दिल की आग में,
चातक के अनुराग में,
मैंने देखा–
विचरण करता एक कवि-हृदय।
विस्तृत अम्बर की राहों में,
प्रेमी की चाहों में,
विरहिनियों की आहों में,
कृष्ण-वस्त्र परिधान रात्री की
साँवली बाहों में,
मैंने देखा–
विचरण करता एक कवि–हृदय।
मैंने उसे भूपर बुलाकर
दिखलाया भवसागर।
वस्त्रहीन नरकंकाल
भूख से अकुलाते उनके बाल,,
जाड़े से ठिठुरती हुई
अर्धनग्न नारियाँ,
रोटी के लिये देह बेचती
लाचार युवतियाँ।
भ्रष्टाचार में निमग्न
देश के नेतागण,
विद्यालयों को भस्म करते
हमारे विद्यार्थीगण।
क्यों नहीं कोई कवि–हृदय
इस धधकती आग से जलता ?
क्यों नही कोई हमें
ऐसे विनाश से बचाता ?

# प्रणय गाथा

**Vandana Halbe**
Class I (Psyclology)

रात्रि के रम्य वातावरण में
राका ने फैली हैं अपनी बाहें–
शशि के चारों ओर।
सितारे हँसते हैं–
निशा-चाँद की
अलौकिक प्रणय क्रीड़ा को देखकर।
और इस पृथ्वी पर–
कई रमणियाँ
प्रियतम की बाहों में
निःशब्द वातावरण में
व्यग्र हैं प्रणय-क्रीड़ा में।
पर वह विरहाकुल कामिनी–
भग्न हृदय से,
अश्रुपूर्ण नेत्रों से,
देखती है चांद की ओर।
सभी प्रणयीजन
अपूर्व प्रेम की मस्ती में
भूल जाते हैं सब कुछ।
पर दूसरे दिन-
सूर्य की सन्तप्त किरणों में–
अस्त होता है चन्द्रमा
डूबती रात्रि
यही है अलौकिक प्रणयिनों की कथा
और विरहिनियों की भी।
खो जाती है रात्रि की रम्यता
उगता है फिर वही नीरस दिन।

# एकता

**Augstine Paul M. C.**
Class II Chem.

इतिहास के पन्नों को,
उलटकर जरा देखो।
जब भी हम एकत्रित थे,
हम ही सबके आगे थे।

चींटियों को देखते हो ?
देखो, वे कितने छोटे हैं।
मगर डरते वे किसीसे नहीं,
क्योंकि वे हैं सदा एकत्रित।

समय ऐसा भी एक था।
जब हिन्दू और मुसलमान
मरते थे, आपस में कटकर।
फायदा यह हुआ कि आजादी खो गयी।

फिलहाल में भी हुआ यही
कि राजनैतिक हलचल मच गया।
देश बिलकुल चौपट होता।
मगर आपात काल ने हमें बचा लिया।

रोम में भी हुआ यही।
पाकिस्तान का भी हाल वही।
रोम के यश का सर्वनाश हुआ।
पाकिस्तान दो टुकडों में गया।

देखो, मेरे साथियों, अगर तुम चाहते हो,
निज आस्तित्व और निरन्तर प्रगति।
तो सदा एकत्रित रहो, क्योंकि,
एकता ही मंत्र है प्रगति का।

# एक और रिश्ता

स्कूलों की छुट्टिया हो चुकी हैं। नीशा आफिस में बैठी काम कर रही थी। कुछ व्यक्ति अपने बच्चों के साथ बाहर बेंच पर बैठे वे अपने बच्चों को किसी कक्षा में दाखिल कराना चाहते हैं। नीशा इस स्कूल की प्रिंसिपल है। स्कूल का सारा काम वह बडी लगन से करती है। स्कूल के पास एक किराए के मकान में वह रहती है। नीशा गुलाब फूल को बहुत पसन्द करती है। इसलिए रोज उसका माली गुलाब फूलों का एक गुलदस्ता उसकी मेज पर सजा देता है। कभी नीशा उन फूलों को एकटक निहारा करती है और कभी–कभी आवेश में आकर उन्हें सीने से लगा लेती है, और मन की पीड़ा शांत करने का प्रयास करती है।

अचानक वह बहार देखने लगी तो चौंक पड़ी। एक आदमी एक खूबसूरत बच्चे की उगंली पकडे, मुसकराते हुए बेंच पर आ बैठा। नीशा को वह अदमी कुछ जान-पहचान जैसे लगा। वही रूप, वही रंग, वही शरीर, वही बाल, वही नशीली आँखे...नही...नही...यह तो हो नही सकता। क्या...यह मेरा पति रमेश है क्या? क्या इन्होंने दूसरी शादी कर ली? उसने मेरा-जरा भी खायाल नहीं किया, एक बार भी मेरा पता नहीं लगाया? मै कहाँ हूँ, किधर गई......नीशा की अंतरात्मा चीख उठी उसका सिर चकरा गया और बेचैनी से वह गुलाब पकड़लिए अपनी दोनों हथेलियों से उन्हें मसल दिया।

"ओह रमेश! तुम इतना बदल जाओगे, मैं ने नही सोचा था। रमेश......तुम दूसरी शादी कर ली, पुरुष कितने निर्दयी, कितने निर्मोही......।" रमेश मैं अभी तक तेरी पुजा कर रही थी तुम्हें अपना मन का देवता मानती थी, सोचती थी तुम भी मुझे याद करते होंगे, मुझे ढूंढ़ने का प्रयास करते होंगे......पर नहीं रमेश तुम ने मेरे भ्रम को झुठला दिया नीशा को अपनी बीती जिन्दगी याद आने लगी।

वह दुलहिन बनकर रमेश के घर गई थी कितनी खुशी थी उधर, रमेश की मां उसका कितना ख्याल रखती थी रमेश कभी भी उस का दिल नहीं दुखाता था। वे दोनों कितने खुश थे। इसी तरम हँसते हुए चार साल बीत गए। लेकिन एक दिन उसकी जिन्दगी में तुफान आ गए। जब डाक्टरी जाँच से पता चला कि नीशा मां नही बन सकती। उसका दिल डूबने लगा। रमेश को उस से कोई शिकायत न थी। पर रमेश की माँ के ताने उस के सीने में उतरने लगते रमेश ने सलाह दी कि अनाथालय से किस बच्चे को गोद ले लेंगे। पर उसे पसंद न था। एक दिन मां ने कहा कि रमेश की वह दूसरी शादी कराना चाहती है और कहा कि रमेश ने मुझ से ऐसा कहने को कहा है। यह

सुन कर नीशा का रक्त एक दम बर्फ बन गया। उसकी आंखें स्थिर हो गईं। यह बात उसने स्वप्न में भी नही सोची थी। उसने स्वयम रमेश की जिन्दगी से दूर जाने का प्रबंध कर लिया। वह उस शहर को छोड़कर रमेश से मिले बिना यहाँ आ गई। इस स्कूल के कार्य में ही उसने अपनी जिन्दगी को अर्पित किया। यहाँ अपने घाव को भरने का प्रयास करने लगी। पर उसके मन की व्याकुलता चाहने पर भी समाप्त न होती। उसे याद आती वे चांदनी रातें जब रमेश बेले के गजरों वा गुलाबों से उसका मनुहार किया करता था। अचानक नीशा रुक गयी। उसका ध्यान रमेश की दूसरी पत्नी पर गया। वह बहुत सुन्दर होगी, तभी तो रमेश मुझे भूल गया, रमेश उससे बहुत प्यार करता होगा......ठीक वैसे ही जैसे मुझ से करता था। वह सोच रही थी......। तभी उसने देखा कि रमेश चीख कर उस से अंदर आनें को कह रहा है, और ज्यों ही खयालों के बोझ से दबे चेहरे को उसने ऊपर उठाया तो रमेश भी चौंका जैसे सोते हुए जाग पड़ा हो......और कांपते कांपते शब्दों में बोला नीशा......तुम यहां कैसे? मुझे तो अपनी आंखों पर विश्वास नहीं हो रहा है। नीशा......ओह मेरी नीशा......तुम जिन्दा हो मैं......मैं कितना खुश हूं आज। तुम...तुम बोली क्यों नहीं नीशा......तुम मुझे छोड़ कर क्यों चली गई। देखो मेरी क्या हालत हो गई तुम्हारे बिना......"।

नीशा एक क्षण उसे देखती रही और फिर दृढ शब्दों में बोली। आप किसी प्रिंसिपल से बात करने की तमीज नही जानते हैं तो पहले बात करने की तमीज सीख कर आइए, फिर मुझ से बात कीजिए।

नीशा......तुम ने मुझे पहचाना नही, मैं रमेश हूँ......तुम्हारा पति......रमेश भर्राए गले से बोला......। पहचानती क्यो नही? जब तुम ने मेरे स्कूल में कदम रखा तो न चाहते हुए भी मजबूरन मुझे पहचानना पड़ा। नीशा का स्वर लड़खडा गया। लाख चाहने पर भी वह अपनी पीडा को छिपा नही सकी। उस की आंखों में आँसु झिलमिलाने लगे। नीशा मैं ने तो कभी तुम्हारा अपमान नही किया। हां मां ने चाहे इस विषय में तुम्हें कुछ ताने दिए हो पर नीशा मेरा क्या दोष था? तुम ने मुझे सजा दी, नीशा......रमेश बोल भी नही पाया कि नीशा बोल उठी "तो क्या तुम ने दुसरी शादी नही की"? रमेश आश्चर्य से उसकी ओर देखता रह गया "क्या तुम्हें अब यकीन नही"।

"फिर वह बच्चा" नीशा बोली। ओह, नीशा तुम्हारे जाते ही मैं इसे अनाथाश्रम से ले आया था। माँ ने बहुत जिद की दूसरी शादी केलिए पर नीशा तुम्हारे होते मैं दूसरी शादी कैसे कर सकता था? मैं ने कहाँ कहाँ तलाश नही की तेरी! पर तुम्हारा कुछ पता ही नही चला। नीशा उसको एकटक देखती रही..."तुम ऐसे क्या देख रही हो" रमेश उसकी ओर देखते हुए बोला।

"मुझे मेरे बेटे से मिलायेगा कि नही" नीशा बोली "ओह मै भूल गयी" ओर बेटे को पुकारा......।

राजु उछलता हुआ अंदर आया और एकदम आया और बोलने लगा "पापा कितनी देर हो गई मुझे छोडकर आए हुए" तभी नीशा ने उसको अपनी बांहों में भर लिया......वर्षो की प्यास बुझाने केलिए......। नीशा यों प्रसन्न हुई जैसे धूप और लू से तपी धरती पर सावन आ गया हो–हरा भरा-उमड़ता घुमड़ता सावन... ...उस सावन में है रमेश......नीशा......और राजू :

**Santhamma C. P.**
Sr. P. D. C. Group III

# 'दूध जलता है, पानी पलने के बाद'

रंजित एन. एस.
क्लास एक केमिस्ट्री

'दूध जलता है, पानी पलने के बाद।
आदमी जलता है; गलती करने के बाद ।।'

बरसात आती है; हवा बहने के बाद।
नदी बहती हैं; पानी बरसने के बाद ।।

'फीनिक्स' मरता है: आग बनने के बाद।
मानव मरता है; कुछ न करने के बाद ।।

पक्षी उडता है; पंख आने के बाद।
आदमी उडता है; धन पाने के बाद ।।

फल मिलता है; काम करने के बाद।
मुक्ति मिलती है; मर जाने के बाद ।।

साथी जाता है; धन जाने के बाद।
कुत्ता भूंकता है; मालिक मरने के बाद ।।

पत्ता गिरता है; सर्दी आने के बाद।
झोंपडी गिरती है; अट्टालिका देखने के बाद ।।

बस चलता है; पट्रोल पीने के बाद।
गरीब चलता है; पानी पीने के बाद ।।

रात जाती है; सूरज आने के बाद।
घमंड जाता है; ज्ञान आने के बाद ।।

दिन जाता है कुछ न करने के बाद।
मैं जाता हूँ कुछ करने के बाद ।।

# हिन्दी भाषा पर अन्य भाषाओं का प्रभाव

हिन्दी भाषा का इतिहास अनेक राजनीतिक और सामाजिक क्रान्तियों एवं उथल-पुथल के बीच में गुजरनेवाला इतिहास है। उसका जन्म ही उस समय हुआ जब देश संक्रांति-काल से गुजर रहा था; जिस भूभाग में वह बोली है, वह भी देश का हृदय-प्रदेश रहा है, जहाँ सर्वाधिक राजनीतिक, सामाजिक एवं सांस्कृतिक उथल-पुथल हुई है अतः उसमें परिवर्तन होना स्वाभाविक था। विदेशी आक्रान्ताओं की लोलुप दृष्टि इस उर्वर भूमि के वैभव पर सदा रही, उन्होंने इस पर आक्रमण किया और इसकी संस्कृति, धर्म, भाषा आदि को भी प्रभावित किया।

हिन्दी की परम्परा भी अत्यन्त प्राचीन है। वह भारत की प्राचीनतम आर्यभाषा संस्कृत कि पौत्री है। साथ ही हिन्दी भाषा आरम्भ से ही संपूर्ण देश के विविध भागों के बीच विनिमय की भाषा रही है। भाषा के मुख्यतः तीन अंग होते हैं–ध्वनि–समूह, शब्द समूह और वाक्य। भाषा एकान्त में विकसित होनेवाली वस्तु नहीं है। उसका निर्माण ही विचार–विनिमय केलिए होता है जब सभ्यता का विकास होता जाता है, तब भाषा में भी विकास होता जाता है। यह विकास भाषा के सभी अंगों पर दृष्टिगत होता है।

कहा जाता है कि पुराने जमाने में साधु-सन्तों ने भी उसी को अपनाया और जहाँ भी वे लोग बातें करते थे, इसी भाषा को अपनाते थे। ऐसी स्थिति में हिन्दी का देश की अन्य भाषाओं द्राविड़ परिवार आग्नेय परिवार तथा आर्य परिवार की भषाओं से प्रभावित होना स्वाभाविक था। विदेशी शासकों और उनकी भाषाओं ने भी उसे प्रभावित किया है।

सुविधा केलिए हम हिन्दी पर, पडे हुए अन्य भाषाओं के प्रभावों को चार अंगों में बाँट सकते है। हिन्दी शब्द-समूह पर दृष्टिपात करने से ज्ञात होता है कि उसमें चार प्रकार के शब्द पाये जाते है।

ये–1, प्राचीन भारतीय आर्यभाषा संस्कृत के शब्द, आधुनिक भारतीय आर्य-भाषाओं के शब्द, भारत के ही द्राविड़ आग्नेय परिवार की भाषाओं के शब्द, विदेशी भाषाओं के शब्द। हिन्दी में कुछ शब्द संस्कृत से ग्रहण कर लिये गए हैं। इन्हें तत्सम शब्द कहलाते है। तद्भव शब्द जन-बोलियों में अधिक पाये जाते हैं, साहित्यक हिन्दी में कम है। जो शब्द आधुनिक काल में विकृत हुए हैं, ये शब्द संस्कृत शब्दों से बिगाड कर अभी बनाए गए है और अर्ध तत्सम शब्द कहते हैं। आधुनिक भारतीय आर्य-भाषाओं

पंजाबी, बंगला, गुजराती, मराठी आदि से आये हुए हिन्दी शब्दों की संख्या बहुत कम है पर हिन्दी का सम्पर्क इन भाषाओं से बढ़ रहा है और राष्ट्र-भाषा होने के नाते आदान-प्रदान की प्रवृत्ति पर बल दिया जा रहा है। फिर भी हिन्दी ने निम्न शब्द इन भाषाओं से ग्रहण किये है। गुजराती से हड़ताल, गरवा, बंगाल से उपन्यास, कविराज, मराठी से पटेल, चालू, पंजाबी से छोले आदि शब्दों को स्वीकार करते हैं। अनार्य भारतीय भाषाओं से गृहीत-शब्द हैं नीर, पट्टन, पिल्ला मुण्डा आदि शब्द।

विदेशी भाषाओं का उस पर प्रभाव पड़ना स्वाभाविक ही है। इन शब्दों को हम दो मुख्य वर्गों में रख सकते हैं। राजनीतिक परिस्थितियों ने हिन्दी भाषा को पर्याप्त प्रभावित किया। विदेशी आक्रांताओं ने अपने राज्य विस्तृति के साथ साथ भाषा के प्रचार करने का प्रयत्न किया। इन विदेशी भाषाओं का प्रभाव हिन्दी शब्द समूह पर पड़ा। ये भाषायें फारसी, अरबी, तुर्की और पश्तो थीं। यूरोपीय भाषाओं में अंग्रेजी का प्रभाव हिन्दी पर पड़ा था। डच भाषा ने हिन्दी को अधिक प्रभावित नहीं किया। विदेशी शब्द-समूह तथा शब्द रचना के अतिरिक्त विदेशी ध्वनियों ने भी हिन्दी में स्थान पा लिया है। मुसलमानी सम्पर्क के कारण ही हिन्दी में 'क़, ख़, ग़, ज़, फ़ आदि महाप्राण ध्वनियाँ आई हैं।

अंग्रेजी भाषा के अनेक शब्द हिन्दी में भी प्रयोग करता है। गर्भ–वाक्यों का प्रयोग अंग्रेजी के प्रभाव से ही हिन्दी में हुआ है। हमें ध्यान केवल यह रखना है कि विदेशी और स्वदेशी, कोई भी भाषा विशुद्ध नहीं होती। उसमें सम्पर्क के कारण अन्य भाषाओं के शब्द, ध्वनियों, शब्द-रूप और वाक्य–विन्यास का प्रभाव आना स्वाभाविक ही है। हर्ष का विषय है कि हिन्दी ने इस विलीनीकरण पर पर्याप्त ध्यान दिया है और हर क्षेत्र में वह अनावश्यक प्रभाव या विदेशीपन के अतिरेक से मुक्त रह सकी है।



YOUR "PRINCIPAL" GROWS WITH US.
WHEN YOU DEPOSIT WITH FEDERAL BANK.

YOUR "PRINCIPAL" GROWS WITH US TO SUMS
FAR BEYOND YOUR GUESS.

WE HAVE A VARIETY OF SCHEMES THAT CATER
TO VARIED TASTES AND DREAMS.

TO SUIT YOUR PURSE AND PURPOSE BANK WITH
YOUR OWN BANK.

FOR FURTHER DETAILS PLEASE CONTACT ANYONE
OF OUR 251 BRANCHES ALL OVER INDIA.

# THE FEDERAL BANK

**REGISTERED OFFICE : ALWAYE**

[illegible]
[illegible]